VOL NO: 05 | ISSUE 04
www.nerpatham.com
mail@nerpatham.com

2021 JANUARY 23 | ₹12

# നേർപഥം
വാരിക



# ഹലാൽ വിവാദം: പശുരാഷ്ട്രീയത്തിന്റെ പുതിയ മുഖമോ?

മലയാളിയുടെ വിവേചനബുദ്ധിയെയും സാംസ്കാരിക ഔന്നത്യത്തെയും പരിഹസിച്ചുകൊണ്ടാണ് സംഘപരിവാര സംഘടനകൾ 'ഹലാൽ' ഭക്ഷണ വിവാദം കേരളത്തിലേക്ക് ഇറക്കുമതി ചെയ്തിരിക്കുന്നത്. താഴ്ന്ന ജാതിക്കാരുടെ ഭക്ഷണം കഴിക്കാൻ വിസമ്മതിക്കുന്ന ബ്രാഹ്മണിക് അയിത്തബോധത്തിന്റെ കേരളീയ വകഭേദം തന്നെയാണിതെന്ന കാര്യത്തിൽ പക്ഷാന്തരമില്ല.

- **യുക്തി തൊട്ടുതീണ്ടാത്ത യുക്തിവാദികൾ**

**സ്റ്റാറ്റസ് ആക്കാനുള്ള ആ വിരൽ..**

**ഭക്ഷണം; ഹലാലും ഹറാമും, ഒരു പഠനം**

**സ്ത്രീകൾ മതപരമായ അറിവു നേടുന്നതിന്റെ ആവശ്യകത**

# മാനസിക സമ്മർദങ്ങൾക്ക് സ്നേഹ സാന്ത്വനം

WISDOM YOUTH

WISDOM HEALTHCARE

wisdomyouth

---

# WISDOM alive

## COUNSELLING DESK

**കൊറന്റൈൻ ചെയ്യപ്പെട്ടവർക്ക് സമാശ്വാസം**

- മാനസിക ശാരീരിക പ്രതിസന്ധികൾക്ക് പരിഹാരം
- വിളിക്കേണ്ട സമയം : 9 AM to 5 PM
- വിദഗ്ദ്ധ ഡോക്ടർമാർ, മാനസികരോഗ വിദഗ്ദ്ധർ, ഫാമിലി കൗൺസിലർമാർ, പണ്ഡിതൻമാർ തുടങ്ങിയവരുടെ സേവനം.

TRIVANDRUM: +919961607451, +919747393614, +91 9526524467, +91 9846111569, +919846111569

KOLLAM: +919847115662, +919496328778, +91 9846843174, +91 79077 76442, +91 94474 37338, +91 9947802460, +91 9961493999

ALAPPUZHA: +919996310518, +918943464478, +91 7593944659, +91 95394 22947

IDUKKI: +919946545193, +9199950 25976, +9197462 36553, +9190376 40858

ERNAKULAM: +917902470463, +91082898 80889, +9195445 00993, +9198460 45037, +9199463 48085, +9195441 36813, +9198462 54531

THRISSUR: +919446737160, +919961037934, +919946222282, +917510580834, +9198958130490, +916282230820

PALAKKAD: +919847939173, +919656118833, +919447623139, +919995222000, +919847748685, +919495467259

MALAPPURAM WEST: +919895953579, +919037159419, +917012095123, +919744229447, +919656533301

MALAPPURAM NORTH: +919946199288, +91 90379 29121, +919495889689, +916282276726, +917012803394, +919947298978

MALAPPURAM EAST: +919447749005, +91 9747600123, +91 9995662305, +91 9446993783, +919446243017, +919544712061

KOZHIKODE NORTH: +919895626691, +919961037934, +919567858078, +919847536497, +919995222000, +919400875558, +919447543832

KOZHIKODE SOUTH: +919895356111, +918547853036, +91 9447753369, +919895311428, +919746560146

WAYANAD: +91 94469 90991, +91 99612 84586, +91 97448 80711, +91 99612 15816, +91 96569 85505

KANNUR: +91 95676 21604, +91 98473 85524, +91 99951 81788, +919567678026, +968 9187 2007, +91 94474 11307, +919746559284

KASARAGOD: +919526749667, +919656322000, +919745438099, +918075011566, +917012577245

Wisdom Islamic Youth Organization, CV Complex, PV Swami Road - Calicut

# 0210
# നേർപഥം
വാരിക

2021 ജനുവരി 23
1442 ജുമാദൽ ആഖിറ 10
പുസ്തകം 05 /ലക്കം 04

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly









05
**മുഖമൊഴി**
യുക്തി തൊട്ടുതീണ്ടാത്ത യുക്തിവാദികൾ
എഡിറ്റർ

10
**ഹലാൽ വിവാദം: പശുരാഷ്ട്രീയത്തിന്റെ പുതിയ മുഖമോ?**
മുജീബ് ഒട്ടുമ്മൽ

06
**കാഴ്ച**
സ്റ്റാറ്റസ് ആക്കാനുള്ള ആ വിരൽ...
സലാം സുറുമ എടത്തനാട്ടുകര

09
**ജാലകം**
ഒരു മാറ്റത്തിന്റെ കഥ
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

16
**ക്വുർആൻ ദർശനം**
സൂറഃ ക്വദ് സമിഅല്ലാഹു
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

18
**വിവർത്തനം**
സ്ത്രീകൾ മതപരമായ അറിവു നേടുന്നതിന്റെ ആവശ്യകത
ശൈഖ് ഇബ്‌റാഹീം ബിൻ അബ്ദില്ല
വിവ: ഫായിസ് ബിൻ മഹ്മൂദ് അൽഹികമി

21
**അനുഭവം**
ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം
പി.എൻ സോമൻ

26
**ലേഖനം**
ഭക്ഷണം: ഹലാലും ഹറാമും, ഒരു പഠനം
ശമീർ മുണ്ടേരി

30
**ചരിത്രപഥം**
സുസമ്മതനായ മധ്യസ്ഥൻ
ഹുസൈൻ സലഫി, ഷാർജ

34
**ബാലപഥം**
മാതൃകയാവുക / 34
ഉസ്മാൻ പാലക്കാഴി

ചലനങ്ങൾ

# രാജ്യസുരക്ഷ ഭീഷണിയിൽ: ഒറ്റുകാരെ തുറുങ്കിലടയ്ക്കണം: വിസ്ഡം യൂത്ത്

കോഴിക്കോട്: നാൽപത് ധീര ജവാൻമാരെ കുരുതികൊടുത്ത പുൽവാമ, ബാലാക്കോട്ട് ആക്രമണങ്ങളെ കുറിച്ച് മുൻകൂട്ടി അറിഞ്ഞിട്ടും രാജ്യരക്ഷയെ ഓർത്ത് അധികാരികളെ അറിയിക്കാതെ വിവരം പൂഴ്ത്തിവെച്ച റിപ്പബ്ലിക് ടി.വി എഡിറ്റർ അർണബ് ഗോസ്വാമിയെ രാജ്യദ്രോഹ കുറ്റത്തിന് തുറുങ്കിലടക്കണമെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു.

ബാർക് സി.ഇ.ഒ പാർഥോ ദാസ് ഗുപ്തയുമായുള്ള അർണാബ് ഗോസ്വാമിയുടെ ചാറ്റുകളിൽ ആക്രമണം മുൻകൂട്ടി അറിഞ്ഞവരിൽ ഭരണത്തിലിരിക്കുന്നവരുമുണ്ടെന്ന സൂചനയുണ്ട്. ചാറ്റിങ്ങിലെ എ.എസ് എന്നത് അമിത് ഷായാണെന്ന ബലമായ സംശയമുണ്ട്.

ശത്രുരാജ്യങ്ങൾക്ക് ഒറ്റിക്കൊടുക്കുന്ന രാജ്യദ്രോഹികളുടെ കരങ്ങളിലാണ് രാജ്യത്തിന്റെ സുരക്ഷാ ചുമതലയുള്ളതെന്നത് ആശങ്കയുണ്ടാക്കുന്നവയാണ്.

അധികാരത്തിന്റെ ദുരമൂത്ത് സ്വന്തം രാജ്യം തന്നെ നശിപ്പിക്കാൻ ഇറങ്ങിപ്പുറപ്പെട്ടവർക്കെതിരെ പൗരബോധമുണരണമെന്നും അത്തരം ആളുകളെ അധികാരത്തിൽ നിന്ന് ഭ്രഷ്ട് കൽപിക്കണമെന്നും വിസ്ഡം യൂത്ത് ആവശ്യപ്പെട്ടു.

സാമുദായിക ധ്രുവീകരണത്തിനായി പുതിയ വിവാദങ്ങളുണ്ടാക്കുകയും ഇതര മതസ്ഥരുടെ പേരുകൾ വ്യാപകമായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നവരെ സ്വൈര്യവിഹാരത്തിന് വിടുന്ന നടപടി എന്തായാലും ശരിയല്ല.

ഹലാൽ ഫുഡ് വിവാദമാക്കുന്നവരുടെ ഒളിയജണ്ടയെ തിരിച്ചറിയാനുള്ള വിവേകമുണ്ടാകണം.

രാജ്യദ്രോഹ കുറ്റം ചുമത്തുന്നത് ഒരു സമുദായത്തിന് മാത്രം സംവരണമാക്കിയ പോലെയാണ് നിലവിലെ വിവാദങ്ങൾക്ക് നേതൃത്വം നൽകുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കാതിരിക്കുന്നതിൽ നിന്ന് മനസ്സിലാകുന്നത്.

അധികാരികളുടെ നിസ്സംഗതയിൽ സംശയമുണ്ടെന്നും ഈ ചിറ്റമ്മ നയം അവസാനിപ്പിക്കാൻ അധികാരികൾ തയ്യാറാകണമെന്നും വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു.

സംസ്ഥാന പ്രസിഡന്റ് കെ.സി ഹാരിസ് മദനി കായക്കൊടി അധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി കെ. താജുദ്ദീൻ സ്വലാഹി, മുജീബ് ഒട്ടുമ്മൽ, ഡോ.പി.പി നസീഫ്, ഒ മുഹമ്മദ് അൻവർ, അബ്ദുല്ല ഫാസിൽ, യു മുഹമ്മദ് മദനി, പി.വി.എ പ്രിംറോസ്, ടി.കെ നിഷാദ് സലഫി, ഡോ.ഫസലുറഹ്മാൻ, ജംഷീർ സ്വലാഹി പ്രസംഗിച്ചു.

## ക്വുർആൻ സാഹോദര്യം ഉൽഘോഷിക്കുന്ന ഗ്രന്ഥം: വിസ്ഡം യൂത്ത്

നിലമ്പൂർ: വിശുദ്ധ ക്വുർആൻ മാനവർക്കിടയിൽ സാഹോദര്യത്തിന്റെയും സൗഹാർദത്തിന്റെയും പാഠങ്ങൾ ഉൽഘോഷിക്കുന്ന ഗ്രന്ഥമാണെന്ന് വിസ്ഡം യൂത്ത് മലപ്പുറം ഈസ്റ്റ് ജില്ലാ സമിതി സംഘടിപ്പിച്ച ക്വു.എച്ച്.എൽ.എസ് ഫാക്വൽറ്റി മീറ്റ് അഭിപ്രായപ്പെട്ടു.

ജീവിത വിശുദ്ധിക്കായി ക്വുർആൻ നൽകുന്ന അധ്യാപനങ്ങളിൽ നിന്ന് ചില പദങ്ങൾ അടർത്തിമാറ്റി ദുർവ്യാഖ്യാനം ചെയ്ത് ധ്രുവീകരണ പ്രവർത്തനങ്ങൾക്കായി ദുരുപയോഗം ചെയ്യുന്ന ഇരുട്ടിന്റെ ശക്തികളെ തിരിച്ചറിയേണ്ടതുണ്ട്.

ഹലാൽ വിവാദം സാമൂഹിക ധ്രുവീകരണത്തിനും ഇസ്‌ലാമോഫോബിയയുടെ പ്രചാരണത്തിനും വേണ്ടി അഭിനവ ഫാസിസ്റ്റുകൾ ഉണ്ടാക്കിയതാണെന്ന തിരിച്ചറിവുണ്ടാകണം.

ഇസ്‌ലാം പേടിയുടെ പ്രചാരണമാണ് മുസ്‌ലിംകൾ പിന്നാക്കം പോകാൻ കാരണമെന്ന സച്ചാർ കമ്മീഷന്റെ വിലയിരുത്തൽ യാഥാർഥ്യമാണെന്ന് കൂടുതൽ ബോധ്യപ്പെടുകയാണ്.

വിശുദ്ധ ക്വുർആൻ മാനവരാശിയുടെ ജീവിതത്തിന്റെ സർവതലസ്പർശിയായ ഗ്രന്ഥമാണെന്നും മുൻവിധിയില്ലാതെ വായിക്കാൻ എല്ലാവരും തയ്യാറാകണമെന്നും സംഗമം അഭിപ്രായപ്പെട്ടു. ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, സെക്രട്ടറി പ്രൊഫ. ഹാരിസ്ബിൻ സലീം, വിസ്ഡം യൂത്ത് പ്രസിഡന്റ് കെ.സി ഹാരിസ് മദനി കായക്കൊടി, ജനറൽ സെക്രട്ടറി കെ.താജുദ്ദീൻ സ്വലാഹി, ജംഷീർ സ്വലാഹി, എഞ്ചിനിയർ മിറാഷ് മുഹമ്മദ്, ഇർഷാദ് പറളി, ഹാഫിള് ഹിഷാം എന്നിവർ പ്രസംഗിച്ചു.

മുഖമൊഴി

# യുക്തി തൊട്ടുതീണ്ടാത്ത യുക്തിവാദികൾ

വിശുദ്ധഖുർആൻ ദൈവിക ഗ്രന്ഥമല്ലെന്നു ലോകത്തിനുമുന്നിൽ തെളിയിക്കാൻ ഒരുങ്ങിപ്പുറപ്പെട്ട് സംവാദത്തിനു വെല്ലുവിളിച്ച ഒരു മുസ്‌ലിംനാമധാരിയായ യുക്തിവാദിയും കൂട്ടാളികളും പരാജയത്തിന്റെ കൈപ്പുനീർ കുടിച്ചതിന്റെ അസ്‌കൃത ഇല്ലാതാക്കുവാൻ സാമൂഹ്യ മാധ്യമങ്ങളിൽ പലരെയും കൂട്ടുപിടിച്ച് വാചകക്കസർത്തുകൾ നടത്തിക്കൊണ്ടിരിക്കുകയാണിപ്പോൾ.

വാസ്തവത്തിൽ യുക്തിവാദികളുടെയെല്ലാം പൊതുസ്വഭാവമായി നാം കാണുന്നത് ഒരു മതത്തെയും മതപ്രമാണങ്ങളിൽ നിന്ന് അവർ മനസ്സിലാക്കുന്നില്ല എന്നതാണ്. മതത്തെ വിമർശിച്ച് പലരും എഴുതിയ വികലമായ ആശയങ്ങളാണ് അവർ മിക്കവാറും അവലംബിക്കാറുള്ളത്. ഇസ്‌ലാമിനെ വിമർശിക്കുവാൻ ക്രൈസ്തവ സാഹിത്യങ്ങളെയും സംഘപരിവാർ സാഹിത്യങ്ങളെയും ആശ്രയിക്കുന്ന വിധത്തിൽ യുക്തിവാദികളുടെ മതപഠനം തലതിരിഞ്ഞിരിക്കുന്നു എന്നു പറയാം. മതവിമർശനത്തിൽ മൂല്യാധിഷ്ഠിതമായ മാനദണ്ഡങ്ങളെക്കുറിച്ച് യുക്തിവാദികൾ ചിന്തിക്കുന്നില്ല. (യുക്തിവാദത്തിന്റെ ദൃഷ്ടിയിൽ എന്താണ് മൂല്യമെന്നത് വേറെ വിഷയം). മതത്തോടുള്ള നിസ്സംഗതയും അവഗണനയും മുൻധാരണയുമൊക്കെ അതൊരു ഗൗരവതരമായ പഠനവിഷയമേ അല്ല എന്നു ചിന്തിക്കുവാൻ ഇക്കൂട്ടരെ പ്രേരിപ്പിക്കുന്നുണ്ടാകാം. അതുകൊണ്ടുതന്നെ മനസ്സിലാക്കുക എന്ന ലക്ഷ്യത്തോടെ പഠിക്കാൻ ശ്രമിക്കാതെ, വിമർശിക്കുവാൻ പറ്റിയ ആശയങ്ങളും വചനങ്ങളും മാത്രം കണ്ടെത്തുവാൻ ശ്രമിക്കുന്നു. അതിനു പറ്റിയത് വിമർശകരുടെ കൃതികളാണല്ലോ.

ഏതെങ്കിലും ഒരു മതത്തിൽ ജനിച്ചുവളർന്ന വ്യക്തി ആ മതത്തെ ഒരു വിഷയത്തിൽ ഒന്നാമതായി പരിഗണിക്കുന്നുവെങ്കിൽ അതിന്റെ അർഥം അയാൾ ആ മതവും താനുമായുള്ള ബന്ധം അംഗീകരിക്കുന്നു എന്നാണല്ലോ. ഒരു മതപശ്ചാത്തലത്തിൽ ജനിച്ചുവളർന്ന വ്യക്തി യുക്തിവാദിയായി മാറുകയും വിമർശിക്കുന്നതിൽ ഒന്നാമതായി ആ മതത്തെതന്നെ തിരഞ്ഞെടുക്കുകയും ചെയ്യുന്നുവെങ്കിൽ അതിന്റെ അർഥം യുക്തിവാദിക്ക് ഒരു മതമുണ്ട് എന്ന് ഭാഗികമായി സമ്മതിക്കലല്ലേ?

തനിക്കൊരു മതമുണ്ട്; ആ മതത്തെ താൻ നിർബന്ധപൂർവം അവഗണിക്കുകയാണ്, വിമർശിക്കുകയാണ്, തന്റെ മതത്തെ താൻ അംഗീകരിക്കുന്നേയില്ല എന്ന് വാദിക്കുന്ന യുക്തിവാദി, താൻ 'എക്സ് മുസ്‌ലിം' ആണ് എന്ന് പ്രത്യേകം വിളിച്ചുപറയുന്നതിനെക്കാൾ അപഹാസ്യമായി മറ്റെന്തുണ്ട്!

യുക്തിവാദികളുടെ ഇസ്‌ലാം വിമർശനങ്ങൾ യുക്തിപരമല്ലാതാവുകയും അവയെ മറ്റുപല താൽപര്യങ്ങളും സ്വാധീനിക്കുകയും ചെയ്യുന്നു എന്നതാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. മതവിമർശനത്തിലെ നിഷ്പക്ഷതയും ആധികാരികതയും ഉപേക്ഷിക്കുകയും പക്ഷപാതിത്തം പുലർത്തുകയുമാണ് ഇക്കൂട്ടർ ചെയ്യുന്നത്. ഇസ്‌ലാംമതത്തെ മാത്രം വിമർശിക്കുകയും സംഘപരിവാരങ്ങളോട് ഓരംചേർന്നു നിൽക്കുകയും ചെയ്യുന്നു എന്നതാണ് യുക്തിവാദികൾ; വിശിഷ്യാ എക്സ് മുസ്‌ലിം യുക്തിവാദികൾ ചെയ്തുകൊണ്ടിരിക്കുന്നത്.

സ്വതന്ത്രചിന്തയും ബുദ്ധിപരമായ സമീപനങ്ങളും നിഷ്പക്ഷമായ നിലപാടുകളും അവകാശവാദങ്ങളായി കൊണ്ടുനടക്കുന്നവർ വീക്ഷണങ്ങളിലും കാഴ്ചപ്പാടുകളിലും തികഞ്ഞ പക്ഷപാതമാണ് കാട്ടിക്കൊണ്ടിരിക്കുന്നത്. ഇസ്‌ലാം വിമർശനത്തിൽ സംഘപരിവാരങ്ങളും കേരളയുക്തിവാദികളും 'ഭായി-ഭായി' ആണെന്ന് അവർ തെളിയിച്ചുകൊണ്ടിരിക്കുകയാണ്. നായയെ വാഹനത്തിൽ കെട്ടിവലിച്ചുകൊണ്ടുപോയ വ്യക്തി മുസ്‌ലിമായതിനാൽ അതിന്റെ ഉത്തരവാദിത്തം ഇസ്‌ലാമിന്റെ തലയിൽ കെട്ടിവയ്ക്കാൻ ശ്രമിച്ച് യുക്തിവാദി നേതാവായ സി. രവിചന്ദ്രൻ രംഗത്തുവന്നപ്പോൾ സംഘപരിവാറുകാർ അത് ഏറ്റെടുത്ത് അർമാദിച്ചത് നാം കണ്ടതാണല്ലോ.



സലാം സുറുമ എടത്തനാട്ടുകര
salamsuruma@gmail.com

കാഴ്ച

# സ്റ്റാറ്റസ് ആക്കാനുള്ള ആ വിരൽ...

"നല്ല സ്‌റ്റൈലായിട്ട് മഷി പുരട്ടിത്തരണേ സാറേ."

കഴിഞ്ഞ ലോക്‌സഭാ തെരഞ്ഞെടുപ്പ് ഡ്യുട്ടിക്കിടയിൽ ഒരു കന്നിവോട്ടറുടെ അഭ്യർഥനയായിരുന്നു ഇത്. ഈ ആവശ്യത്തിന് ബലം കൂട്ടാൻ ഒരു പ്രസ്താവനയും ഒപ്പം വന്നു: "ഇന്ന് സോഷ്യൽ മീഡിയയിൽ സ്റ്റാറ്റസ് ആക്കാനുള്ള വിരലാ!"

അതിനുശേഷവും ഒന്നുരണ്ട് പേർ ഇതേ ആവശ്യം ഉന്നയിച്ചു. എല്ലാവർക്കും വൃത്തിയായിത്തന്നെ മഷി പുരട്ടിക്കൊടുത്തു. ന്യൂ ജനറേഷന് ജനാധിപത്യ പ്രക്രിയയിലുള്ള താൽപര്യം കണ്ടപ്പോൾ നല്ല മതിപ്പ് തോന്നി. വലിയ ആശ്വാസവും.

ജീവനക്കാർക്ക് തെരഞ്ഞെടുപ്പ് ഡ്യൂട്ടികൾ പൊതുവെ പേടിയാണ്. അതിന്റെ ഭാഗമായുള്ള നൂലാമാലകളും ഡ്യൂട്ടിക്കിടയിൽ സംഭവിച്ചേക്കാവുന്ന പൊല്ലാപ്പുകളുമാണ് ഈ പേടിക്കുള്ള കാരണം. രണ്ടുദിവസം അനുഭവിക്കേണ്ടിവരുന്ന പ്രയാസങ്ങൾ ഓർത്ത്, കിട്ടുന്ന ഡ്യൂട്ടി എങ്ങനെയെങ്കിലും ഒഴിവാക്കാൻ ചിലർ എല്ലാവഴികളും പയറ്റും.

2001ൽ സർവീസിൽ കയറിയതുമുതൽ ഒരിക്കൽ മാത്രമാണ് ഡ്യൂട്ടി കിട്ടാതെപോയത്. എല്ലാ ഡ്യൂട്ടികളും സർവശക്തന്റെ അനുഗ്രഹത്താൽ ആസ്വദിച്ചുതന്നെ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഒട്ടുമിക്ക ഡ്യൂട്ടികളും മനസ്സിൽതട്ടുന്ന ചില അനുഭവങ്ങൾ സമ്മാനിച്ചിട്ടുമുണ്ട്

ഇക്കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിശ്ചയിക്കപ്പെട്ട സ്ഥലത്ത് പോളിംഗ് സ്റ്റേഷനായി ഒരു ഇടുങ്ങിയ ഷട്ടർ കടമുറിയായിരുന്നു അനുവദിച്ചിരുന്നത്. ഇതേ കെട്ടിടത്തിൽ തന്നെ മറ്റൊരു പോളിംഗ് സ്റ്റേഷനും ഉണ്ടായിരുന്നു. രണ്ട് പോളിംഗ് സ്റ്റേഷനുകളിലെ 12 ഉദ്യോഗസ്ഥർക്ക് ഉപയോഗിക്കാനായി കോണിക്കൂട്ടിലെ ഒരു കുഞ്ഞു ബാത്ത് റൂം മാത്രം! എന്നാൽ നല്ലവരായ രണ്ട് അയൽവീട്ടുകാർ കട്ടിലും കിടക്കയുമടക്കമുള്ള സൗകര്യങ്ങൾ ഒരുക്കിത്തന്ന് ഈ തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് ആശ്വാസം പകർന്നു.

മറ്റൊരിക്കൽ ഒരു ചെറിയ പ്രൈവറ്റ് എൽ.പി.സ്കൂളിൽ ആയിരുന്നു ഡ്യൂട്ടി കിട്ടിയത്. ഫർണിച്ചറായി ചെറിയ ബെഞ്ചുകൾ മാത്രം. പറിയാനായ പല്ലുപോലെ ആടുന്ന കാലുകളുള്ള കൊച്ചുമേശകളിൽ വോട്ടിംഗ് ക്യാബിൻ സജ്ജീകരിക്കൽ വലിയ സാഹസമായിരുന്നു. നാട്ടുകാർ മുൻകൈയെടുത്ത് കുറച്ച് അകലെയുള്ള ഹൈസ്കൂളിൽനിന്നും ഡസ്കുകൾ എത്തിച്ചുതന്നു. സ്കൂളിനു സമീപത്തുള്ള ഒരു വീട്ടുകാരൻ പുറത്തുള്ള ടോയ്‌ലറ്റും ബാത്ത് റൂമും രണ്ടുദിവസം പൂർണമായും ഞങ്ങളുടെ ഉപയോഗത്തിന് മാത്രമായി വിട്ടുതന്നത് ഇന്നും നന്ദിയോടെ സ്മരിക്കുന്നു.

തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്കിടയിലെ ഭക്ഷണം കഴിക്കൽ താളംതെറ്റാറാണ് പതിവ്. ഷുഗർ, പ്രഷർ രോഗികളായ പോളിംഗ് ഉദ്യോഗസ്ഥർ പലപ്പോഴും സമയത്തിന് ഭക്ഷണം കഴിക്കാനാവാതെ പ്രയാസപ്പെടാറുണ്ട്.

വർഷങ്ങൾക്കുമുമ്പ് ആലത്തൂർ നിയോജക മണ്ഡലത്തിലെ ഡ്യൂട്ടിക്കിടയിൽ ഉണ്ടായ ഒരു അനുഭവം വേറിട്ടതായിരുന്നു. പോളിംഗ് സ്റ്റേഷനായ സ്കൂളിൽ തെരഞ്ഞെടുപ്പിന്റെ തലേന്ന് വൈകുന്നേരം എത്തിയ ഉടനെത്തന്നെ പാർട്ടിക്കാർ വന്ന് സൗകര്യങ്ങളും സംവിധാനങ്ങളും കുറവുണ്ടെങ്കിൽ പരിഹരിക്കാം എന്ന് അറിയിച്ചു. ഒപ്പം ഭക്ഷണം എപ്പോൾ എത്തിക്കണം എന്നും ചോദിച്ചു. ഓരോരുത്തരുടെയും മെനുവും പ്രത്യേകം കുറിച്ചെടുത്ത് അവർ പോയി. പറഞ്ഞ സമയത്തുതന്നെ രുചികരമായ ഭക്ഷണ സാധനങ്ങൾ എത്തി. രാവിലത്തെ ബെഡ് കോഫി മുതൽ ഇടനേരത്തെ ഭക്ഷണം വരെ കൃത്യമായി ഞങ്ങൾക്ക് മുമ്പിൽ വന്നു. ഡ്യൂട്ടിക്കിടയിൽ സമയം അഡ്ജസ്റ്റ് ചെയ്ത് എല്ലാവരും ആസ്വദിച്ചുതന്നെ കഴിച്ചു. ഇതേ ഭക്ഷണം തന്നെ എല്ലാ പോളിംഗ് ഏജന്റുമാർക്കും എത്തുന്നുണ്ട്. അവരും തമാശയൊക്കെ പറഞ്ഞ് ഒന്നിച്ചിരുന്ന് കഴിക്കുന്നു.

തെരഞ്ഞെടുപ്പ് സമാധാനപരമായി തന്നെ അവസാനിച്ചു. മെഷീനും മറ്റു സാമഗ്രികളും സീൽ ചെയ്ത് പാക്കറ്റുകളിൽ ആക്കിയപ്പോഴേക്കും ചൂടുള്ള ചായയും പഴംപൊരിയും എത്തി. പ്രിസൈഡിംഗ് ഓഫീസർ ഭക്ഷണത്തിന്റെ, രണ്ടുദിവസത്തെ ആകെ ബിൽ ആവശ്യപ്പെട്ടു. അത് ഒരാൾ കൊടുക്കും. പിന്നീട് എല്ലാവരും കൊടുത്തയാൾക്ക് അവനവന്റെ ഷെയർ നൽകും. അതാണ് ഡ്യൂട്ടിക്കിടയിലെ പതിവ്.

ബിൽ ചോദിച്ചപ്പോൾ പോളിംഗ് ഏജന്റുമാർ പരസ്പരം മുഖത്തോട് മുഖം നോക്കി. പിന്നെ ഞങ്ങളെ നോക്കി പുഞ്ചിരിച്ചു.

'നിങ്ങളെല്ലാവരും ഞങ്ങളുടെ അതിഥികളാണ്. അതിഥികളെ ഊട്ടൽ ഞങ്ങളുടെ കടമയാണ്' എന്ന അവരുടെ വാചകം ഞങ്ങളെ ഞെട്ടിച്ചുകളഞ്ഞു.

'ഡ്യൂട്ടിക്ക് ഞങ്ങൾക്ക് പ്രത്യേക അലവൻസ് ഉണ്ട്. ഭക്ഷണത്തിന്നായി പ്രത്യേകം തുകയും അനുവദിക്കുന്നുണ്ട്. ബിൽതുക ഞങ്ങൾതന്നെ കൊടുത്തുകൊള്ളാം' എന്ന് ആവർത്തിച്ച് പറഞ്ഞപ്പോഴും ബിൽ തരാൻ അവർ ഒട്ടും കൂട്ടാക്കിയില്ല.

പ്രദേശത്തെ പ്രധാനപ്പെട്ട മൂന്ന് പാർട്ടിക്കാരും തുല്യശക്തിയാണ്; നല്ല സൗഹാർദത്തിലും. രണ്ടുദിവസത്തെ പോളിംഗ് ഉദ്യോഗസ്ഥൻമാരുടെയും പോളിംഗ് ഏജന്റുമാരുടെയും ഭക്ഷണ ചെലവുകൾ അവർ മൂന്നുകൂട്ടരും തുല്യമായി ഷെയർ ചെയ്യലാണ് വർഷങ്ങളായി അവിടത്തെ പതിവ് എന്ന് കൂടി കേട്ടപ്പോൾ ഞങ്ങൾ ശരിക്കും അത്ഭുതപ്പെട്ടുപോയി.

ജനാധിപത്യത്തിന്റെ മനോഹരമായ മുഖമാണിത്. വിഭാഗീയതയ്ക്കപ്പുറം മനുഷ്യത്വം നിലനിൽക്കണം. തെരഞ്ഞെടുപ്പ് അഞ്ചുവർഷം കൂടുമ്പോൾ ആവർത്തിച്ചുകൊണ്ടിരിക്കും. അതിന്റെ പേരിൽ പരസ്പരം കടിച്ചുകീറാതിരിക്കുവാനും സൗഹാർദം നഷ്ടപ്പെടാതിരിക്കാനും ബന്ധങ്ങൾ ശിഥിലമാകാതിരിക്കാനും ശ്രദ്ധിക്കേണ്ടതുണ്ട്.

ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പും അംഗങ്ങളുടെ സത്യപ്രതിജ്ഞയും ഭരണസമിതികളുടെ സ്ഥാനാരോഹണവും നടന്നുകഴിഞ്ഞു. വോട്ട് നൽകിയതോടുകൂടി ഒരു പൗരന്റെ കടമ അവസാനിക്കുന്നില്ല. വരുന്ന അഞ്ച് വർഷത്തിനിടയിൽ നമ്മുടെ പ്രദേശങ്ങളിൽ നടക്കേണ്ട വികസന പ്രവർത്തനങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽ പെടുത്താനും അവകാശങ്ങൾ നേടിയെടുക്കാനും നാം ശ്രമിച്ചുകൊണ്ടേയിരിക്കണം. അപ്പോഴേ ജനാധിപത്യം പൂർണമാകൂവെന്നത് നാം മറക്കാതിരിക്കുക.

ചലനങ്ങൾ




# മുഅ്ജിസത്ത്, കറാമത്ത്: മുഖാമുഖം ശ്രദ്ധേയമായി

ഇസ്‌ലാമിന്റെ തനതായ തൗഹീദിൽ നിന്ന് വിശ്വാസികളെ വ്യതിചലിപ്പിക്കാൻ പൗരോഹിത്യം ദുരുപയോഗം ചെയ്യുന്ന രണ്ട് സംജ്ഞകളാണ് മുഅ്ജിസത്തും കറാമത്തും. ഇവ രണ്ടും യഥാക്രമം പ്രവാചകന്മാർക്കും ഔലിയാക്കൾക്കുമുള്ള സിദ്ധിയാണ് എന്നും ആ സിദ്ധി നൽകപ്പെട്ടവരോട് സഹായാർഥനകൾ നടത്താം എന്നുമാണ് ഇസ്തിഗാസാവാദികൾ ജനങ്ങളെ പഠിപ്പിക്കാറുള്ളത്. ഈ വാദത്തെ പ്രാമാണികമായി വിചാരണ നടത്തുന്ന ഒന്നായിരുന്നു വിസ്ഡം യൂത്ത് സംഘടിപ്പിച്ച ഓൺലൈൻ മുഖാമുഖം.

ആദർശ പ്രബോധന രംഗത്ത് വലിയ സംഭാവനകൾ അർപ്പിച്ചു കൊണ്ടാണ് എക്കാലത്തും വിസ്ഡം കൂട്ടായ്മ മുഖാമുഖങ്ങൾ സംഘടിപ്പിച്ചിട്ടുള്ളത്. കോവിഡ് കാലത്ത് മുഖാമുഖങ്ങൾ ഓൺലൈനിലേക്ക് മാറിയെങ്കിലും ജനപങ്കാളിത്തത്തിന് യാതൊരു കുറവും വന്നിട്ടില്ല എന്നും, ഒരുവേള ശ്രോതാക്കൾ വർധിക്കുകയാണ് ചെയ്തത് എന്നതും സമൂഹം ഇത്തരം പരിപാടികളെ എത്രമാത്രം ശ്രദ്ധിക്കുന്നു എന്നതിന്റെ തെളിവാണ്.

'മുഅ്ജിസത്തും കറാമത്തും' എന്ന വിഷയത്തിൽ നടന്ന മുഖാമുഖം വിഷയാധിഷ്ഠിതമായ ആഴത്തിലുള്ള ചർച്ചകൾ കൊണ്ടും ജനപങ്കാളിത്തം കൊണ്ടും ഏറെ ശ്രദ്ധ പിടിച്ചുപറ്റി. എന്താണ് മുഅ്ജിസത്ത്, കറാമത്തുകൾ എന്നും അവ അല്ലാഹു നടപ്പിലാക്കുന്ന അവന്റെ ദൃഷ്ടാന്തങ്ങൾ ആണ് എന്നും, അല്ലാതെ അമ്പിയാ, ഔലിയാക്കളുടെ കഴിവല്ലെന്നും പ്രമാണികമായി വിവരിക്കപ്പെട്ടു. മുഅ്ജിസത്തിന്റെയും കറാമത്തിന്റെയും മറപിടിച്ച് ഇസ്തിഗാസയെ ന്യായീകരിക്കുന്നവരുടെ തെളിവുകളുടെ ദുർബലത മുഖാമുഖത്തിൽ വിവരിക്കപ്പെട്ടു. ഒരാൾ കറാമത്ത് ഉണ്ടായാൽ അയാളോട് പ്രാർഥിക്കുന്നതിനുപകരം പ്രസ്തുത കറാമത്ത് നൽകിയ റബ്ബിനോട് പ്രാർഥിക്കുന്ന രീതിയാണ് ക്വുർആൻ പഠിപ്പിക്കുന്നത് എന്ന കാര്യവും മർയം ബീവി﷩യുടെ സംഭവം വിശദീകരിച്ച് പണ്ഡിതന്മാർ ശ്രോതാക്കളെ ഉണർത്തി. ഒരു പ്രവാചകന്റെ അനുയായിയിൽ ഉണ്ടാവുന്ന കറാമത്ത് പോലും ആ പ്രവാചകന്റെ നുബൂവത്തിന്റെ തെളിവായിട്ടാണ് പണ്ഡിതന്മാർ ഉണർത്തിയത്. എന്ന കാര്യവും വിശദീകരിക്കപ്പെട്ടു.

അബ്ദുൽ മാലിക് സലഫി വിഷയം അവതരിപ്പിച്ചു. ഫൈസൽ മൗലവി ശ്രോതാക്കളുടെ സംശയങ്ങൾക്ക് നിവാരണം നടത്തി. ശുറൈഹ് സലഫി, ഹംസ ശാക്കിർ ഹികമി, ജംഷീർ സ്വലാഹി, നിഷാദ് സലഫി, മുജീബ് മദനി എന്നിവർ പങ്കെടുത്തു. നാലു മണിക്കൂറിലധികം നീണ്ട പരിപാടിയിൽ അവസാനം വരെ ആയിരക്കണക്കിന് പേർ ശ്രോതാക്കളായി ഉണ്ടായിരുന്നത് ഏറെ ശ്രദ്ധേയമായി.

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com

ജാലകം

# ഒരു മാറ്റത്തിന്റെ കഥ

മനസ്സിന്റെ മാറ്റം ഒരു മഹാഭാഗ്യമാണ്. ചിലരുണ്ട്; ഉപദേശങ്ങൾ കേൾക്കാൻ അവർ കച്ചകെട്ടിയിറങ്ങും. സംവാദങ്ങളും ഖണ്ഡനങ്ങളും അവർ സാകൂതം ശ്രവിക്കും. സത്യം ബോധ്യപ്പെട്ടാൽ മതം മാറാം എന്നുവരെ പ്രഖ്യാപിക്കും. എന്നാൽ ഒരക്ഷരവും അവരുടെ മനസ്സിൽ കയറുകയില്ല. അവരൊട്ട് മാറുകയുമില്ല. മനസ്സിന്റെ പ്രതികരണശേഷി നഷ്ടപ്പെട്ട ഈ തരം ആളുകൾ എവിടെയും കാണാം.

നന്മകളോട് ക്രിയാത്മകമായി മനസ്സാ പ്രതികരിക്കുക എന്നതാണ് വിശ്വാസിയുടെ സവിശേഷത. ഹിജ്റ രണ്ടാം നൂറ്റാണ്ടിൽ ജീവിച്ച ഫുദൈൽ എന്ന വ്യക്തിയുടെ മതംമാറ്റത്തിന്റെ കഥ ഏതൊരു മനുഷ്യനെയും ചിന്തിപ്പിക്കാൻ പോന്നതാണ്. മരുഭൂമിയിലെ കൊടുംകൊള്ളക്കാരനായിരുന്നു ഫുദൈൽ ബ്നുഇയാദ്. എല്ലാ തിന്മകളിലും അദ്ദേഹം വ്യാപരിച്ചു. പിടിച്ചു കെട്ടാനാരുമില്ലാത്ത ഖുറാസാനിലെ ഭീകരൻ! ഒരു ദിവസം അർധരാത്രി തന്റെ കാമുകിയുടെ വീട്ടിലേക്ക് മതിൽ എടുത്തുചാടാൻ പുറപ്പെടുമ്പോൾ അയാൾ ഒരു ശബ്ദം കേട്ടു: ഒരശരീരിപോലെ ക്വുർആനിലെ ഒരു വചനം:

"നിങ്ങൾ അറിഞ്ഞു കൊള്ളുക: തീർച്ചയായും അല്ലാഹു ഭൂമിയെ അത് നിർജീവമായതിനു ശേഷം സജീവമാക്കുന്നു. തീർച്ചയായും നാം നിങ്ങൾക്ക് ദൃഷ്ടാന്തങ്ങൾ വിവരിച്ചുതന്നിരിക്കുന്നു. നിങ്ങൾ ചിന്തിക്കുവാൻ വേണ്ടി." (ക്വുർആൻ 57:16)

ഈ ശബ്ദം ഫുദൈലിന്റെ മനസ്സിൽ സ്ഫുരണങ്ങൾ സൃഷ്ടിച്ചു. റബ്ബേ, തിരിഞ്ഞു നടക്കാൻ സമയമായല്ലോ എന്നു ചിന്തിച്ചു. അയാൾ ആ ശ്രമം ഉപേക്ഷിച്ചു മരുഭൂമിയിലെ വിജനമായ ഒരിടത്ത് വിശ്രമിക്കാനെത്തി. അപ്പോൾ അവിടെ യാത്രക്കാരായ കുറച്ചാളുകൾ ഇരുന്ന് സംസാരിക്കുന്നുണ്ടായിരുന്നു. അവർ പരസ്പരം പറയുന്നത് ഇങ്ങനെയായിരുന്നു. ഈ സ്ഥലം സുരക്ഷിതമല്ല. ഉടൻ ഇവിടം വിട്ടുപോകണം. ഫുദൈലിന്റെ വിഹാര കേന്ദ്രമാണിത്. അവൻ നമ്മെ കൊള്ളയടിക്കും!

ഫുദൈൽ ചിന്തിച്ചു: ഞാൻ അർധരാത്രിയിലും തിന്മയിൽ മുഴുകി കഴിഞ്ഞുകൂടുന്നു. എന്നിട്ട് നല്ലവരായ വഴിയാത്രക്കാർ എന്നെ പേടിച്ചു നടക്കുന്നു! അല്ലാഹുവേ, എനിക്ക് ഖേദിച്ചു മടങ്ങണം. ഞാനിത് മതിയാക്കി. ഇനി ശിഷ്ടകാലജീവിതം മക്കയിൽ മസ്ജിദുൽ ഹറമിന്റെ പരിസരത്തു തന്നെയാവണം! നേരം പുലർന്നതോടെ ഫുദൈൽ മക്കയിലേക്ക് യാത്രതിരിച്ചു!

പിന്നീട് ഈ വ്യക്തി ഇസ്‌ലാമിക ചരിത്രത്തിൽ ആദരണീയമായ ഇടം നേടി. ഇബ്നു ഉയയ്ന, നസാഈ, അബ്ദുല്ലാ ഇബ്നുൽ മുബാറക്ക്, ഇമാം ദഹബി, ഇബ്നുഹജർ തുടങ്ങിയ ഹദീഥു വിജ്ഞാനത്തിന്റെയും ചരിത്രത്തിന്റെയും കർമശാസ്ത്ര ശാഖയുടെയും വിശ്വ പ്രതിഭകൾ അദ്ദേഹത്തെ ഏറെ പ്രശംസിച്ചു കാണാം. ഇമാം ദഹബി അദ്ദേഹത്തെ 'ശൈഖുൽ ഇസ്‌ലാം' എന്നാണ് വിശേഷിപ്പിച്ചത്. ഇമാം ഥൗരി, ശാഫിഈ, ഇബ്നു ഉയ്യ്ന, അബ്ദുല്ലാഹിബ്നുൽ മുബാറക്ക്, യഹ്‌യൽ ഖത്വാൻ തുടങ്ങിയവർ അദ്ദേഹത്തിൽ നിന്ന് ധാരാളം ഹദീഥുകൾ ഉദ്ധരിച്ചുകാണാം. മരുഭൂമിയിലെ കൊള്ളക്കാരൻ മക്കയിലെ പണ്ഡിത ശ്രേഷ്ഠനായിമാറി!

മനസ്സുവെച്ചാൽ ആർക്കും മാറാം എന്നതിന്റെ നല്ല ഒരു ഉദാഹരണമാണ് ഫുദൈൽﷺ. ഈയിടെ യുക്തിവാദികളെന്ന പേരിൽ ഇസ്‌ലാമിനെയും വിശുദ്ധ ക്വുർആനിനെയും മുഹമ്മദ് നബിﷺയെയും അവമതിക്കാൻ ആരിൽ നിന്നോ അച്ചാരം വാങ്ങി വെല്ലുവിളിച്ചു നടക്കുന്ന ഒരു സംഘവും മുസ്‌ലിമിനെ പ്രതിനിധീകരിക്കുന്ന വിഭാഗവും തമ്മിൽ ഒരു സംവാദം നടന്നു. തൊപ്പിക്കുടയോളം വട്ടത്തിൽ കണ്ടാലും വിശ്വസിക്കാത്ത ഈ യുക്തിനശിച്ച സംഘം ഇപ്പോഴും ട്രോളുകളുമായി നടക്കുക തന്നെയാണ്. കൂടെ ബഹളം വെക്കുന്ന കുറെ പുരോഹിത സംഘവുമുണ്ട്. സൂറത്തു നൂറിൽ ക്വുർആൻ പറഞ്ഞ ഒരു ഉപമയായിരുന്നു ഈ സംവാദത്തിലെ മുഖ്യചർച്ച. ആ വചനത്തിന്റെ അവസാനം ഇങ്ങനെയാണ്: "അല്ലാഹു ആർക്ക് പ്രകാശം നൽകിയിട്ടില്ലയോ, അവന്ന് യാതൊരു പ്രകാശവുമില്ല." (അന്നൂർ:40) ഇതാണ് വസ്തുത. അഹങ്കാരവും തൻപോരിമയും ധിക്കാരവും കൈവിടാനൊരുക്കമില്ലെങ്കിൽ ഒരിക്കലും മനസ്സിന്നു വെളിച്ചം ലഭിക്കുകയില്ല. തനിക്കു തെറ്റുപറ്റാനിടയുണ്ടെന്നും അത് തിരുത്തണമെന്നും സ്വയം വിചാരിക്കാത്തവർ എന്നും ഇരുട്ടിൽ തന്നെയായിരിക്കും. എന്നാൽ സത്യാന്വേഷികൾ, അവർ സത്യത്തിൽ നിന്നെത്ര അകന്നു ജീവിച്ചാലും ഒരിക്കൽ സത്യം പ്രാപിക്കാതിരിക്കുകയില്ല. വിനയപ്പെട്ട മനസ്സാണ് മാറ്റത്തിന്നു വഴിവെക്കുക.

മുജീബ് ഒട്ടുമ്മൽ
mujeeb.ottummal@gmail.com




# ഹലാൽ വിവാദം പശുരാഷ്ട്രീയത്തിന്റെ പുതിയ മുഖമോ?

> **മലയാളിയുടെ വിവേചനബുദ്ധിയെയും സാംസ്കാരിക ഔന്നത്യത്തെയും പരിഹസിച്ചുകൊണ്ടാണ് സംഘപരിവാര സംഘടനകൾ 'ഹലാൽ' ഭക്ഷണ വിവാദം കേരളത്തിലേക്ക് ഇറക്കുമതി ചെയ്തിരിക്കുന്നത്. താഴ്ന്ന ജാതിക്കാരുടെ ഭക്ഷണം കഴിക്കാൻ വിസമ്മതിക്കുന്ന ബ്രാഹ്മണിക് അയിത്തബോധത്തിന്റെ കേരളീയ വകഭേദം തന്നെയാണിതെന്ന കാര്യത്തിൽ പക്ഷാന്തരമില്ല.**

'ഇന്ത്യയുടെ സംസ്കാരത്തിൽ അഭിമാനമുണ്ട്. വ്യത്യസ്ത വിഭാഗക്കാരായ ഉപയോക്താക്കളെക്കുറിച്ച് ബഹുമാനമുണ്ട്... ഭക്ഷണത്തിന് മതമില്ല, ഭക്ഷണമെന്നത് മതമാണ്' ഓൺലൈൻ ഭക്ഷണവിതരണ ശൃംഖലയായ സൊമോറ്റയുടെ സ്ഥാപകൻ ദിപീന്ദർ ഗോയലിന്റ വാക്കുകളാണിത്.

2019 ഓഗസ്റ്റിൽ ഡൽഹിയിലെ അമിത് ശുക്ലയെന്നയാൾ സൊമോറ്റയിൽനിന്ന് ഭക്ഷണത്തിന് ഓർഡർ

ചെയ്തപ്പോൾ ഡെലിവറി ബോയ് ഹിന്ദുവല്ലാത്ത തിനാൽ അയാൾ അത് ക്യാൻസൽ ചെയ്തതായി ട്വീറ്റ് ചെയ്തത്രെ! പണം തിരിച്ചുനൽകില്ലെന്നും ഡെലിവറി ബോയിയെ പിരിച്ചുവിടില്ലെന്നുമുള്ള നിലപാടിൽ സൊമോറ്റ ഉറച്ചുനിന്നു. മൂല്യങ്ങളെ ഖണ്ഡിച്ച് വരുന്ന ഓർഡറുകൾ നഷ്ടമാകുന്നതിൽ വിഷമമില്ലെന്ന് ദീപിന്ദർ ഗോയൽ ട്വീറ്റ് ചെയ്തതോടെ വിഷയം സമൂഹമാധ്യമങ്ങളിൽ സജീവ ചർച്ചയായി.

ഊബർ ഈറ്റ്സ് എന്ന മറ്റൊരു കമ്പനികൂടി സൊമോറ്റയെ പിന്തുണച്ച് രംഗത്തെത്തിയതോടെ വർഗീയതയുടെ വിഷംചീറ്റി ശിഥിലീകരണപ്രവർത്തനങ്ങളിൽ വ്യാപൃതരായ ഹിന്ദുത്വവാദികൾ ഇരു കമ്പനികൾക്കുമെതിരെ അവരുടെ റൈറ്റിംഗ് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ശക്തമായ സൈബറാക്രമണങ്ങൾ നടത്തുകയായി.

'ഹിന്ദുക്കളോട് കളിക്കരുത്,' 'ശുക്ലാജിക്ക് പിന്തുണ' തുടങ്ങിയ കമൻറുകൾക്കൊപ്പം സൊമോറ്റ 'ഹലാൽ ഭക്ഷണം' വിളമ്പുന്നു എന്ന പ്രചാരണം വലിയ ആയുധമായി അവർ ഉപയോഗിച്ചു. എന്നാൽ വൈവിധ്യങ്ങളുടെ ഇന്ത്യൻ സൗന്ദര്യം നൽകിയ ഉൽബുദ്ധമനസ്സുകൾ സംഘപരിവാര പ്രചാരണങ്ങളെ നിഷ്കരുണം അവഗണിച്ചതിനാൽ സൊമോറ്റയ്ക്ക് പോറലേൽപിക്കാനായില്ലന്നതാണ് യാഥാർഥ്യം.

'ഹലാൽ' ഭക്ഷണ വിവാദം ഹിന്ദുത്വ പ്രോപഗണ്ടയായി മലയാളിയുടെ വിവേചനബുദ്ധിയെയും സാംസ്കാരിക ഔന്നത്യത്തെയും പരിഹസിച്ചുകൊണ്ട് സംഘപരിവാര സംഘടനകൾ കേരളത്തിലേക്കും ഇറക്കുമതി ചെയ്തിരിക്കുകയാണ്. എറണാകുളം കുറുമശ്ശേരിയിലെ ക്രൈസ്തവ സഹോദരൻ ജോൺസണിന്റ ഉടമസ്ഥതയിലുള്ള മോദി ബേക്കേഴ്സിലെ 'ഹലാൽ' സ്റ്റിക്കർ നീക്കണമെന്നാവശ്യപ്പെട്ട് ഹിന്ദു ഐക്യവേദി പ്രവർത്തകർ നോട്ടീസ് നൽകി. ആരുമറിയാതെ ജോൺസൺ അത് നീക്കിയെങ്കിലും നോട്ടീസ് സമൂഹമാധ്യമങ്ങളിലൂടെ പ്രചരിച്ചതോടെയാണ് പുതിയ വിവാദത്തിന് തുടക്കമായത്. നിയമപാലകർ നാല് ഐക്യവേദി പ്രവർത്തകരെ അറസ്റ്റു ചെയ്തെങ്കിലും അസമാധാനവും അനൈക്യവും ജീവിത ലക്ഷ്യമാക്കിയവർ വിഷയത്തെ കത്തിച്ച് നിറുത്തുകയായിരുന്നു.

കോവിഡ് മഹാമാരിയിൽ തകർന്ന സാമ്പത്തിക സ്ഥിതിയും തൊഴിൽനഷ്ടം കാരണമായി നെടുവീർപ്പിടുന്ന നിസ്സഹായതയുടെ കുടുംബാന്തരീക്ഷങ്ങളും രോഗഭീതിയിൽ താളംതെറ്റിയ സാമൂഹിക ക്രമങ്ങളുമെല്ലാം രാജ്യത്തിന്റ വീണ്ടെടുപ്പിന് ക്രിയാത്മകമായ സേവന സന്നദ്ധതയ്ക്കായി മനസ്സിനെ പാകപ്പെടുത്തുന്നതിനു പകരം അപരത കൽപിച്ചുനൽകി മനുഷ്യനെ ക്രൂരമായി വേട്ടയാടാൻ പ്രേരിപ്പിക്കുന്ന സംഘപരിവാര ദർശനം എന്തായാലും മനുഷ്യത്വവിരുദ്ധമാണെന്നതിൽ പക്ഷാന്തരമുണ്ടാകാനിടയില്ല.

വർഗീയതയുടെ വേലിക്കെട്ടിൽ ഭ്രാന്തമായ മനസ്സുകളിൽ വളർത്തിയെടുത്ത രാക്ഷസീയത ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ ന്യൂനപക്ഷ വേട്ടയ്ക്കായ് സമാനതകളില്ലാതെ നിറഞ്ഞാടിയപ്പോൾ സാക്ഷരതയുടെ സാംസ്കാരിക ഭൂമികയായ മലയാള മണ്ണിൽ വിവേക മനസ്സുകളുടെ കാവലിൽ പരിവാര തന്ത്രങ്ങൾ നിഷ്പ്രഭമാകുകയായിരുന്നു.

ഹലാൽ വിവാദത്തിനും അൽപായുസ്സ് മാത്രമെ ഉണ്ടാകാൻ സാധ്യതയുള്ളൂവെങ്കിലും സാമൂഹിക ശൈഥില്യങ്ങൾക്ക് പുതിയമാനം തേടിയിറങ്ങുന്നവർക്ക് പഠിക്കാനേറെയുണ്ടന്ന് വിവാദങ്ങൾ ഓർമപ്പെടുത്തുകയാണ്.

### ഹലാലിലെ ഹിന്ദുത്വവിലാപം

'ഹലാൽ' ഭക്ഷണത്തിനും അതിന്റെ അടയാളങ്ങൾക്കുമെല്ലാം പുതിയ വ്യാഖ്യാനം നൽകി രാജ്യത്തിന്റെയും സമൂഹത്തിന്റെയും ഗതിയെക്കുറിച്ച് പരിതപിക്കുകയും വിലപിക്കുകയും ചെയ്യുന്ന ഹിന്ദുത്വവാദികളുടെ അവസരഭാവം വലിയ തമാശയ്ക്ക് വകയുള്ളതാണ്. ബ്രാഹ്മണ മേധാവിത്വം അരങ്ങുവാഴുന്ന ഹിന്ദുത്വ രാഷ്ട്രീയവാഹകർ ഹലാൽ ഉൽപന്നങ്ങൾ മതസൗഹാർദത്തിന് ഭീഷണിയാണന്ന വാദം ഉന്നയിക്കുമ്പോൾ ഇന്ത്യയുടെ സാമാന്യ ബോധം ആശ്ചര്യപ്പെടുമെന്നതിൽ സംശയമില്ല.

> **"ഇസ്‌ലാമോഫോബിയ വികൃതമാക്കിയ മനസ്സുകൾക്ക് താളംപിഴയ്ക്കുമ്പോൾ പദങ്ങളുടെ കൂട്ടങ്ങൾ ക്രമംതെറ്റി വരുന്നതിന്റെ ഫലമായുള്ള ജൽപനങ്ങളിൽ 'സാമ്പത്തിക ജിഹാദ്' പുതിയതായി സ്ഥാനം പിടിച്ചിട്ടുണ്ട്. വേൾഡ് ഹലാൽ ഫോറം, മലേഷ്യയിലെ ജെബതൻ കെമാജുവാൻ ഇസ്‌ലാം പോലെയുള്ള സംഘടനകൾ മനഃപൂർവമായി സൃഷ്ടിക്കുന്ന വലിയ കമ്പോളസമ്മർദംമൂലമാണത്രെ മുസ്‌ലിമേതര ഹോട്ടലുകൾ പോലും ഹലാൽ സർട്ടിഫിക്കറ്റ് വയ്ക്കുന്നത്."**

പുലയനും പറയനും ഉണ്ടാക്കിയത് നായരും നമ്പൂതിരിയും കഴിക്കില്ല എന്ന അയിത്ത ബോധത്തിന്റ വകഭേദമാണ ത്രെ ഹലാൽ ഭക്ഷണം. ഉത്തരേന്ത്യ യുടെ ഗ്രാമാന്തരങ്ങളിൽ കൊലചെയ്യ പ്പെട്ട ദളിതൻമാരുടെ ദൈന്യതയ്ക്ക് മു ന്നിൽ ഭീകര താണ്ഡവമാടിയ ബ്രാഹ്മ ണിക് രാഷ്ട്രീയത്തിന്റ ജാതീയതക്കെതി രെയുള്ള ശബ്ദം കേവലം പ്രഹസന വും സാഹചര്യനാട്യവുമല്ലാതെ പിന്നെ യെന്താണ്?

കച്ചവടരംഗം ഒരുവിഭാഗം മാത്രം (മുസ്‌ലിംകൾ) അധീനപ്പെടുത്തുകയെന്ന ലക്ഷ്യം ഹലാൽ ഭക്ഷണങ്ങളിൽ ദർ ശിക്കുന്ന സംഘപരിവാര രാഷ്ട്രീയം രാ ജ്യത്തെ കോർപറേറ്റുകൾക്ക് തീറെഴുതി നൽകാൻ നിയമനിർമാണം നടത്തിക്കൊ ണ്ടിരിക്കുന്നു എന്നിരിക്കെ ഈ കാവി വി ലാപത്തിന്റെ മാനമെന്താണ്? കർഷക കോടികളുടെ കണ്ണുനീരിന് വിലകൽപി ക്കാത്ത താമരഭരണം സാമ്പത്തിക ഭീ മൻമാരെ പ്രീതിപ്പെടുത്തുമ്പോൾ സാമ്പ ത്തിക അധീശത്വവാദത്തിലെ പൊരു ളറിയാത്തവരായി ഇന്ത്യൻ പൗരൻമാരെ ഗണിക്കാനാകുമെന്നോ?

> **സൗദി അറേബ്യയും യുഎഇയും ബഹ്റൈനും ഖത്തറുമടക്കം 57 രാജ്യങ്ങൾ അംഗങ്ങളായ അന്താരാഷ്ട്ര സംഘടനയ്ക്കെതിരെ നുണപ്രചാരണം നടത്തുന്നതിലെ യുക്തിയും ഹലാലിലൂടെ വിഭാഗീയതയുടെ വിത്തിടുകയെന്നതാണ്. ഇന്ത്യയുമായി നയതന്ത്ര ബന്ധമുള്ള ഒഐസിയെ ഹലാലിന്റെ പേരിൽ പ്രതിക്കൂട്ടിൽ നിറുത്തുമ്പോൾ ഫാസിസ്റ്റുകൾ മാതൃരാജ്യത്തിന്റെ വിശ്വാസ്യതയെ ചോദ്യം ചെയ്യുകയാണ്. എന്നാൽ വലിയ മൾട്ടിനാഷണൽ കമ്പനികൾ മുതൽ ഇന്ത്യൻ കമ്പനിയായ ഗുജറാത്ത് അംബുജ എക്സ്പോർട്ട് വരെ അവരുടെ ഉൽപന്നങ്ങളിൽ ഹലാൽ സ്റ്റിക്കർ പതിക്കുന്നുണ്ട്. എന്നാൽ ലോകത്തെവിടെയും ഇതിന്റെ പേരിൽ വിഭാഗീയതയോ സാമ്പത്തിക അധീശത്തമോ നടന്നതായി തെളിയിക്കാനാവില്ല.**

ഇസ്‌ലാമോഫോബിയ വികൃതമാക്കിയ മനസ്സു കൾക്ക് താളംപിഴയ്ക്കുമ്പോൾ പദങ്ങളുടെ കൂട്ടങ്ങൾ ക്രമംതെറ്റി വരുന്നതിന്റെ ഫലമായുള്ള ജൽപനങ്ങ ളിൽ 'സാമ്പത്തിക ജിഹാദ്' പുതിയതായി സ്ഥാനം പിടിച്ചിട്ടുണ്ട്. ഹലാൽ ഉൽപന്നങ്ങളെ ഉയർത്തിക്കാ ട്ടി ജിഹാദിന് പുതിയമുഖം നൽകാൻ ഫാസിസ്റ്റ് ധാ രകൾ ശ്രമിക്കുന്നുണ്ട്.


വേൾഡ് ഹലാൽഫോറം, മലേഷ്യയിലെ ജെബ തൻ കെമാജുവാൻ ഇസ്‌ലാം പോലെയുള്ള സംഘ ടനകൾ മനഃപൂർവമായി സൃഷ്ടിക്കുന്ന വലിയ കമ്പോ ളസമ്മർദംമൂലമാണത്രെ മുസ്‌ലിമേതര ഹോട്ടലുകൾ പോലും ഹലാൽ സർട്ടിഫിക്കറ്റ് വയ്ക്കുന്നത്. ഓർ ഗനൈസേഷൻ ഓഫ് ഇസ്‌ലാമിക് കോർപറേഷൻ (ഒഐസി) പോലെയുള്ള സംഘടനകൾ ആഗോള പ്രബോധകസംഘത്തെ പോലും സ്പോൺസർ ചെ യ്യുന്നുവെന്ന് പറഞ്ഞുവച്ചതിലൂടെ അപകടകരമായ വിദ്വേഷ പ്രചാരണത്തിന് ബൗദ്ധികമാനം നൽകാൻ കാവിരാഷ്ട്രീയം ശ്രമിക്കുന്നതും കാണാനാകും.

സൗദി അറേബ്യയും യുഎഇയും ബഹ്റൈനും ഖത്തറുമടക്കം 57 രാജ്യങ്ങൾ അംഗങ്ങളായ അന്താ രാഷ്ട്ര സംഘടനയ്ക്കതിരെ നുണപ്രചാരണം നട ത്തുന്നതിലെ യുക്തിയും ഹലാലിലൂടെ വിഭാഗീയ തയുടെ വിത്തിടുകയെന്നതാണ്. ഇന്ത്യയുമായി ന യതന്ത്ര ബന്ധമുള്ള ഒഐസിയെ ഹലാലിന്റെ പേ രിൽ പ്രതിക്കൂട്ടിൽ നിറുത്തുമ്പോൾ ഫാസിസ്റ്റുകൾ മാതൃരാജ്യത്തിന്റെ വിശ്വാസ്യതയെ ചോദ്യം ചെയ്യു കയാണ്. എന്നാൽ വലിയ മൾട്ടിനാഷണൽ കമ്പ നികൾ മുതൽ ഇന്ത്യൻ കമ്പനിയായ ഗുജറാത്ത് അംബുജ എക്സ്പോർട്ട് വരെ അവരുടെ ഉൽപന്ന ങ്ങളിൽ ഹലാൽ സ്റ്റിക്കർ പതിക്കുന്നുണ്ട്. എന്നാൽ ലോകത്തെവിടെയും ഇതിന്റെ പേരിൽ വിഭാഗീയത യോ സാമ്പത്തിക അധീശത്തമോ നടന്നതായി തെ ളിയിക്കാനാവില്ല.

വ്യത്യസ്ത മതങ്ങളുടെയും സംസ്കാരങ്ങളുടെയും സംഗമഭൂമിയായ ഇന്ത്യയിലെവിടെയും ഇന്നുവരെ ഇതിന്റെ പേരിൽ ചേരിതിരിവുണ്ടായതായി കണ്ടെ ത്താനാവില്ല; ഫാസിസം വംശീയ ധ്രുവീകരണത്തി നായി പുതിയ കെണിയൊരുക്കാൻ ഹലാൽ ഉൽപ ന്നങ്ങളിൽ കയറിപ്പിടിച്ച് വിവാദങ്ങൾ സൃഷ്ടിക്കുന്നു വെന്ന് മാത്രം.

### ഭക്ഷണത്തിലും വേർതിരിവിന്റ രാഷ്ട്രീയം

മനുഷ്യത്വത്തിന്റ ശവപ്പറമ്പായ ഫാസിസം ഭയ മനഃശാസ്ത്രം പ്രചരിപ്പിക്കുന്നത് തങ്ങൾ ശത്രുവാ യിക്കാണുന്നവരെ കുറിച്ചുള്ള നുണക്കഥകളിലൂടെ യാണ്. ആര്യമേധാവിത്വത്തിനും വംശശുദ്ധി ലക്ഷ്യ ത്തിനും നുണക്കഥകൾ സൃഷ്ടിച്ചുവിടുകയാണവർ. ഹിറ്റ്ലറുടെ ആത്മകഥയായ മെയിൻകാഫും ഗോൾ വാൾക്കറുടെ വിചാരധാരയും തമ്മിൽ വലിയ സമാ




നതകളുണ്ടെന്നറിയുമ്പോഴാണ് സമീപകാലങ്ങളിലെ പുതിയ വിവാദങ്ങളുടെയും നിജസ്ഥിതിയെ തിരിച്ചറിയാനാകുന്നത്.

രാമക്ഷേത്ര വിഷയത്തിലെ തീവ്രവികാരത്തിന് ശമനമുണ്ടായപ്പോഴെല്ലാം മറ്റു വിവാദങ്ങളും മുളച്ചു പൊങ്ങിയിരുന്നു. പശുരാഷ്ട്രീയം അങ്ങനെ ഉദിച്ചു വന്നിരുന്ന ഒരു മിത്തായിരുന്നു. പരമ്പരാഗത ആചാരപ്രകാരം മാട്ടിറച്ചി കഴിക്കാത്തവൻ നല്ല ഹിന്ദുവായി കണക്കാക്കപ്പെട്ടിരുന്നില്ലെന്ന സ്വാമി വിവേകാനന്ദന്റ വാക്കുകളിൽനിന്ന് ഗോവധ നിരോധന നിയമ നിർമാണങ്ങൾക്കായി കാവിരാഷ്ട്രീയത്തെ പ്രേരിപ്പിച്ചിരുന്ന ഘടകവും മറ്റൊന്നായിരുന്നില്ല.

ഭക്ഷണ രീതികൾക്ക് സാമുദായിക സ്വഭാവമുണ്ടെന്ന വ്യാജേന വേർതിരിവിന്റെ രാഷ്ട്രീയത്തിന് മാനം കണ്ടെത്തുകയാണ് ഫാസിസം. ഇഷ്ടപ്പെട്ട ഭക്ഷണം തെരഞ്ഞെടുക്കുവാൻ പൗരനുള്ള അവകാശം ഹനിക്കുമാറ് നിയമനിർമാണം നടത്താനവർ ധൃതിപ്പെടുകയാണ്. ഒരുവിഭാഗം അവർക്ക് ഇഷ്ടപ്പെട്ട ആഹാരം തെരഞ്ഞെടുക്കുന്നത് മറ്റുള്ളവരെ ബാധിക്കാത്തിടത്തോളം അതിന്റെ ഉപയോഗത്തിന് നിരോധനമേർപ്പെടുത്തുന്നതിൽ അർഥമില്ലെന്ന സാമാന്യ ബോധം അവർക്ക് ഇല്ലാതെപോയി. പശു രാഷ്ട്രീയത്തിന്റെ തുടർച്ചയെന്നോണം ഇപ്പോൾ ഹലാലിൽ കയറിപ്പിടിച്ചിരിക്കുകയാണ് ഫാസിസം.

## ഭക്ഷണത്തിലെ ഇന്ത്യൻ പൈതൃകം

വൈവിധ്യമാർന്ന ദർശനങ്ങളും വിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും നിലനിൽക്കുന്ന ഇന്ത്യയിൽ ഭാഷയിലും വേഷവിതാനങ്ങളിലും ആഹാരരീതികളിലുമെല്ലാം ഭിന്നമായ ശൈലികളുണ്ടെന്നത് പരമസത്യമാണ്. എന്നാൽ അവയിൽ ഏത് സ്വീകരിക്കാനുമുള്ള അപരന്റെ സ്വാതന്ത്ര്യത്തെ ഉൾക്കൊള്ളാനുള്ള വിശാലമനസ്സുള്ളവരായിരുന്നു ഇന്ത്യക്കാർ. ഇഷ്ടമുള്ള വസ്ത്രവും ഭക്ഷണവും തെരഞ്ഞെടുക്കാനുള്ള പൗരന്റെ അവകാശങ്ങളെ അവർ പരസ്പരം മാനിച്ചിരുന്നു.

ജീവിതത്തിന്റെ ശരിയായ അർഥത്തെക്കുറിച്ച് തന്റേതായ നിഗമനത്തിലെത്തിച്ചേരുവാൻ ഒരു വിശ്വാസിക്ക് പൂർണസ്വാതന്ത്ര്യം നൽകുന്ന, ആ സ്വാതന്ത്ര്യത്തെ ബഹുമാനിക്കുന്ന ഒരു മതവിശ്വാസമാണ് ഹൈന്ദവതയെന്ന് വിശ്വാസിയായ മഹാത്മാ ഗാന്ധിയുടെ ജീവിതദർശനം നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. മഹാത്മാഗാന്ധിയുടെ മുസ്‌ലിം സുഹൃത്തിന്റ മകൻ ബലിപെരുന്നാൾ ദിനത്തിൽ ഗാന്ധി ആശ്രമം സന്ദർശിച്ച സംഭവം മനുഷ്യാവകാശ പ്രവർത്തകനായ അസ്ഗറലി എഞ്ചിനിയർ വിശദീകരിക്കുന്നുണ്ട്.

ബലിപെരുന്നാൾ മുസ്‌ലിം ആഘോഷ ദിനമായിരുന്നതിനാൽ സുഹൃത്തിന്റെ മകന് വിളമ്പാൻ മാംസഭക്ഷണം പുറത്തുനിന്ന് വാങ്ങി കൊണ്ടുവരാൻ ഗാന്ധിജി നിർദേശം നൽകുകയായിരുന്നു. എന്നാൽ ആശ്രമത്തിലെ ചിട്ട അറിയാവുന്ന മുസ്‌ലിം യുവാവ് തനിക്ക് സസ്യാഹാരം മതിയെന്ന് നിർബന്ധം പിടിക്കുകയായിരുന്നു. അപരന്റെ വികാരത്തെ ബഹുമാനിക്കാനുള്ള കഴിവും സന്നദ്ധതയുമാണ് ഇരുവരിലും പ്രകടമായത്. ഇന്ത്യയുടെ ഭക്ഷണ രീതിയിലും വൈവിധ്യങ്ങൾ പരസ്പരം ഉൾക്കൊള്ളാൻ സർവരും തയ്യാറാകണമെന്ന രാഷ്ട്രപിതാവിന്റ ജീവിതസന്ദേശത്തിന് വിലങ്ങു നിൽക്കുന്നവർ എന്തായാലും ഇന്ത്യൻ പൈതൃകത്തെ മാനിക്കുന്നവരല്ലെന്ന് ബോധ്യപ്പെടുകയാണ്. ഹലാൽ വിവാദത്തിലൂടെ അത്തരം അസഹിഷ്ണുത പ്രകടിപ്പിക്കുന്നതിലൂടെ ഫാസിസ്റ്റുകൾ പശുരാഷ്ട്രീയത്തിന്റെ പിൻതുടർച്ച തേടുകയാണെന്ന് വ്യക്തം.

## 'നോ ഹലാൽ' ബോർഡിലെ മലയാളി പ്രബുദ്ധത

കേരളത്തിലെ മലയാളി പ്രബുദ്ധത ചിലരെ വല്ലാതെ അസ്വസ്ഥരാക്കുന്നുവെന്നതിന് തെളിവാണ് കൊച്ചിയിലെ ഒരു ഹോട്ടലിൽ സ്ഥാപിച്ച 'നോ ഹലാൽ' ബോർഡ്. ഹോട്ടലുടമയുടെ ന്യായീകരണത്തിലും അതിനെ പിന്തുണച്ച് മുന്നോട്ടുവന്ന സംഘപരിവാര അഭിഭാഷകന്റെ വാക്കുകളിലും അത് നിഴലിച്ചു കാണാം.

ഹലാൽ ബോർഡിനോടില്ലാത്ത അസഹിഷ്ണുത എന്തിനാണ് നോ ഹലാൽ ബോർഡിനോട് എന്നതാണ് അവരുടെ സങ്കടം! ബുദ്ധിമാനും വിദ്യാസമ്പന്നനുമായ സംഘപരിവാര പ്രവർത്തകനെ വരനായി ലഭിക്കണമെന്ന പരസ്യം ട്രോളായി സമൂഹ മാധ്യമങ്ങളിൽ വൈറലായത് ഓർക്കുകയാണ്. വിദ്യാഭ്യാസവും ബുദ്ധിയുമുണ്ടെങ്കിൽ കേരളത്തിൽ ഒരാൾ സംഘിയാവില്ലെന്നും മറ്റും പറഞ്ഞ് കമന്റ് ബോക്സിൽ ട്രോൾ മഴയായിരുന്നു. നോ ഹലാൽ ബോർഡിനെതിരായും അനുകൂലിച്ചും ട്രോളുകളും പ്രതികരണങ്ങളും ഒഴുകുകയാണ്. അനാവശ്യമായ പ്രതികരണം ആരുതന്നെ നടത്തുന്നതും ശരിയല്ല.

> ഒരു ജനാധിപത്യ രാജ്യത്തെ മനുഷ്യർക്കിടയിൽ വിഭാഗീയത സൃഷ്ടിക്കാനായി ഉടലെടുക്കുന്ന ഫാസിസ്റ്റ് മുന്നേറ്റങ്ങൾ നിറഞ്ഞാടുന്ന വർത്തമാനകാലത്ത് കേരളത്തിലെ മലയാളി മതേതര പ്രബുദ്ധത പ്രതിരോധം തീർക്കുന്നതിനെതിരെ ഹിന്ദുത്വവാദികൾ എങ്ങനെ അസ്വസ്ഥരാകാതിരിക്കും! അവർ കൊതിക്കുന്നത് ന്യൂനപക്ഷങ്ങളുടെ രക്തം പരന്നൊഴുകുന്ന തെരുവുകളെയാണ്. ഹരിയാനയിലെ ഗൊഹാനയിൽ ചത്ത മൃഗങ്ങളുടെ തൊലിയുരിയുകയായിരുന്ന ദളിത് യുവാക്കളെ ചുട്ടുകൊന്നത് ജാതീയത ഉറഞ്ഞ് തുള്ളുന്ന കോമരങ്ങളുടെ രാഷ്ട്രീയമാണ്.

മാംസഭക്ഷണത്തിൽ മുസ്‌ലിംകൾക്ക് ഹലാലല്ലാത്ത ഇനങ്ങൾ ധാരാളമാണ്. ശവം, പന്നിമാംസം, നായ, കടുവ പോലെയുള്ള തേറ്റയുള്ള വന്യമൃഗങ്ങൾ, നഖങ്ങൾകൊണ്ട് ഇരപിടിക്കുന്ന പക്ഷികൾ, വിഷജന്തുക്കൾ, അല്ലാഹുവിന്റെ പേരിലല്ലാതെ അറുക്കപ്പെട്ടത്... അങ്ങനെ പോകുന്നു അതിന്റെ പട്ടിക.

നോ ഹലാൽ ബോർഡ് കാണുന്ന ഒരു മുസ്‌ലിമിന്റെ മനസ്സിൽ വരുന്ന ചില ചിന്തകളുണ്ട്. തിന്നാൻ അറപ്പുതോന്നുന്ന ശവം, പന്നി, പൂച്ച, പട്ടി പോലെയുള്ള ജീവികളുടെ മാംസം അടക്കമുള്ളവ ഈ ഹോട്ടലിൽ ലഭ്യമാണെന്ന തിരിച്ചറിവിൽ മുസ്‌ലിം ഒഴിഞ്ഞുപോകുമെന്നതല്ലാതെ ഒരു പ്രകോപനവും ഉണ്ടാവില്ലെന്നതാണ് സത്യം. നോ ഹലാൽ ബോർഡ് സ്ഥാപിക്കുന്നത് അവരുടെ ഇഷ്ടവും സ്വാതന്ത്ര്യവുമാണ്. എന്നാൽ ഹലാൽ എന്നതിന്റെ വിവക്ഷയും ലക്ഷ്യവും മനസ്സിലാക്കാതെ അതിൽ ഇത്രയും കാലം കാണാത്ത വർഗീയ കണ്ടെത്തുന്നത് ആശാസ്യകരമല്ല.

ഒരു ജനാധിപത്യ രാജ്യത്തെ മനുഷ്യർക്കിടയിൽ വിഭാഗീയത സൃഷ്ടിക്കാനായി ഉടലെടുക്കുന്ന ഫാസിസ്റ്റ് മുന്നേറ്റങ്ങൾ നിറഞ്ഞാടുന്ന വർത്തമാനകാലത്ത് കേരളത്തിലെ മലയാളി മതേതര പ്രബുദ്ധത പ്രതിരോധം തീർക്കുന്നതിനെതിരെ ഹിന്ദുത്വവാദികൾ എങ്ങനെ അസ്വസ്ഥരാകാതിരിക്കും! അവർ കൊതിക്കുന്നത് ന്യൂനപക്ഷങ്ങളുടെ രക്തം പരന്നൊഴുകുന്ന തെരുവുകളെയാണ്. ഹരിയാനയിലെ ഗൊഹാനയിൽ ചത്ത മൃഗങ്ങളുടെ തൊലിയുരിയുകയായിരുന്ന ദളിത് യുവാക്കളെ ചുട്ടുകൊന്നത് ജാതീയത ഉറഞ്ഞ് തുള്ളുന്ന കോമരങ്ങളുടെ രാഷ്ട്രീയമാണ്. ഇങ്ങനെയുള്ള രാഷ്ട്രീയ രാക്ഷസൻമാർക്ക് എങ്ങനെയാണ് മലയാളികളുടെ പ്രബുദ്ധത സ്വീകാര്യമാവുക?

## ഹലാലിന്റ പൊരുൾ

ഇസ്‌ലാം സമഗ്രമായ ഒരു ജീവിതദർശനമാണ്. മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളിലും ഇസ്‌ലാമിക നിയമങ്ങൾ പാലിക്കാൻ ഒരു വിശ്വാസി ബാധ്യസ്ഥനാണ്.

മുശ്‌രിക്കുകളിൽപെട്ട ഒരാൾ സൽമാനുൽ ഫാരിസിയോട് പറഞ്ഞു: "നിങ്ങൾക്ക് നിങ്ങളുടെ നബിﷺ മലമൂത്ര വിസർജന മര്യാദകൾവരെ പഠിപ്പിച്ചുതന്നിട്ടുണ്ടല്ലോ! സൽമാനുൽ ഫാരിസിؓ പറഞ്ഞു: "അതെ, മലമൂത്ര വിസർജനം നടത്തുമ്പോൾ ക്വിബ്‌ലക്ക് മുന്നിടുന്നതിൽനിന്നും വലതുകൈകൊണ്ടു വൃത്തിയാക്കുന്നതിൽനിന്നും വൃത്തിയാക്കാൻ എല്ലുകൾ ഉപയോഗിക്കുന്നതിൽനിന്നും മൂന്നെണ്ണത്തിൽ കുറവായ കല്ലുകൾകൊണ്ട് വൃത്തിയാക്കുന്നതിൽനിന്നും അവിടുന്ന് ഞങ്ങളെ വിലക്കിയിട്ടുണ്ട്" (മുസ്‌ലിം).




വിശ്വാസിയുടെ ജീവിതത്തിലെ സർവതലസ്പർശിയാണ് ഇസ്‌ലാം എന്ന് സാരം.

വിധിവിലക്കുകളെ വേർതിരിച്ചറിയാൻ ഉപയോഗിക്കുന്ന സാങ്കേതിക പദങ്ങളാണ് ഹലാലും (അനുവദനീയം) ഹറാമും (നിഷിദ്ധം). അല്ലാഹുവും പ്രവാചകനും അനുവദിച്ചതെന്തോ അത് ഹലാലും നിഷിദ്ധമാക്കിയത് ഹറാമുമാണ്. അല്ലാഹു പറയുന്നു:

“ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടത്, ശ്വാസംമുട്ടി ചത്തത്, അടിച്ചുകൊന്നത്, വീണുചത്തത്, കുത്തേറ്റു ചത്തത്, വന്യമൃഗം കടിച്ചുതിന്നത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ (ജീവനോടെ) നിങ്ങൾ അറുത്തത് ഇതിൽനിന്നൊഴിവാകുന്നു. പ്രതിഷ്ഠകൾക്കുമുമ്പിൽ ബലിയർപ്പിക്കപ്പെട്ടതും (നിങ്ങൾക്ക്) നിഷിദ്ധമാകുന്നു...” (ക്വുർആൻ 5:3).

“പറയുക: അല്ലാഹു നിങ്ങൾക്കിറക്കിത്തന്ന ആഹാരത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? എന്നിട്ട് അതിൽ (ചിലത്) നിങ്ങൾ നിഷിദ്ധവും (വേറെ ചിലത്) അനുവദനീയവുമാക്കിയിരിക്കുന്നു! പറയുക: അല്ലാഹുവാണോ നിങ്ങൾക്ക് (അതിന്) അനുവാദം തന്നത്? അതല്ല, നിങ്ങൾ അല്ലാഹുവിന്റെ പേരിൽ കെട്ടിച്ചമയ്ക്കുകയാണോ?” (ക്വുർആൻ 10:59).

ഒരു മുസ്‌ലിമിന് എന്തെങ്കിലും താൽപര്യമനുസരിച്ച് അനുവദനീയവും നിഷിദ്ധവും സ്വയം തീരുമാനിക്കാനുള്ള അവകാശമില്ല എന്ന് വ്യക്തം.

“നിങ്ങളുടെ നാവുകൾ വിശേഷിപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇത് അനുവദനീയമാണ്, ഇത് നിഷിദ്ധമാണ് എന്നിങ്ങനെ കള്ളം പറയരുത്. നിങ്ങൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമയ്ക്കുകയത്രെ(അതിന്റെ ഫലം). അല്ലാഹുവിന്റെ പേരിൽ കള്ളംകെട്ടിച്ചമയ്ക്കുന്നവർ വിജയിക്കുകയില്ല; തീർച്ച” (ക്വുർആൻ 16:116).

ഹലാലായത് മാത്രമെ ഉപയോഗിക്കാവൂ എന്ന ഇസ്‌ലാമിന്റ കൽപന മാനവിക മൂല്യങ്ങളുടെ ഉദാത്തമായ സംസ്‌കൃതിയെ ബോധ്യപ്പെടുത്തുന്നവയാണ്. അന്യന്റെ ഉടമസ്ഥതയിലുള്ളതൊന്നും അവന്റ അനുവാദമില്ലാതെ ഉപയോഗിക്കാൻ പാടില്ലെന്ന് നിഷ്‌കർഷിക്കുമ്പോൾ, അവ ഹറാം എന്ന സാങ്കേതിക പദത്തിലൂടെ വ്യക്തമാക്കുന്നു. ഉടമസ്ഥൻ മനസ്സറിഞ്ഞ് അനുവാദം തന്നാലേ ഒരു വിശ്വാസിക്കത് ഹലാൽ (അനുവദനീയം) ആകുകയുള്ളൂ. മഹത്തായ ഇത്തരം നിയമസംഹിതകൾ അനുവർത്തിക്കുന്ന വിശ്വാസികൾക്കൊരിക്കലും അനർഹമായ രീതിയിൽ സമ്പത്തുണ്ടാക്കാൻ കഴിയില്ല. സാമൂഹിക വിവേചനങ്ങൾക്ക് കൂട്ടുനിൽക്കാനുമാകില്ല. കച്ചവട രംഗങ്ങളിൽനിന്ന് തങ്ങളല്ലാത്തവരെ പുറംതള്ളാൻ കുതന്ത്രം മെനയാനാവില്ല. അന്യന്റെ കണ്ണുനീർ കണ്ടില്ലെന്ന് നടിക്കാനാവില്ല. ജാതിവിവേചനത്തിന്റെ മതിൽക്കെട്ടുകൾ പണിത് മുതലെടുക്കാൻ വിശ്വാസി സമൂഹത്തിനാവില്ല. രാജ്യത്തിനും സമൂഹത്തിനും ഭീഷണിയാകുംവിധം വഞ്ചനാപരമായ നിലപാടെടുക്കാനാകില്ല. കാരണം, അതീവ രഹസ്യമായി ചെയ്യുന്ന കാര്യങ്ങൾ പോലും തങ്ങളുടെ ചെയ്തികളെ സദാ നിരീക്ഷിക്കുന്ന പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവിന്റ മുന്നിൽ വിചാരണക്ക് വിധേയമാക്കപ്പെടുമെന്ന ബോധമാണ് വിശ്വാസിയെ നയിക്കുന്നത്. അനർഹമായത് സമ്പാദിക്കുകയോ അപരനെ (ഏത് മതക്കാരനായാലും) വേദനിപ്പിക്കുകയോ ചെയ്യുന്ന സമീപനം ഇസ്‌ലാംമത വിശ്വാസികളിൽനിന്നുണ്ടാവില്ല തന്നെ.

“നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു”(ക്വുർആൻ 67:2).

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 58, ഭാഗം 4

# സൂറഃ ക്വദ് സമിഅല്ലാഹു

(മദീനയിൽ അവതരിച്ചത്)

أَلَمْ تَرَ إِلَى ٱلَّذِينَ تَوَلَّوْا۟ قَوْمًا غَضِبَ ٱللَّهُ عَلَيْهِم مَّا هُم مِّنكُمْ وَلَا مِنْهُمْ وَيَحْلِفُونَ عَلَى ٱلْكَذِبِ وَهُمْ يَعْلَمُونَ ﴿١٤﴾
أَعَدَّ ٱللَّهُ لَهُمْ عَذَابًا شَدِيدًا ۖ إِنَّهُمْ سَآءَ مَا كَانُوا۟ يَعْمَلُونَ ﴿١٥﴾
ٱتَّخَذُوٓا۟ أَيْمَٰنَهُمْ جُنَّةً فَصَدُّوا۟ عَن سَبِيلِ ٱللَّهِ فَلَهُمْ عَذَابٌ مُّهِينٌ ﴿١٦﴾
لَّن تُغْنِىَ عَنْهُمْ أَمْوَٰلُهُمْ وَلَآ أَوْلَٰدُهُم مِّنَ ٱللَّهِ شَيْـًٔا ۚ أُو۟لَٰٓئِكَ أَصْحَٰبُ ٱلنَّارِ ۖ هُمْ فِيهَا خَٰلِدُونَ ﴿١٧﴾
يَوْمَ يَبْعَثُهُمُ ٱللَّهُ جَمِيعًا فَيَحْلِفُونَ لَهُۥ كَمَا يَحْلِفُونَ لَكُمْ ۖ وَيَحْسَبُونَ أَنَّهُمْ عَلَىٰ شَىْءٍ ۚ أَلَآ إِنَّهُمْ هُمُ ٱلْكَٰذِبُونَ ﴿١٨﴾
ٱسْتَحْوَذَ عَلَيْهِمُ ٱلشَّيْطَٰنُ فَأَنسَىٰهُمْ ذِكْرَ ٱللَّهِ ۚ أُو۟لَٰٓئِكَ حِزْبُ ٱلشَّيْطَٰنِ ۚ أَلَآ إِنَّ حِزْبَ ٱلشَّيْطَٰنِ هُمُ ٱلْخَٰسِرُونَ ﴿١٩﴾

14. അല്ലാഹു കോപിച്ച ഒരു വിഭാഗ (യഹൂദർ) വുമായി മൈത്രിയിൽ ഏർപെട്ടവരെ (മുനാഫിഖുകളെ) നീ കണ്ടില്ലേ? അവർ നിങ്ങളിൽ പെട്ടവരല്ല. അവരിൽ (യഹൂദരിൽ) പെട്ടവരുമല്ല. അവർ അറിഞ്ഞു കൊണ്ട് കള്ള സത്യം ചെയ്യുന്നു.
15. അല്ലാഹു അവർക്ക് കഠിനമായ ശിക്ഷ ഒരുക്കിവെച്ചിരിക്കുന്നു. തീർച്ചയായും അവർ ചെയ്തുകൊണ്ടിരിക്കുന്ന കാര്യം എത്രയോ ദുഷിച്ചതായിരിക്കുന്നു.
16. അവരുടെ ശപഥങ്ങളെ അവർ ഒരു പരിചയാക്കിത്തീർത്തിരിക്കുന്നു. അങ്ങനെ അവർ അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് (ജനങ്ങളെ) തടഞ്ഞു. അതിനാൽ അവർക്ക് അപമാനകരമായ ശിക്ഷയുണ്ട്.
17. അവരുടെ സമ്പത്തുകളോ സന്താനങ്ങളോ അല്ലാഹുവിങ്കൽ അവർക്ക് ഒട്ടും പ്രയോജനപ്പെടുകയില്ല. അത്തരക്കാരാകുന്നു നരകാവകാശികൾ. അവർ അതിൽ നിത്യവാസികളായിരിക്കും.
18. അല്ലാഹു അവരെയെല്ലാം ഉയിർത്തെഴുന്നേൽപിക്കുന്ന ദിവസം. നിങ്ങളോടവർ ശപഥം ചെയ്യുന്നത് പോലെ അവനോടും അവർ ശപഥം ചെയ്യും. തങ്ങൾ (ഈ കള്ള സത്യം മൂലം) എന്തോ ഒന്ന് നേടിയതായി അവർ വിചാരിക്കുകയും ചെയ്യും. അറിയുക: തീർച്ചയായും അവർ തന്നെയാകുന്നു കള്ളം പറയുന്നവർ
19. പിശാച് അവരെ കീഴടക്കി വെക്കുകയും അങ്ങനെ അല്ലാഹുവെ പറ്റിയുള്ള ഉൽബോധനം അവർക്ക് വിസ്മരിപ്പിച്ചു കളയുകയും ചെയ്തിരിക്കുന്നു. അക്കൂട്ടരാകുന്നു പിശാചിന്റെ കക്ഷി. അറിയുക; തീർച്ചയായും പിശാചിന്റെ കക്ഷി തന്നെയാകുന്നു നഷ്ടക്കാർ.

14). കപടവിശ്വാസികളുടെ അങ്ങേയറ്റം മോശമായ നിലപാടിനെ കുറിച്ചാണ് അല്ലാഹു പറയുന്നത്. അവർ ജൂത ക്രിസ്ത്യാനികളിൽ പെട്ട സത്യവിശ്വാസികളുടെ ശത്രുക്കളെയും അല്ലാഹു കോപിച്ചവരെയും ആത്മമിത്രങ്ങളാക്കി വെക്കുന്നു. അതിനാൽ അവർക്ക് അല്ലാഹുവിന്റെ ശാപകോപങ്ങൾ ലഭിച്ചു. അവർ വിശ്വാസികളോ അവിശ്വാസികളോ അല്ല. (അവർ നിങ്ങളിൽ പെട്ടവരല്ല. അവരിൽ പെട്ടവരുമല്ല). അവർ അകത്തും പുറത്തും വിശ്വാസികളല്ല. കാരണം അകത്തവർ അവിശ്വാസികളോടൊപ്പവും പുറത്തവർ വിശ്വാസികൾക്കൊപ്പവുമാണ്. ഇങ്ങനെയാണ് അല്ലാഹു അവരെപ്പറ്റി പറഞ്ഞത്. മറിച്ചാണവർ പറയുന്നത്. അതാവട്ടെ, ശുദ്ധമായ കളവും. അവർ വിശ്വാസികളാണെന്ന് സത്യം ചെയ്തു പറയുന്നു. അവർക്ക് തന്നെയറിയാം, അവർ വിശ്വാസികളല്ലെന്ന്.

15). കളവ് പറയുന്നവരും അധർമകാരികളും വഞ്ചകരുമായ ഇവർക്ക് അല്ലാഹു കഠിനമായ ശിക്ഷ തയ്യാറാക്കിവെച്ചിരിക്കുന്നു. അത് കണക്കാക്കാനോ വിശദീകരിക്കാനോ അസാധ്യമായതാണ്. അവർ പ്രവർത്തിക്കുന്നതെത്ര ചീത്ത. അല്ലാഹുവിന്റെ കോപം ലഭിക്കുന്ന കാര്യങ്ങളാണ് അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ശിക്ഷയും ശാപവും അവർക്ക് അനിവാര്യമായിത്തീരുകയും ചെയ്യുന്നു.

> **കളവ് പറയുന്നവരും അധർമകാരികളും വഞ്ചകരുമായ ഇവർക്ക് അല്ലാഹു കഠിനമായ ശിക്ഷ തയ്യാറാക്കിവെച്ചിരിക്കുന്നു. അത് കണക്കാക്കാനോ വിശദീകരിക്കാനോ അസാധ്യമായതാണ്. അവർ പ്രവർത്തിക്കുന്നതെത്ര ചീത്ത. അല്ലാഹുവിന്റെ കോപം ലഭിക്കുന്ന കാര്യങ്ങളാണ് അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.**

16). അവരുടെ ശപഥങ്ങളെ അവർ ഒരു പരിചയാക്കിത്തീർത്തിരിക്കുന്നു). ഒരു പരിചയും പ്രതിരോധവും അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും സത്യവിശ്വാസികളുടെയും ആക്ഷേപങ്ങളിൽ നിന്നു രക്ഷ കിട്ടാനുള്ള ഒരു പരിച. ഇതിലൂടെ അവർ അവരെയും മറ്റുള്ളവരെയും അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് തടയുന്നു. സ്വർഗത്തിലേക്കെത്തിക്കുന്ന ശരിയായ മാർഗമാണത്. അതിൽ നിന്ന് തെറ്റുന്നവർ നരകത്തിന്റെ വഴിയിലാണ് എത്തിപ്പെടുന്നത്. (അതിനാൽ അവർക്ക് അപമാനകരമായ ശിക്ഷയുണ്ട്). അല്ലാഹുവിൽ വിശ്വസിക്കാതെ അവന്റെ വചനങ്ങൾക്ക് കീഴ്പ്പെടാതെ അവർ അഹങ്കരിച്ചു. നിത്യമായ അവന്റെ ശിക്ഷയെ അവർ അവഗണിച്ചു. ആ ശിക്ഷയാകട്ടെ, അവർക്ക് ഇടവേള നൽകുകയോ താമസം വരുത്തുകയോ ഇല്ല.

17). (അവരുടെ സമ്പത്തുക്കളോ സന്താനങ്ങളോ അല്ലാഹുവിങ്കൽ അവർക്ക് ഒട്ടും പ്രയോജനപ്പെടുകയില്ല). അതൊന്നും ശിക്ഷയിൽ നിന്ന് അവരെ തടുക്കുകയില്ല എന്നാണ് ഉദ്ദേശ്യം. യാതൊരു പ്രതിഫലവും അവർക്ക് നേടിക്കൊടുക്കുകയുമില്ല. (അത്തരക്കാരാകുന്നു നരകാവകാശികൾ). പുറത്തുപോകാതെ അതിൽ തന്നെ നിത്യമായി വസിക്കുന്നവർ. (അതിലവർ ശാശ്വതരായിരിക്കുകയും). ഏതൊന്നിലാണോ ഒരാൾ ജീവിച്ചത് അതിൽ തന്നെ അയാൾ മരിക്കുകയും ചെയ്യും.

(18). കപടവിശ്വാസികൾ സത്യവിശ്വാസികൾക്ക് തെറ്റായ ധാരണയുണ്ടാക്കുകയും വിശ്വാസികളാണെന്ന് സത്യം ചെയ്ത് പറയുകയും ചെയ്യുന്നു. എല്ലാവരെയും ഉയിർത്തെഴുന്നേൽപിക്കുന്ന നാളിലും സത്യവിശ്വാസികളോട് സത്യം ചെയ്തു പറഞ്ഞ പോലെ അല്ലാഹുവോട് അവർ സത്യം ചെയ്തു പറയും. ഈ സത്യം മൂലം (അവർ എന്തോ ഒന്ന് നേടിയതായി) അവർ ധരിക്കുകയും ചെയ്യും. അവിശ്വാസവും കാപട്യവും തെറ്റായ വിശ്വാസങ്ങളും അവരുടെ ചിന്തകളിൽ അൽപാൽപമായി വേരുറച്ചതിനാലാണത്. അങ്ങനെ അവർ വഞ്ചിതരാവുകയും അവർക്കെന്തോ പ്രയോജനങ്ങളുണ്ടെന്ന് അവർ വിചാരിക്കുന്നു. അവർ കളവാണ് പറയുന്നത്. ദൃശ്യവും അദൃശ്യവും അറിയുന്നവന്റെയടുക്കൽ കളവ് കൊണ്ട് യാതൊരു പ്രയോജനവുമില്ലെന്നത് വ്യക്തമാണ്.

19). പിശാച് കീഴടക്കി വെക്കുകയും ആധിപത്യം ചെലുത്തുകയും ചെയ്തവർക്ക് സംഭവിക്കുന്നതിതാണ്. അവർക്ക് അവരുടെ പ്രവർത്തനങ്ങൾ അലങ്കാരമാക്കി കാണിക്കുകയും അല്ലാഹുവിന്റെ സ്മരണയെ വിസ്മരിപ്പിക്കുകയും ചെയ്യും. അവർക്ക് തിന്മ മാത്രം ഉദ്ദേശിക്കുന്ന അവരുടെ പ്രത്യക്ഷനായ ശത്രു.

(അവൻ അവന്റെ പക്ഷക്കാരെ ക്ഷണിക്കുന്നത് അവർ നരകാവകാശികളുടെ കൂട്ടത്തിലായിരിക്കാൻ വേണ്ടി മാത്രമാണ്) (35:6)

(അക്കൂട്ടരാകുന്നു പിശാചിന്റെ കക്ഷി. അറിയുക: തീർച്ചയായും പിശാചിന്റെ കക്ഷി തന്നെയാകുന്നു നഷ്ടക്കാർ). അവർക്കവരുടെ മതവും ഭൗതിക ജീവിതവും സ്വന്തങ്ങളെയും കുടുംബങ്ങളെയും നഷ്ടപ്പെട്ടിരിക്കുന്നു.

ശൈഖ് ഇബ്‌റാഹീം ബിൻ അബ്ദില്ല അൽമസ്‌റൂഈ
വിവ: ഫായിസ് ബിൻ മഹ്മൂദ് അൽഹികമി

ലേഖനം



# സ്ത്രീകൾ മതപരമായ അറിവു നേടുന്നതിന്റെ ആവശ്യകത

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, സ്വദേഹങ്ങളെയും നിങ്ങളുടെ ബന്ധുക്കളെയും മനുഷ്യരും കല്ലുകളും ഇന്ധനമായിട്ടുള്ള നരകാഗ്നിയിൽനിന്ന് നിങ്ങൾ കാത്തുരക്ഷിക്കുക. അതിന്റെ മേൽനോട്ടത്തിന് പരുഷസ്വഭാവമുള്ളവരും അതിശക്തന്മാരുമായ മലക്കുകളുണ്ടായിരിക്കും. അല്ലാഹു അവരോട് കൽപിച്ച കാര്യത്തിൽ അവനോടവർ അനുസരണക്കേട് കാണിക്കുകയില്ല. അവരോട് കൽപിക്കപ്പെടുന്നത് എന്തും അവർ പ്രവർത്തിക്കുകയും ചെയ്യും" (ക്വുർആൻ 66:6).

ഇതിന്റെ വിശദീകരണമായി അലിയ്യുബ്നു അബീത്വാലിബ്ﷺ പറയുന്നു: 'അഥവാ, നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും നന്മ പഠിപ്പിക്കുക' (ഹാകിം തന്റെ മുസ്തദ്റകിൽ ഉദ്ധരിച്ചത്, ഇത് സ്ഥിരപ്പെട്ടതാണ്).

അല്ലാഹു സത്യവിശ്വാസികളോട് അവരുടെയും അവരുടെ കുടുംബത്തിന്റെയും അല്ലാഹുവിന്റെ ശിക്ഷയുടെയും ഇടയിൽ സംരക്ഷണകവചം ഉണ്ടാക്കുവാനായി കൽപിച്ചിട്ടുണ്ട്. മതത്തിന്റെ വിധിവിലക്കുകളെ കുറിച്ച് പഠിക്കലും അവയെ കുടുംബത്തിന് പഠിപ്പിച്ചുകൊടുക്കലും

നന്മയിൽ പെട്ടതാണ്. ഒരു മുസ്‌ലിമായ സ്ത്രീ; അവൾ മകളോ സഹോദരിയോ ഭാര്യയോ ആകട്ടെ, അറിവോടുകൂടി അല്ലാഹുവിനെ ആരാധിക്കാൻ ആവശ്യക്കാരിയായിത്തീരുന്നുണ്ട്. അവൾ പുരുഷന്മാരെപ്പോലെ തന്നെ മതവിധികളാൽ കൽപിക്കപ്പെട്ടവളുമാണ്.

അവളുടെ ദീനിനെ അവൾക്ക് പഠിക്കുവാനും നിർദേശങ്ങൾ നൽകുവാനുമായി പിതാവോ സഹോദരനോ ഭർത്താവോ മഹ്റമോ (വിവാഹ ബന്ധം നിഷിദ്ധമായവർ) പോലുള്ളവരെ അവൾക്ക് ആശ്രയിക്കാം. ഇനി അവരെയൊന്നും ഇതിനായി ലഭിച്ചില്ലായെങ്കിൽ മതനിയമങ്ങൾ പാലിച്ചുകൊണ്ട് പണ്ഡിതന്മാരോട് ചോദിച്ച് പഠിക്കുകയും ചെയ്യാം.

ദീനിന്റെ വിധിവിലക്കുകൾ പഠിക്കുന്ന വിഷയത്തിൽ മുസ്‌ലിം സ്ത്രീ പിന്നാക്കം നിൽക്കുകയാണെങ്കിൽ ആ പാപഭാരത്തിന്റെ അധികവും അവളുടെ വലിയ്യോ (രക്ഷിതാവ്), ഉത്തരവാദപ്പെട്ടവരോ ആയവരും ഭാഗികമായി അവളും ചുമക്കേണ്ടി വരും. മുസ്‌ലിംസ്ത്രീയുടെ അവസ്ഥയിലും അവളുടെ അജ്ഞതയിലും ഖേദം പ്രകടിപ്പിച്ചുകൊണ്ട് ഇമാം ഇബ്നുൽ ജൗസി(റഹി) പറയുകയാണ്: "ഞാൻ ജനങ്ങളെ അറിവിലേക്ക് പ്രോത്സാഹനം നൽകിക്കൊണ്ടേയിരിക്കുകയാണ്. കാരണം, അത് നേർമാർഗം പ്രാപിക്കാനുള്ള വെളിച്ചമാണ്. എന്നാൽ അറിവിൽനിന്നും അകന്നുനിൽക്കുകയും തന്നിഷ്ടങ്ങൾക്ക് പ്രാധാന്യം നൽകുകയും ചെയ്യുന്ന സ്ത്രീകളാണ് എന്തുകൊണ്ടും പുരുഷന്മാരെക്കാൾ ഇതിലേക്ക് ആവശ്യക്കാരെന്നാണ് എനിക്ക് തോന്നുന്നത്. (തന്റെ കാലത്തുള്ള അവസ്ഥയെപ്പറ്റിയാണ് അദ്ദേഹം സംസാരിക്കുന്നത്). കാരണം, അധികസമയത്തും അവരുടെ മടിയിൽ വളരുന്ന കുഞ്ഞിന് ക്വുർആൻ ഓതിപ്പഠിപ്പിക്കുകയോ ആർത്തവരക്തത്തിൽനിന്നുള്ള ശുദ്ധി, നമസ്കാരത്തിന്റെ നിർബന്ധ ഘടകങ്ങൾ തുടങ്ങിയവ അറിയുകയോ വിവാഹത്തിനുമുമ്പ് ഭർത്താവിനോടുള്ള തന്റെ ബാധ്യതകൾ മനസ്സിലാക്കുകയോ അവൾ ചെയ്യുന്നില്ല തുടങ്ങി ധാരാളം അപകടങ്ങൾ ഈ വിഷയത്തിലുണ്ട്" (അഹ്കാമുന്നിസാഅ്).

ആയതിനാൽ പൂർണമായ ഇസ്‌ലാമിനെ ആഗ്രഹിക്കുന്ന മുസ്‌ലിംവനിത ഉപകാരപ്രദമായ വിജ്ഞാനം പഠിക്കുകയും സ്ത്രീകളിൽനിന്നുള്ള, തങ്ങളെ പോലുള്ളവർക്കിടയിൽ അത് പ്രചരിപ്പിക്കുകയും വേണം. തീർച്ചയായും മുൻഗാമികളായ സ്ത്രീകൾ ദീനിന്റെ കാര്യങ്ങൾ പഠിച്ച് മനസ്സിലാക്കുവാൻ അങ്ങേയറ്റം താൽപര്യം കാണിച്ചിരുന്നവരായിരുന്നു.

അബൂസഈദ് അൽഖുദ്‌രി(റ)യിൽനിന്ന് നിവേദനം: "സ്ത്രീകൾ അല്ലാഹുവിന്റെ പ്രവാചകനോട് പറഞ്ഞു: 'ഞങ്ങളെക്കാൾ പുരുഷന്മാരാണ് താങ്കളിലേക്ക് അധികമായും വരാറുള്ളത്. അതുകൊണ്ട് താങ്കൾതന്നെ ഞങ്ങൾക്ക് ഒരു ദിവസം നിശ്ചയിച്ചു തരണം.' അപ്പോൾ പ്രവാചകൻ ﷺ അവരെ അഭിമുഖീകരിക്കുവാനായി ഒരു ദിവസം നിശ്ചയിച്ചുകൊടുക്കുകയും അവർക്ക് ഉപദേശങ്ങളും കൽപനകളും നൽകുകയും ചെയ്തു" (സ്വഹീഹുൽ ബുഖാരി).

ഇബ്നുഹജർ(റഹി) ഇതിന്റെ വിശദീകരണത്തിൽ പറയുന്നു: "മതകാര്യങ്ങൾ പഠിക്കുവാൻ സ്വഹാബാവനിതകൾ കാണിച്ച അങ്ങേയറ്റത്തെ താൽപര്യത്തെ ഈ ഹദീഥ് അറിയിക്കുന്നുണ്ട്."

ഇപ്രകാരം മതത്തിൽ പ്രാവീണ്യം നേടാനായി മുസ്‌ലിം വനിതകൾ മുന്നോട്ടു വരേണ്ടതുണ്ട്. വിശ്വാസവും തൗഹീദും തൗഹീദിന്റെ വിപരീതവും മനസ്സിലാക്കുകയും, ആരാധനകളുടെയും ഇടപാടുകളുടെയും വിധിവിലക്കുകൾ, ഇസ്‌ലാമിക സ്വഭാവമര്യാദകൾ തുടങ്ങിയവ പഠിക്കുകയും ചെയ്തുകൊണ്ട് അല്ലാഹുവിന്റെ മതത്തിൽ പാണ്ഡിത്യം ഉണ്ടാക്കുവാനായി നാം നമ്മുടെ സ്ത്രീകളെയും സഹോദരിമാരെയും ഉണർത്തേണ്ടതുണ്ട്.

> **മതത്തിൽ പ്രാവീണ്യം നേടാനായി മുസ്‌ലിം വനിതകൾ മുന്നോട്ടു വരേണ്ടതുണ്ട്. വിശ്വാസവും തൗഹീദും തൗഹീദിന്റെ വിപരീതവും മനസ്സിലാക്കുകയും, ഇസ്‌ലാമിക സ്വഭാവമര്യാദകൾ തുടങ്ങിയവ പഠിക്കുകയും ചെയ്തുകൊണ്ട് അല്ലാഹുവിന്റെ മതത്തിൽ പാണ്ഡിത്യം ഉണ്ടാക്കുവാനായി നാം നമ്മുടെ സ്ത്രീകളെയും സഹോദരിമാരെയും ഉണർത്തേണ്ടതുണ്ട്. മതത്തിൽ പ്രാവീണ്യംനേടലും അറിവുനേടലും പുരുഷന്മാരെ പോലെത്തന്നെ സ്ത്രീകൾക്കും കൂടി നിർബന്ധമായ കാര്യമാണ്. കാരണം, ഇത് അല്ലാഹുവിന്റെ മതത്തിന്റെ അറിവാണ്. ഇസ്‌ലാമിനെ ജീവിപ്പിക്കുവാനും ദീനിനെ വിവരിച്ചുകൊടുക്കുവാനും ഈ അറിവിലേക്കും പ്രവാചകന്റെ മാർഗത്തെ മുറുകെപ്പിടിക്കുന്നതിലേക്ക് ആളുകളെ ക്ഷണിക്കാനുമൊക്കെ വേണ്ടിയാണിത്.**

മതത്തിൽ പ്രാവീണ്യംനേടലും അറിവുനേടലും പുരുഷന്മാരെ പോലെത്തന്നെ സ്ത്രീകൾക്കും കൂടി നിർബന്ധമായ കാര്യമാണ്. കാരണം, ഇത് അല്ലാഹുവിന്റെ മതത്തിന്റെ അറിവാണ്. എന്തിനാണിത്? ഇസ്‌ലാമിനെ ജീവിപ്പിക്കുവാനും ഈ മഹത്തായ ദീനിനെ വിവരിച്ചുകൊടുക്കുവാനും ഈ അറിവിലേക്കും പ്രവാചകന്റെ മാർഗത്തെ മുറുകെപ്പിടിക്കുന്നതിലേക്ക് ആളുകളെ ക്ഷണിക്കുവാനുമൊക്കെ വേണ്ടിയാണിത്.

ഇബ്‌നുൽ ക്വയ്യിം(റഹി) പറഞ്ഞു: "ആരെങ്കിലും ഇസ്‌ലാമിനെ ജീവസ്സുറ്റതാക്കാനായി അറിവ് നേടിയാൽ അവൻ സ്വിദ്ദീക്വുകളുടെ (സത്യവാന്മാരുടെ) കൂടെയായിരിക്കും.അവന്റെ സ്ഥാനം പ്രവാചകന്മാരുടെ സ്ഥാനത്തിനു ശേഷവുമായിരിക്കും" (മിഫ്താഹു ദാരിസ്സആദ).

അതുകൊണ്ട് പുരുഷനാവട്ടെ, സ്ത്രീയാവട്ടെ ഇസ്‌ലാമിനെ ജീവിപ്പിക്കുവാനും പ്രചരിപ്പിക്കുവാനും വേണ്ടി അറിവ് തേടിയാൽ അവൻ സത്യവാന്മാരുടെ കൂടെയും അവന്റെ സ്ഥാനം പ്രവാചകന്മാരുടെ സ്ഥാനത്തിനു ശേഷവുമായിരിക്കും. കാരണം, അവർ പ്രവാചകന്റെ അനന്തരത്തെയാണ് വഹിക്കുന്നതും പ്രചരിപ്പിക്കുന്നതും.

അതുകൊണ്ട് സ്ത്രീകൾ ഈ വിഷയത്തിൽ പ്രത്യേകം ശ്രദ്ധകാണിക്കുക. മതപരമായ അറിവ് നേടുന്ന, അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന, അഗാധമായ പാണ്ഡിത്യമുള്ള, അതിൽ അടിയുറച്ചു നിൽക്കുന്ന, ക്ഷമിക്കുന്ന, അറിവിന്റെ അടയാളങ്ങൾ ജീവിതത്തിൽ പ്രകടമാകുന്ന മാതൃകാവനിതകളെ നമുക്ക് ആവശ്യമുണ്ട്.

ഹസനുൽ ബസ്വരി(റഹി) പറഞ്ഞതുപോലെ; 'ഒരാൾ അറിവ് നേടുകയും അൽപം കഴിയുകയും ചെയ്യുമ്പോൾ തന്നെ അറിവിന്റെ അടയാളം അവന്റെ നമസ്കാരത്തിലും സംസാരത്തിലും ശൈലിയിലും കാണപ്പെടാറുണ്ട്' (അസ്സുഹ്ദ്, അഹ്മദ് ബിൻ ഹമ്പൽ).

ഇത് പുരുഷനെയും സ്ത്രീയെയും ഒരു പോലെ ഉദ്ദേശിച്ചുകൊണ്ടുള്ള സംസാരമാണ്. ഈ അറിവ് അവരെ സ്വാധീനിക്കുക തീർച്ചയാണ്. കാരണം, അവർ വായിക്കുന്നത് 'അല്ലാഹുവും പ്രവാചകനും പറഞ്ഞു,' 'അബൂബക്കർ സിദ്ദീക്ﷺ പറഞ്ഞു,' 'ഇബ്നു മസ്ഊദ്ﷺ പറഞ്ഞു,' 'ഇമാം മാലിക്(റഹി) പറഞ്ഞു,' 'ഇമാം ശാഫിഈ(റഹി) പറഞ്ഞു' എന്നൊക്കെയാണ്. ഇത് പ്രകാശത്തിനുമേൽ പ്രകാശമാണ്. അതിനാൽ നിർബന്ധമായും അവന്റെ നമസ്കാരത്തിലും മറ്റു ആരാധനകളിലും ഇടപാടുകളിലും അറിവിന്റെ അടയാളം പ്രത്യക്ഷപ്പെടുക തന്നെ ചെയ്യും.



അതുകൊണ്ട് നമ്മുടെ ഭാര്യയും സഹോദരിയും മകളും ഉമ്മയുമടങ്ങുന്ന മുസ്‌ലിം സ്ത്രീകളുടെ കാര്യത്തിൽ ശ്രദ്ധ കാണിക്കുക. നാം വല്ലതും പഠിക്കുകയോ അറിവിന്റെ സദസ്സുകളിൽ ഹാജരാവുകയോ ചെയ്താൽ ആ അറിവിനെ നമ്മുടെ കുടുംബക്കാർക്കും പഠിപ്പിച്ചുകൊടുക്കൽ നിർബന്ധമാണ്. ഇത് നാം (ഈ കുറിപ്പിന്റെ) തുടക്കത്തിൽ പാരായണം ചെയ്ത, അല്ലാഹുവിന്റെ കൽപനയെ പിൻപറ്റലാണ്: 'സത്യവിശ്വാസികളേ, സ്വദേഹങ്ങളെയും നിങ്ങളുടെ ബന്ധുക്കളെയും മനുഷ്യരും കല്ലുകളും ഇന്ധനമായിട്ടുള്ള നരകാഗ്നിയിൽനിന്ന് നിങ്ങൾ കാത്തുരക്ഷിക്കുക...'

അഥവാ മതം പഠിപ്പിക്കുന്ന നന്മതിന്മകളെയും ഹറാമിനെയും ഹലാലിനെയും നിങ്ങളുടെ കുടുംബത്തെ പഠിപ്പിക്കുക. ഇത് കുഴപ്പങ്ങളിൽനിന്നും നരകശിക്ഷയിൽനിന്നുമുള്ള സംരക്ഷണമായി മാറും. നമ്മെയെല്ലാവരെയും അല്ലാഹു ആ ശിക്ഷയിൽനിന്നും കാത്തുരക്ഷിക്കുമാറാകട്ടെ.

ഇത് നമുക്ക് ഉപകാരപ്പെടുവാനും നമ്മുടെ സ്ത്രീകളെ നേർമാർഗത്തിലാക്കാനും നമുക്കും അവർക്കും മതത്തിൽ പാണ്ഡിത്യം നൽകാനുമായി അല്ലാഹുവിനോട് പ്രാർഥിക്കുകയാണ്.

**(ആശയ വിവർത്തനം)**

പി.എൻ സോമൻ
mail@nerpatham.com

അനുഭവം



# ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം

6

സംഭവം ഇങ്ങനെ: ഒരിക്കൽ യേശുവിന്റെ ശിഷ്യൻമാർ യേശുവിന്റെ അടുത്തുചെന്നു പറയുന്നു: 'ഗുരൂ, നീ ഞങ്ങളെ പ്രാർഥിക്കാൻ പഠിപ്പിച്ചാലും.' ഉത്തരമായി യേശു പറഞ്ഞു: 'നിങ്ങൾ ഇങ്ങനെ പ്രാർഥിക്കുവിൻ: സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും വരേണമേ. ഞങ്ങൾക്കു ദിവസവുമുള്ള ആഹാരം തരേണമേ. ഞങ്ങളോടു കുറ്റംചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുമ്പോലെ ഞങ്ങളോടും ക്ഷമിക്കേണമേ.' (നിങ്ങൾ ദിവസേന ഇങ്ങനെ പ്രാർഥിപ്പിൻ).

ഉറക്കം കെടുത്തുന്ന ദിനരാത്രങ്ങൾ... ഹോ, ഇതെന്തു മറിമായം! ജിജ്ഞാസയോടെ സഭാധ്യക്ഷനെ സമീപിച്ചു. ആരാധനാദിവസമല്ലായിരുന്നതിനാൽ മറ്റാരും ഇല്ല.

ചോ: 'പാസ്റ്ററേ, നമ്മുടെ പാട്ടും പ്രാർഥനയും സമർപ്പണവുമെല്ലാം യേശുവിനോടാണല്ലോ? (ബൈബിൾ തുറന്നു കാണിച്ചുകൊണ്ടു ചോദിച്ചു). ഇതാ, ഇതു കണ്ടോ; യേശു ശിഷ്യൻമാരോട് പ്രാർഥിക്കാൻ പഠിപ്പിക്കുന്നത്? യാതൊരു സൃഷ്ടികളെയും ദൈ

വസ്ഥാനത്ത് അർപ്പിച്ച് പൂജിക്കുകയോ, പ്രാർഥിക്കുകയോ ചെയ്യരുതെന്നു താങ്കൾ തന്നെ സഭയിൽ പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. എന്നിട്ട് വിപരീതമായി പ്രവർത്തിക്കുന്നു. ഇതെന്താണ്?' എന്റെ ചോദ്യത്തിന് അൽപം ഗൗരവമേറിയിരുന്നു.

ഉ: 'എടാ അഹങ്കാരീ, യേശു മനുഷ്യനല്ല; ദൈവമാണ്. അതൊന്നും മനസ്സിലാക്കാൻ ശ്രമിക്കാതെ ആവശ്യമില്ലാത്ത ചോദ്യങ്ങളും തർക്കങ്ങളുമായി എനിക്ക് തലവേദന ഉണ്ടാക്കുകയാണ് താൻ. സഭയിൽ വന്നിട്ട് ആറുമാസമായി; ഒന്നും പഠിക്കാതെ, പഠിക്കാൻ ശ്രമിക്കാതെ ദൈവദൂഷണവും കുതന്ത്രങ്ങളും തലയിൽ കയറ്റി നിരങ്ങുകയാണ്. അഞ്ചുവർഷം ബൈബിൾ കോളേജിൽ പഠിച്ചിട്ടാ ഞാനീ കോട്ട് ഇട്ടിരിക്കുന്നത്. (പള്ളിയിലേക്ക് ചൂണ്ടിക്കൊണ്ട്) ഇത് ദൈവത്തിന്റെ ആലയമാണ്. ഒരു വയസ്സു മുതൽ 90 വയസ്സുവരെയുള്ള ദൈവവിശ്വാസികൾ ഈ സഭയിലുണ്ട്. വിശ്വാസികളെ മാത്രമെ സഭയ്ക്ക് ആവശ്യമുള്ളൂ. അവിശ്വാസികൾക്ക് ഇവിടെ സ്ഥാനമില്ല. തന്നോടു സംസാരിക്കാനും തർക്കിക്കാനും എനിക്ക് താൽപര്യമില്ല. തനിക്കു പോകാം.'

സഭാധ്യക്ഷന്റെ മറുപടികേട്ട് അകമൊന്നുവെട്ടി വിയർപ്പു മുളക്കാൻ തുടങ്ങി. നാവ് ഉള്ളിലേക്ക് വലിയുകയാണ്. നാണംകെട്ടു തലകുനിച്ചു ലജ്ജിതനായി റോഡിലിറങ്ങി. തിരിച്ചുവരാനിടയില്ലാത്ത യാത്ര. ആറുമാസം പ്രായമുള്ള എല്ലാ പ്രതീക്ഷകളും മരിച്ചുവീണല്ലോ! നിരാശയോടെ ഊരിലെത്തി.

വല്ലാത്ത അസ്വസ്ഥതയും കുറ്റബോധവും ശരീരമാസകലം വരിഞ്ഞുമുറുക്കുന്ന ദിനരാത്രങ്ങൾ. വല്ലാത്ത ഊരാക്കുടുക്കിൽ അകപ്പെട്ടിരിക്കുന്നു. എങ്ങനെ കരകയറും? പക്ഷേ, ഒരു കാര്യം ഉറപ്പാണ്. ഈ പ്രപഞ്ചത്തിൽ ഒരു മഹാശക്തി എവിടെയോ മറഞ്ഞിരിപ്പുണ്ട്; നിലകൊള്ളുന്നുണ്ട്. എങ്ങനെയും ആ സത്യം കണ്ടുപിടിക്കണം. ഏതുവഴി സഞ്ചരിച്ചാൽ കണ്ടെത്താൻ കഴിയും?

ദിവസേന രാവിലെ 5.30ന് റേഡിയോ പ്രഭാഷണം നടത്തുന്ന ബൈബിൾ പണ്ഡിതൻ ഡോ. കെ.പി. യോഹന്നാന്റെ പ്രഭാഷണം ദിവസവും സൂക്ഷ്മമായി ശ്രദ്ധിച്ചു. വിശ്വാസികളുടെ നീറുന്ന പ്രശ്നങ്ങൾക്കും സംശയങ്ങൾക്കും മറുപടി പറയുന്നു.

രണ്ടും കൽപിച്ച് 70 കിലോമീറ്റർ യാത്രചെയ്ത് ഒരു ദിവസം അദ്ദേഹത്തെ നേരിൽ കാണാൻ പോയി. അദ്ദേഹം സ്ഥലത്തില്ലായിരുന്നു. നിരാശപ്പെട്ടില്ല. എനിക്കുള്ള സംശയങ്ങൾ (25 ചോദ്യങ്ങൾ) എഴുതിത്തയ്യാറാക്കി അദ്ദേഹത്തിന് അയച്ചുകൊടുത്തു. ദയവായി മറുപടി അയക്കണമെന്നും അറിയിച്ചിരുന്നു. രണ്ടാഴ്ച കഴിഞ്ഞപ്പോൾ മറുപടി ലഭിച്ചു.

1. യേശു ദൈവമോ, മനുഷ്യനോ?

2. പരിശുദ്ധാത്മാവ് എന്താണ്? ദൗത്യം എന്താണ്?

3. സ്വർഗവും നരകവും ഉള്ളതോ? എന്തിനുവേണ്ടി?

4. ആദവും ഹവ്വയും രണ്ടു പുത്രൻമാരും മാത്രമുണ്ടായിരുന്ന ഭൂമിയിൽ മനുഷ്യപരമ്പര എങ്ങനെ വർധിച്ചു?

5. മരിച്ചു മണ്ണായിത്തീരുന്ന മനുഷ്യരെ, പിന്നീട് എങ്ങനെ ശിക്ഷിക്കും?

6. ഏകനായ ഈശ്വരനെ (യഹോവയെ, ദൈവത്തെ) കണ്ടെത്തുന്നതിന് ഏതു മാർഗം സഞ്ചരിക്കണം?

7. പുനർജന്മം ഉണ്ടോ? എന്തിനുവേണ്ടി?

ഇങ്ങനെ തുടങ്ങിയ 25 സംശയങ്ങളായിരുന്നു ചോദിച്ചിരുന്നത്. അതിനു കിട്ടിയ മറുപടി:

'പ്രിയ സഹോദരാ, താങ്കളുടെ കത്തു വായിച്ചു. സന്തോഷം. ദൈവവചനം ശ്രദ്ധിച്ചാലും മൂഢൻ തന്റെ ഹൃദയത്തിൽ ദൈവമില്ലായെന്നു വിശ്വസിക്കകൊണ്ട് ദൈവം ശപിക്കുകയും സാത്താന്റെ വലയത്തിൽപ്പെട്ടു നഷ്ടപ്പെട്ടവനായിത്തീരുകയും ചെയ്യും. താങ്കൾ നഷ്ടപ്പെട്ടവരുടെ കൂട്ടത്തിൽ പെട്ടു പോകാതിരിക്കാൻ ഞാൻ പ്രാർഥിക്കുന്നു. ആദർശമായ വിഷയങ്ങൾ അന്വേഷിച്ചു ആത്മാവിനെ നഷ്ടത്തിലാക്കാതെ സത്യം ഉൾക്കൊണ്ടു വിജയിക്കുക. കർത്താവായ യേശുവിനെ തന്റെ ദൈവവും രക്ഷകനുമായി ഹൃദയത്തിൽ ഉറപ്പിച്ചു വിശ്വസിച്ചു സ്നാനം ഏൽക്കുകയും ചെയ്യുക. എങ്കിൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും.'

ബൈബിൾ പണ്ഡിതന്റെ ഈ ചുരുങ്ങിയ മറുപടി തീർത്തും നിരാശനാക്കി. യേശു പറഞ്ഞു: 'നിങ്ങൾ അന്വേഷിക്കുവിൻ; കണ്ടെത്തും. മുട്ടുവിൻ; തുറക്കപ്പെടും. യാചിപ്പിൻ; കിട്ടപ്പെടും.'

ബൈബിൾ പണ്ഡിതൻ പറയുന്നു; അന്വേഷിക്കാതെ ഉറച്ചുവിശ്വസിക്കുക. അന്വേഷിക്കാതെ വിശ്വസിക്കാൻ പണ്ഡിതനും അന്വേഷിച്ചു കണ്ടെത്താൻ യേശുവും പറയുന്നു. ഇവരിൽ ആരെ പിൻപറ്റണം?

മാസങ്ങൾ കഴിഞ്ഞു. പഴയ അവസ്ഥയിലേക്ക് ജീവിതദിശ തെന്നിമാറുകയാണ്. പമ്പാനദിയിലെ വഞ്ചി (വള്ളം) കടത്തുകാരനായി ജോലിയുമുണ്ട്. ചില

സുഹൃത്തുക്കൾ ഇടയ്ക്കു ചോദിക്കാറുണ്ട്: 'ദൈവത്തിന്റെ കുഞ്ഞാടേ, എന്താ പള്ളിയിൽപോക്കെല്ലാം മതിയാക്കിയോ? തലമുടിയൊക്കെ വല്ലാതെ പൊഴിഞ്ഞു വെളുക്കുന്നുണ്ടല്ലോ, എന്തുപറ്റി?' ജാള്യത കലർന്ന ചിരിയിൽ മറുപടിയൊതുക്കും.

കാലം കുറെ പിന്നിട്ടപ്പോൾ കുറുമ്പന്റെ ഊരിന്റെ മുഖഛായ ദൈനംദിനം മാറുകയാണ്. പഴമക്കാരെല്ലാം മൺമറയുകയും പുതുതലമുറ പ്രത്യക്ഷപ്പെടുകയും ചെയ്തപ്പോൾ മുൻ വിശ്വാസ, ആചാരാനുഷ്ഠാനങ്ങളെല്ലാം നാമമാത്രമായി ചുരുങ്ങിക്കൊണ്ടിരുന്നു.

പല ജാതി, മതത്തിൽപ്പെട്ടവർ കൃഷിക്കും മറ്റുമായി കടന്നുവരികയും സ്ഥിരതാമസമാക്കുകയും ചെയ്തപ്പോൾ, ഒരു മിശ്രിത ഊരായി മാറിയ കുറുമ്പൻ മൂഴിയിൽ റോഡ് വന്നു. ജനസമ്പർക്കം മൂലം പുറംലോകവുമായുണ്ടായ ബന്ധങ്ങൾ പുതുതലമുറക്ക് സ്കൂൾ വിദ്യാഭ്യാസം, പുതിയ ഭക്ഷണരീതി, ഭവനജീവിതം തുടങ്ങിയ ഒട്ടനവധി പുതുമകൾ സമ്മാനിച്ചു.

എന്നാൽ എന്റെ സംശയങ്ങൾ മാത്രം പരിഹാരമില്ലാതെ, കീറാമുട്ടിയായി കിടന്നു. ഞാനങ്ങനെ നോക്കെത്താദൂരെത്തു കണ്ണുംനട്ടിരിക്കുമ്പോൾ; ഒരിക്കൽ രണ്ടു ക്രിസ്ത്രീയ ഉപദേശികൾ ഞങ്ങളുടെ ഊരുകളിൽ ലഘുലേഖ വിതരണം ചെയ്തുവരവെ എന്റെ വീട്ടിലെത്തി.

ഞങ്ങൾ വിശ്വാസപരമായ വിഷയങ്ങൾ ചർച്ച ചെയ്തു. എന്റെ മുൻകാല ചരിത്രങ്ങളെല്ലാം അവരോടു തുറന്നുപറഞ്ഞു. തുടർന്നുള്ള അന്വേഷണ ലക്ഷ്യം അവരെ ബോധ്യപ്പെടുത്തിയപ്പോൾ ലഭിച്ച മറുപടി ഇതായിരുന്നു:

'സഹോദരാ, ക്രിസ്തുമതത്തെ വികലമാക്കിക്കൊണ്ട് അധികാരത്തിനും പൗരോഹിത്യത്തിനും വേണ്ടി കുബുദ്ധികൾ സത്യക്രിസ്തുമതം വിഭിന്നമാക്കി കൈയാളുകയാണ്. താങ്കൾ ചെന്നുപെട്ടത് ആ കൂട്ടരിലേക്കാണ്. താങ്കൾ അന്വേഷിക്കുന്ന സത്യങ്ങളൊന്നും മറ്റു സഭകളിൽനിന്നും ലഭിക്കില്ല. യഥാർഥ സത്യങ്ങളും വിശ്വാസവും ആരാധനയുമെല്ലാം ലോകത്ത് മികച്ചുനിൽക്കുന്ന ഏകസഭ ഞങ്ങളുടെ ഐ.പി.സിയാണ്. നേരായമാർഗം, സത്യമാർഗം. താങ്കൾ ഞങ്ങളുടെ സഭയിൽ ചേരൂ. എന്തു പ്രശ്നങ്ങൾക്കും സംശയങ്ങൾക്കും പരിഹാരമുണ്ട്.'

ഒരു മണിക്കൂറോളം സമയം സംസാരിച്ചു പിരിയുമ്പോൾ അഞ്ചു മിനിട്ട് എന്റെ കുടുംബത്തിനുവേണ്ടി അവർ പ്രാർഥിച്ചു. സ്വർഗസ്ഥനായ പിതാവിൽ എന്റെ കുടുംബത്തെ സമർപ്പിച്ചുകൊണ്ടുള്ള പ്രാർഥനയും പാസ്റ്ററന്മാരുടെ കണ്ണിൽനിന്നും ഉതിർന്നു വീഴുന്ന കണ്ണീരുമെല്ലാം കൂടി ശോകമയമായ അന്തരീക്ഷം! ഒരു പിടിവള്ളി കിട്ടിയ ആവേശത്തോടെ ഞാൻ അവരിൽ ആകർഷിച്ചു ലയിച്ചുചേർന്നു.

തുടർന്നുള്ള വെള്ളിയാഴ്ചദിവസങ്ങളിൽ രണ്ടു പാസ്റ്റർമാരും 7 കിലോമീറ്റർ ദൂരം കൊടുംവനത്തിൽ കൂടി നടന്ന് എന്റെ വീട്ടിൽ വരാൻ തുടങ്ങി. ആദ്യ ആഴ്ചകളിൽ ഞാനും കുടുംബവും (6 അംഗങ്ങൾ). പിന്നീട് സഹോദര കുടുംബങ്ങൾ. ആഴ്ചകൾ കഴിയുംതോറും കുടുംബങ്ങളുടെ എണ്ണം വർധിച്ചുവന്നു. പാട്ടും കൈയടിയും ആകർഷക പ്രസംഗങ്ങളും തിമിർത്തടിച്ചു കൊഴുക്കുകയാണ്.

സംശയ നിവാരണത്തിനുള്ള അവസരം ലഭിക്കാതെ മാസങ്ങൾ കഴിഞ്ഞുപോയി. എന്റെ വീട് ഒരു ക്രിസ്ത്രീയ ദേവാലയമായി വാഴുകയാണ്. ബൈബിൾ പഴയനിയമം ഉൽപത്തി പുസ്തകം വായിച്ചു ഒരു കീറാമുട്ടി ഉടക്ക് രൂപപ്പെട്ടത് നിവൃത്തിയാക്കാൻ വേണ്ടി, അടുത്ത യാഴ്ച ആരാധന തുടങ്ങുന്നതിനു മുമ്പ് ഞാൻ സംശയം ചോദിച്ചു.

> **കാലം കുറെ പിന്നിട്ടപ്പോൾ കുറുമ്പന്റെ ഊരിന്റെ മുഖഛായ ദൈനംദിനം മാറുകയാണ്. പഴമക്കാരെല്ലാം മൺമറയുകയും പുതുതലമുറ പ്രത്യക്ഷപ്പെടുകയും ചെയ്തപ്പോൾ മുൻ വിശ്വാസ, ആചാരാനുഷ്ഠാനങ്ങളെല്ലാം നാമമാത്രമായി ചുരുങ്ങിക്കൊണ്ടിരുന്നു. പല ജാതി, മതത്തിൽപ്പെട്ടവർ കൃഷിക്കും മറ്റുമായി കടന്നുവരികയും സ്ഥിരതാമസമാക്കുകയും ചെയ്തപ്പോൾ, ഒരു മിശ്രിത ഊരായി മാറിയ കുറുമ്പൻ മൂഴിയിൽ റോഡ് വന്നു. ജനസമ്പർക്കം മൂലം പുറംലോകവുമായുണ്ടായ ബന്ധങ്ങൾ പുതുതലമുറക്ക് സ്കൂൾ വിദ്യാഭ്യാസം, പുതിയ ഭക്ഷണരീതി, ഭവനജീവിതം തുടങ്ങിയ ഒട്ടനവധി പുതുമകൾ സമ്മാനിച്ചു. എന്നാൽ എന്റെ സംശയങ്ങൾ മാത്രം പരിഹാരമില്ലാതെ, കീറാമുട്ടിയായി കിടന്നു. ഞാനങ്ങനെ നോക്കെത്താദൂരെത്തു കണ്ണുംനട്ടിരിക്കുമ്പോൾ; ഒരിക്കൽ രണ്ടു ക്രിസ്ത്രീയ ഉപദേശികൾ ഞങ്ങളുടെ ഊരുകളിൽ ലഘുലേഖ വിതരണം ചെയ്തുവരവെ എന്റെ വീട്ടിലെത്തി.**

ചോ: 'ആദാമിന്റെ ആകെയുള്ള രണ്ടു ആൺമക്കൾ; കായേനും ആവേലും. കായേൻ കൃഷിക്കാരനുംആവേൽ ആട്ടിടയനും. രണ്ടുപേരും ദൈവത്തിനു ബലിയർപ്പിച്ചു. ചീഞ്ഞളിഞ്ഞ, ഉപയോഗശൂന്യമായ ഫലവസ്തുക്കൾ കായേൻ ബലിയായി സമർപ്പിച്ചു. ആയേൻ തന്റെ ആട്ടിൻപറ്റത്തിൽനിന്നും ഏറ്റവും ദൃഢമായ, കൊഴുത്ത, ഭംഗിയുള്ള മൃഗത്തെ ബലിയർപ്പിച്ചു. ദൈവം രണ്ടാമനിൽ പ്രസാദിച്ചു. ഇതിൽ അസൂയയും കലിയും പൂണ്ട ജ്യേഷ്ഠൻ തന്ത്രപൂർവം അനുജനെ വയലിലേക്കു വിളിച്ചുകൊണ്ടുപോയി കല്ലുകൊണ്ട് തലയിൽ ഇടിച്ചു കൊന്നുകളഞ്ഞു. സംഭവം അറിഞ്ഞ ദൈവം കോപിഷ്ഠനായി. ഈ ദേശം വിട്ടുപോകാൻ കായേനോടു ആജ്ഞാപിക്കുകയും ചെയ്തു. കായേൻ ആ ദേശം വിട്ടുപോയി. നോദ് എന്ന ഗ്രാമത്തിൽ പോയി രാപാർത്തു. തന്റെ ഭാര്യയെ പരിഗ്രഹിച്ചു. അവൾ ഗർഭം ധരിച്ചു; സന്താനപരമ്പര ഉണ്ടാകുന്നു. ആവേൻ മരിച്ചശേഷം ഭൂമിയിൽ ആകെ മൂന്നുപേരേയുള്ളൂ. വേറെ ആരെയും ദൈവം സൃഷ്ടിച്ചിട്ടുമില്ല. പിന്നെ കായേൻ രാത്രിയിൽ ഇണചേർന്ന സ്ത്രീ ആരാണ്? എവിടെനിന്നും വന്നു?'

ഉ: 'അതു പഴയനിയമത്തിലെ പഴങ്കഥയാണ്. യേശുവിന്റെ വരവോടുകൂടി പഴയതെല്ലാം അസ്ഥിരപ്പെട്ടുപോവുകയും പുതിയനിയമം ബൈബിൾ നിലവിൽ വരികയും ചെയ്തു. പഴയതൊന്നും പഠിക്കുകയോ വിശ്വസിക്കുകയോ വേണ്ട.'

അന്നത്തെ ആരാധനയിൽ പാസ്റ്റർമാർ രണ്ടും അതിശക്തമായ പ്രാർഥനയാൽ കൊടുമ്പിരികൊണ്ട്, അന്യഭാഷയിൽ (മറുഭാഷ) സംസാരിച്ചു. വേലന്മാർ തുള്ളുന്നതുപോലെ ഉറഞ്ഞു തുള്ളിക്കൊണ്ട് എന്റെ ഭാര്യയുടെ തലയിൽ ഇരുകൈകളും അമർത്തിവച്ച് സഭാഅംഗങ്ങളോട് പ്രഖ്യാപിച്ചു:

'ഈ സഹോദരിക്ക് പരിശുദ്ധാത്മാവിന്റെ കൃപാവരം ലഭിച്ചിരിക്കുന്നു. ഹോ... ഹല്ലേലുയ്യാ... സ്തോത്രം...സ്തോത്രം... ഹോ... ഓ... ഭാഗ്യം ലഭിച്ചവൾ. പരിശുദ്ധാത്മാവിന്റെ കൃപാവരം എല്ലാവർക്കും ലഭിക്കില്ല.'

എന്നെ നോക്കി അയാൾ പറയുകയാണ്: 'സഹോദരാ, ദൈവത്താൽ തിരഞ്ഞെടുത്തവൻ, ആമേൻ... ആമേൻ, സ്തോത്രം... ഹല്ലേലുയ്യാ...ഞങ്ങൾക്കോ ഞങ്ങളുടെ ഭാര്യമാർക്കോ ഇതുവരെ ലഭിക്കാത്ത വരദാനം ഈ സഹോദരന്റെ ഭാര്യക്കു ലഭിച്ചതിൽ എല്ലാവരും സന്തോഷിപ്പിൻ, ആർത്തുല്ലസിക്കിൻ... ഹല്ലേലുയ്യ, സ്തോത്രം.'

അരമണിക്കൂറോളം നടന്ന കോലാഹലം! ഹോ, പരലോകത്തേക്കു പറന്നുപോകുകയാണോ എന്നു പോലും തോന്നിപ്പോയി. ഭാര്യയോ അഭിമാനംപൂണ്ടു നിർവൃതിയിൽ മുറിക്കുള്ളിൽ ഇരുന്നു തുള്ളുകയും ആടിയുലയുകയുമാണ്. സഭാ അംഗങ്ങൾ 'സ്തോത്രം, സ്തോത്രം, ഹല്ലേലുയ്യാ' എന്ന് ഉച്ചത്തിൽ ആക്രോശിച്ചുകൊണ്ടു പ്രോൽസാഹനം നൽകുകയുമാണ്.

പരിശുദ്ധാത്മാവിന്റെ പ്രഖ്യാപനം തീർന്നില്ല. അടുത്ത മുന്നറിയിപ്പ്: 'സഹോദരീ, നിങ്ങളെ തിരഞ്ഞെടുത്തത് വെറുതെയല്ല. ഇനിയും ജോലിയുണ്ട്. ഇനിമുതൽ ഭവനങ്ങൾ സന്ദർശിക്കുകയും യേശുവിന്റെ സന്ദേശം ജനങ്ങളിൽ എത്തിക്കുകയും വേണം. സഹോദരിക്കു ലഭിച്ചിരിക്കുന്ന കൃപാവരം ചെറുതൊന്നുമല്ല. രോഗശാന്തിയുണ്ട്. ഏതു രോഗികൾക്കുവേണ്ടി പ്രാർഥിച്ചാലും ഉടൻ സൗഖ്യം ലഭിക്കും. വീഴ്ചവരുത്തിയാൽ നിങ്ങളുടെ കുടുംബത്തിനു നാശം.'

അട്ടഹാസവും ബഹളവും കേട്ട് അയൽവാസികൾ വന്നു. എന്താ പ്രശ്നമെന്ന് അന്വേഷിച്ചു. രംഗം വീക്ഷിച്ചു നിന്ന ഞാൻ അന്തംവിട്ടുപോയി. ഭാര്യയിലുള്ള പരിശുദ്ധാത്മാവിന്റെ പ്രവേശനം, ഭവന സന്ദർശനം, സന്ദേശമെത്തിക്കൽ... എന്തോ സംഭവിക്കാൻ പോകുന്നതിന്റെ അങ്കലാപ്പ്. ഭാര്യക്ക് അത്ഭുതസിദ്ധി ലഭിച്ചതിൽ മറ്റു സ്ത്രീകൾക്കെല്ലാം ഭാര്യയിൽ അത്ഭുതവും ആരാധനയും ഉണ്ടായി.

ഗത്യന്തരമില്ലാതെ അടുത്ത ദിവസം മുതൽ ഭവന സന്ദർശനത്തിനിറങ്ങി. ഒരു വീട്ടിൽ പോയി പ്രബോധനവും പ്രാർഥനയുമെല്ലാം കഴിഞ്ഞു മടങ്ങിവരവെ ഞാൻ ഭാര്യയോടു ചോദിച്ചു:

'എടീ, ഈ പരിശുദ്ധാത്മാവ് നിന്നിൽ പ്രവേശിക്കുന്നത് എങ്ങനെയാ? എന്താണു അനുഭവപ്പെടുന്നത്.'

ഭാര്യ: 'എനിക്കൊന്നും അറിയില്ല. എല്ലാവരും കൂടി കൈയടിച്ചു പാട്ടുപാടി ഉച്ചത്തിലാക്കുമ്പോൾ തലക്ക് ഒരു മന്ദത അനുഭവപ്പെടും. അപ്പോൾ അറിയാതെ തന്നെ സുബോധം മയങ്ങി ശരീരം ഉലഞ്ഞാടാൻ തുടങ്ങും. അല്ലാതെ പരിശുദ്ധാത്മാവ് ഏതിലേയാ വരുന്നതും ശരീരത്തിൽ കയറുന്നതും എന്നൊന്നും ഞാൻ കണ്ടിട്ടില്ല.'

ഭാര്യയും ഒരു പ്രതീക്ഷതരുന്ന മറുപടി നൽകിയില്ല. ഒരു കാര്യം ഉറപ്പിച്ചു; ബൈബിൾ നന്നായി പഠിക്കുക. മിനക്കെട്ടിരുന്നു പഠനം തുടങ്ങി. പലതവണ ആവർത്തിച്ചു വായിച്ചു. അതോടെ പഴയതിലേറെ സംശയങ്ങൾ പൊങ്ങിവരാൻ തുടങ്ങി.

അടുത്തയാഴ്ച പാസ്റ്റർമാരോട് പറഞ്ഞു: 'എനിക്ക്

ക്രിസ്തുമതവും ബൈബിളും സംബന്ധിച്ചു പല തെറ്റുധാരണകളും സംശയങ്ങളുമുണ്ട്. അതു പരിഹരിച്ചുതരാമെന്ന വ്യവസ്ഥപ്രകാരമാണു നാം ലയിച്ചു പ്രവർത്തിക്കുന്നത്. ഇന്നു സഭപിരിഞ്ഞശേഷം നമുക്കു ചർച്ചചെയ്യണം.' അവർ സമ്മതിച്ചു.

1994ലാണ് ഇത്. ഇതിനിടയിൽ മറ്റു സഭാഅംഗങ്ങളുമായി മറ്റു ചില ചർച്ചകൾ പുരോഗമിക്കുകയാണ്. രണ്ടുമൂന്നു വർഷമായി എന്റെ വീട്ടിൽ നടന്നുവരുന്ന ആരാധന മാറ്റണം. സ്ഥലം വാങ്ങി ചെറിയ പള്ളി വച്ചു മാറണം. എനിക്കും സമ്മതമാണ്.

അന്നത്തെ സഭ പിരിഞ്ഞു. ഞാൻ പാസ്റ്റർമാരെ ഭക്ഷണം കഴിക്കാൻ ക്ഷണിച്ചു. വേണ്ട എന്നായിരുന്നു മറുപടി. അവർ ഭക്ഷണം നിഷേധിച്ചപ്പോൾ എനിക്ക് അമർഷം തോന്നി.

'നിങ്ങൾ 7 കിലോമീറ്റർ വനത്തിലൂടെ നടന്നു പത്തുമണിക്ക് ഇവിടെ വന്നതാണ്. ഇപ്പോൾ രണ്ടു മണിയായി. ആഹാരം കഴിക്കാൻ ഞാൻ നിർബന്ധിച്ചിട്ടും നിങ്ങൾ ഒഴിഞ്ഞുമാറുന്നു. മൂന്നുവർഷം കഴിയുന്നു. ഇന്നേവരെ ഒരു ക്ലാസ് കാപ്പിപോലും കഴിച്ചിട്ടില്ല.'

'സഹോദരാ, അന്നപാനീയങ്ങൾ ഉപേക്ഷിച്ച്, പ്രതിഫലം പറ്റാതെ, ത്യാഗംസഹിച്ചു വേണം ദൈവവചനം ജനങ്ങളിലെത്തിക്കാൻ. ഞങ്ങൾ സഹിക്കുന്ന വിശപ്പിനു കൂലി സ്വർഗത്തിലാണ്.'

'അല്ല. ശരിയല്ല. ഞാൻ ഒരു ആദിവാസി വിഭാഗമായതുകൊണ്ടുള്ള ഐത്തമാണ് ഇതിനു കാരണമെന്ന് ഞാൻ വിശ്വസിക്കുന്നു.'



'അയ്യോ! അങ്ങനെയൊന്നും ചിന്തിച്ചിട്ടുപോലുമില്ല. പോട്ടെ, നമുക്കു വിഷയത്തിലേക്കു കടക്കാം.

'ശരി.'

ചോ: 'യേശു ആരാണ്?'

ഉ: 'ദൈവവും ദൈവപുത്രനും.'

ചോ: 'പരിശുദ്ധാത്മാവ് ആരാണ്.'

ഉ: 'യേശു.'

ചോ: 'പിതാവ് ആരാണ്?'

ഉ: 'യേശു.'

ചോ: 'ഒരാൾക്ക് മൂന്ന് അസ്തിത്വം! മൂന്നു റോളിലും ഒരാൾതന്നെയല്ലേ?'

ഉ: 'അതെ.'

ചോ: 'ദൈവം എന്തിനു ഭൂമിയിൽ വന്നു?'

ഉ: 'മനുഷ്യരുടെയെല്ലാം പാപം പരിഹരിക്കുന്നതിനുവേണ്ടി മനുഷ്യാവതാരം എടുത്ത് മനുഷ്യനായി മനുഷ്യരുടെ ഇടയിൽ ദൈവിക നിയമപ്രമാണങ്ങൾ പ്രബോധനം ചെയ്തു പൂർത്തീകരിച്ചു. കുരിശിലേറി രക്തംചിന്തി പാപങ്ങളെല്ലാം പരിഹരിച്ച് മരിച്ചു. മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ് സ്വർഗ സിംഹാസനത്തിലേക്ക് മടങ്ങി.'

ചോ: 'ഈ കാണുന്ന മഹാപ്രപഞ്ചം മുഴുവൻ സൃഷ്ടിച്ചു സംരക്ഷിച്ചു നിലനിർത്തുന്ന ഏകദൈവം പാപപരിഹാര കർമമായി സ്വയം ക്രൂരമരണത്തിനു വിധേയമാകുന്നു. ഈ സംഭവം എനിക്കു തീരെ വിശ്വസിക്കാനും സമ്മതം മൂളാനും കഴിയില്ല.'


ഉ: 'ആവശ്യമില്ലാത്ത കാര്യങ്ങൾ ചർച്ചചെയ്തു ദൈവനാമം വെറുതെ കളങ്കപ്പെടുത്തരുത്. ഇന്നത്തെ ചർച്ച അവസാനിപ്പിക്കാം. ഞങ്ങൾ ബൈബിൾ കോളേജിൽ പഠിച്ച പണ്ഡിതൻമാരൊന്നുമല്ല. അടുത്ത ആഴ്ച വരുമ്പോൾ സഹോദരന്റെ ഏതു സംശയങ്ങളും പരിഹരിക്കപ്പെടുന്ന ഒന്നോ രണ്ടോ പണ്ഡിതൻമാരെ കൂടി കൊണ്ടുവരാം.'

'ശരി, അങ്ങനയാവട്ടെ.'

നിരാശാ മുഖഭാവത്തോടുകൂടി മൂവരും പിരിഞ്ഞു. സംശയങ്ങൾ ഉപേക്ഷിച്ചു ബൈബിൾ വിദ്യാർഥിയായി പഠിച്ച് അടുത്ത വെള്ളിയാഴ്ചക്കു വേണ്ടി കാത്തിരുന്നു. **(തുടരും)**

ശമീർ മുണ്ടേരി
mundery@gmail.com

ലേഖനം



# ഭക്ഷണം; ഹലാലും ഹറാമും, ഒരു പഠനം

ഹലാലിനെക്കുറിച്ചും ഹറാമിനെക്കുറിച്ചുമുള്ള ചർച്ച വല്ലാതെ നടന്നുകൊണ്ടിരിക്കുകയാണിന്ന്. മുസ്‌ലിം സമൂഹത്തിന് 'ഹലാൽ' ആയ ഭക്ഷണം മാത്രമെ കഴിക്കാൻ പാടുള്ളൂ. അതനുസരിച്ച് അവർ ജീവിക്കുന്നു. എന്നാൽ എന്താണ് ഹലാൽ ഫുഡ് എന്ന് അറിയാത്തവരാണ് ഈ വിവാദങ്ങൾക്ക് പിന്നിൽ എന്നു വേണം കരുതാൻ.

ലോകത്തേക്ക് പ്രവാചകന്മാർ കടന്നുവന്നത് ജനങ്ങളെ നന്മയിലേക്ക് നയിക്കുവാനും തിന്മകളിൽനിന്നു തടയുവാനുമാണ്. മുഹമ്മദ് നബിﷺയുടെ ദൗത്യനിർവഹണത്തെക്കുറിച്ച് അല്ലാഹു പറയുന്നു:

"...അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ലവസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും ചീത്തവസ്തുക്കൾ അവരുടെമേൽ നിഷിദ്ധമാക്കുകയുംചെയ്യുന്നു..." (ക്വുർആൻ 7:157).

ഒരു മനുഷ്യന് പരലോകത്ത് രക്ഷപ്പെടാനുള്ള എല്ലാ നന്മകളും മുഹമ്മദ് നബിﷺ പഠിപ്പിച്ചു. നരകത്തിലേക്ക് അവനെ എത്തിക്കുന്ന എല്ലാ തിന്മകളും വിലക്കുകയും ചെയ്തു. വിശ്വാസികൾക്ക് സുപരിചിതമായ രണ്ടു പദങ്ങളാണ് ഹലാലും ഹറാമും. അല്ലാഹു നിശ്ചയിച്ച പരിധികളാണ് അവ. വിശ്വാസികൾ ആ പരിധികൾ ലംഘിക്കുവാൻ പാടില്ല.

അല്ലാഹു പറഞ്ഞു: "ആർ അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുകയും അവന്റെ (നിയമ) പരിധികൾ ലംഘിക്കുകയും ചെയ്യുന്നുവോ അവനെ അല്ലാഹു നരകാഗ്നിയിൽ പ്രവേശിപ്പിക്കും. അവനതിൽ നിത്യവാസിയായിരിക്കും. അപമാനകരമായ ശിക്ഷയാണ് അവന്നുള്ളത്" (ക്വുർആൻ 4:14).

അതുകൊണ്ടുതന്നെ എന്തെല്ലാമാണ് നിഷിദ്ധമായത് എന്നു പഠിക്കൽ നമ്മുടെ കടമയാണ്. മനുഷ്യന് ആവശ്യമുള്ളതും ഉപയോഗമുള്ളതുമെല്ലാം അനുവദിച്ച മതമാണ് ഇസ്‌ലാം. ശ്രദ്ധയില്ലായ്മകൊണ്ടും അറിവില്ലായ്മകൊണ്ടും നിഷിദ്ധങ്ങൾ നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരാം. ഭക്ഷണ, പാനീയ മേഖലകളിൽ പലപ്പോഴും പലരിലും ഹറാമുകൾ കടന്നുവരുന്നു.

## ഹലാലും ഹറാമും വ്യക്തം

ഹലാലും ഹറാമും വ്യക്തമാണ്. ഇവ രണ്ടിനുമിടയിൽ (ഹറാമിനും ഹലാലിനുമിടയിൽ) അവ്യക്തമായ ചിലതുണ്ട്. അതിനെക്കുറിച്ച് (അവ്യക്തമായത്) ജനങ്ങളിൽ അധികമാളുകളും അജ്ഞരായിരിക്കും. സംശയാസ്പദമായ കാര്യങ്ങളെ ഒരുവൻ സൂക്ഷിച്ചാൽ അവന്റെ മതത്തെയും അഭിമാനത്തെയും അവൻ കാത്തു. സംശയാസ്പദമായ മേഖലയിൽ പെട്ടുപോയവൻ നിരോധിത മേഖലക്ക് ചുറ്റും മേയ്ക്കുന്ന ഇടയനെപ്പോലെയാണ്. അവനതിൽ (നിരോധിത മേഖലയിൽ) കടന്നുപോകാനിടയുണ്ട്..." (ബുഖാരി, മുസ്‌ലിം).

മറ്റൊരു ഹദീഥിൽ നബിﷺ ഇപ്രകാരം പറഞ്ഞതായി കാണാം:"നിശ്ചയം, അല്ലാഹു നിർബന്ധകർമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്; അവ നിങ്ങൾ പാഴാക്കരുത്. അവൻ അതിരുകൾ നിശ്ചയിട്ടുണ്ട്; അവ നിങ്ങൾ അതിക്രമിക്കരുത്. ചില വസ്തുക്കളെ അവൻ പവിത്രമാക്കി; അവ നിങ്ങൾ കളങ്കപ്പെടുത്തരുത്. നിങ്ങളോടുള്ള കാരുണ്യത്താൽ ചില വസ്തുക്കളെ കുറിച്ച് മറവി ബാധിക്കാതെ അവൻ മൗനംദീക്ഷിച്ചിട്ടുണ്ട്. അതിനാൽ അവയെ നിങ്ങൾ ചികഞ്ഞന്വേഷിക്കരുത്" (ബൈഹക്വി).

ഹലാൽഫുഡ് എന്നു പറഞ്ഞാൽ അനുവദനീയമായ ഭക്ഷണം എന്നർഥം. ഹറാം(വിരോധിക്കപ്പെട്ടത്) അല്ലാത്തവയാണ് ഹലാൽ.

## വിശിഷ്ടമായത് ഭക്ഷിക്കുക

അല്ലാഹു അവന്റെ ദൂതന്മാരോട് കൽപിക്കുന്നത് കാണുക: "ഹേ; ദൂതൻമാരേ, വിശിഷ്ട വസ്തുക്കളിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുകയും സൽകർമം പ്രവർത്തിക്കുകയും ചെയ്യുവിൻ. തീർച്ചയായും ഞാൻ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അറിയുന്നവനാകുന്നു" (ക്വുർആൻ 23:51).

ലോകത്തുള്ള എല്ലാ മനുഷ്യരോടുമായി അല്ലാഹു ഇപ്രകാരം പറഞ്ഞു: "മനുഷ്യരേ, ഭൂമിയിലുള്ളതിൽ നിന്ന് അനുവദനീയവും വിശിഷ്ടവുമായത് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക. പിശാചിന്റെകാലടികളെ നിങ്ങൾ പിന്തുടരാതിരിക്കുകയും ചെയ്യുക. അവൻ നിങ്ങളുടെ പ്രത്യക്ഷശത്രുതന്നെയാകുന്നു" (ക്വുർആൻ 2:168).

ഹലാലായ ഭക്ഷണം കഴിക്കണം എന്നുള്ളത് എല്ലാ മനുഷ്യരോടുമുള്ള ക്വുർആനിലെ ആഹ്വാനമാണ്. 'അല്ലയോ മനുഷ്യരേ' എന്നാണ് ക്വുർആൻ ഇവിടെ അഭിസംബോധന ചെയ്യുന്നത്. അഥവാ ലോകത്തുള്ള സകല മനുഷ്യരോടുമുള്ള ഉൽബോധനമാണിത്.

അപ്പോൾ ഒരു വിശ്വാസി ഹലാലും (അനുവദനീയം) ത്വയ്യിബും (വിശിഷ്ടമായത്) മാത്രമെ കഴിക്കാൻ പാടുള്ളൂ. ഉദാഹരണം; നമ്മുടെ പറമ്പിൽ നാം ഒരു വാഴനട്ടു. അതിൽ ഉണ്ടായ പഴം നമുക്ക് ഹലാലും ത്വയ്യിബുമാണ്. എന്നാൽ മറ്റൊരാൾ നമ്മുടെ അനവദാമില്ലാതെ അത് കഴിച്ചാൽ അത് അയാൾക്ക് ത്വയ്യിബ് ആണ്. എന്നാൽ ഹലാൽ അല്ല. എന്നാൽ പഴം കേടുവന്നു. അപ്പോൾ അത് ഹലാൽ ആണ്. പക്ഷേ, ത്വയ്യിബ് അല്ല.

അതുകൊണ്ടുതന്നെ ഭക്ഷണ, പാനീയ മേഖലയിൽ ഏതെല്ലാമാണ് ഹലാൽ എന്നും ഹറാം എന്നും പഠിച്ചു വേണം മുന്നോട്ടുപോകാൻ. ഒരു മനുഷ്യന്റെ ശരീരത്തിന് പോഷണം നൽകുന്ന എല്ലാ ഭക്ഷണവും അല്ലാഹു അനുവദിച്ചുതന്നിട്ടുണ്ട്. അവന്റെ ശരീരത്തിന് ദോഷംവരുത്തുന്ന ഭക്ഷണപാനീയങ്ങൾ വിരോധിക്കുകയും ചെയ്തിട്ടുണ്ട്. അല്ലാഹു നിഷിദ്ധമാക്കിയത് നന്മയാണെന്ന് പറയാൻ ഒരാൾക്കും സാധ്യമല്ല. അല്ലാഹു അനുവദിച്ചത് ശരിയായില്ലെന്നു പറയാനും കഴിയില്ല.

ഏറ്റവും വിശിഷ്ടമായ ഭക്ഷണം ഏതാണ് എന്ന് നബിﷺ പഠിപ്പിച്ചത് ഇപ്രകാരമാണ്: മിഖ്ദാദിൽ رضي الله عنه നിന്ന് നിവേദനം. നബിﷺ പറഞ്ഞു: "സ്വന്തം കൈകൊണ്ട് തൊഴിൽ ചെയ്ത് ഭക്ഷിക്കുന്നതിനെക്കാൾ വിശിഷ്ടമായ ആഹാരം ഒരാളും കഴിച്ചിട്ടില്ല" (ബുഖാരി).

നമ്മുടെ ജീവന്റെ നില നിൽപിന് ഭക്ഷണം ആവശ്യമാണ്. എന്നാൽ ഭക്ഷണം കഴിക്കുന്ന മേഖലകളിൽ അല്ലാഹു പ്രത്യേകം കൽപിച്ച ചില കാര്യങ്ങളുണ്ട്.

അവ വിസ്മരിക്കാൻ പാടില്ല. അടിസ്ഥാനപരമായി അല്ലാഹു മിക്ക ഭക്ഷണവും അനുവദിച്ചിട്ടുണ്ട്. ചിലതു മാത്രമാണ് വിരോധിച്ചത്. കൂടുതലും അനുവദിക്കുകയും കുറച്ചു വിരോധിക്കുകയും ചെയ്തു. ഇത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. അനുവദനീയമായ ഭക്ഷണത്തെക്കുറിച്ചും ഭക്ഷിക്കാൻ പാടില്ലാത്ത ചിലതിനെപ്പറ്റിയും ക്വുർആനിലും ഹദീഥുകളിലും പരാമർശിക്കുന്നുണ്ട്.

### നിഷിദ്ധമായവ സൂക്ഷിക്കണം

നബിﷺ പറഞ്ഞു: "നാലു ഗുണങ്ങൾ ആരിലുണ്ടോ, ഇഹലോകത്തിൽനിന്ന് എന്തു നഷ്ടപ്പെട്ടാലും അവനത് പ്രശ്നമല്ല; അമാനത്ത് സൂക്ഷിക്കൽ, സംസാരത്തിലെ സത്യസന്ധത, സൽസ്വഭാവം, ഭക്ഷണത്തിൽ നിഷിദ്ധമായത് കലരാതിരിക്കൽ (എന്നിവയാണവ)" (അഹ്മദ്).

'തക്വ്‌വ എന്നാൽ അല്ലാഹു ഹറാമാക്കിയത് ഉപേക്ഷിക്കലും കൽപിച്ചത് പ്രവർത്തിക്കലുമാണ്' (ഇബ്നു അബിദ്ദുൻയാ, ജാമിഉൽ ഉലൂമി വൽഹികം).

### അല്ലാഹു അനുവദിച്ച ഭക്ഷണങ്ങൾ

#### 1. കാലികൾ (ആട്, മാട്, ഒട്ടകം)

"കാലികളെയും അവൻ സൃഷ്ടിച്ചിരിക്കുന്നു; നിങ്ങൾക്ക് അവയിൽ തണുപ്പകറ്റാനുള്ളതും (കമ്പിളി) മറ്റു പ്രയോജനങ്ങളുമുണ്ട്. അവയിൽനിന്നുതന്നെ നിങ്ങൾ ഭക്ഷിക്കുകയും ചെയ്യുന്നു" (ക്വുർആൻ 16:5).

#### 2. കുതിര

ജാബിറി(റ)ൽനിന്ന് നിവേദനം: "നബിﷺ ഖൈബർയുദ്ധ ദിവസം (നാടൻ) കഴുതകളുടെ മാംസം ഭക്ഷിക്കുന്നത് വിരോധിക്കുകയും കുതിരമാംസം ഭക്ഷിക്കുന്നതിന് ഇളവ് നൽകുകയും ചെയ്തു" (ബുഖാരി, മുസ്‌ലിം).

#### 3. ഉടുമ്പ്

ഇബ്നുഅബ്ബാസി(റ)ൽനിന്നുള്ള റിപ്പോർട്ട്: "നബിﷺയുടെ ഭക്ഷണത്തളികയിൽവച്ച് ഉടുമ്പ് ഭക്ഷിക്കപ്പെട്ടിട്ടുണ്ട്" (ബുഖാരി, മുസ്‌ലിം).

മറ്റൊരു ഹദീഥിൽ ഇങ്ങനെ കാണാം: "നിങ്ങൾ ഭക്ഷിക്കുക. കാരണം അത് ഹലാലാകുന്നു. എന്നാൽ അത് എന്റെ ഭക്ഷണമല്ല" (ബുഖാരി, മുസ്‌ലിം).

നബിﷺക്ക് ഉടുമ്പിന്റെ മാംസം ഇഷ്ടമായിരുന്നില്ല. അതുകൊണ്ടാണ് അദ്ദേഹം അത് ഭക്ഷിക്കാതിരുന്നത്.

#### 4. കാട്ടുകഴുത

അബൂക്വതാദ(റ)യിൽനിന്നും നിവേദനം. അദ്ദേഹം ഒരു കാട്ടുകഴുതയെ കാണുകയും അതിനെ അറുക്കുകയും ചെയ്തു. നബിﷺപറഞ്ഞു: 'നിങ്ങളുടെ പക്കൽ അതിന്റെ മാംസത്തിൽ വല്ലതും ശേഷിക്കുന്നുണ്ടോ?' ഞങ്ങൾ പറഞ്ഞു: 'ഞങ്ങളുടെ അടുക്കൽ അതിന്റെ കാലുണ്ട്.' നബിﷺ അത് സ്വീകരിക്കുകയും അതിൽനിന്ന് ഭക്ഷിക്കുകയും ചെയ്തു" (ബുഖാരി, മുസ്‌ലിം).

#### 5. മുയൽ

അനസി(റ)ൽനിന്നും നിവേദനം. അദ്ദേഹം ഒരു മുയലിനെ പിടികൂടി. അപ്പോൾ അബൂത്വൽഹ(റ) അതിനെ അറുക്കുകയും അതിന്റെ കാൽവണ്ണ അദ്ദേഹം നബിﷺക്കു കൊടുത്തയക്കുകയും ചെയ്തു. നബിﷺ അതു സ്വീകരിച്ചു" (ബുഖാരി, മുസ്‌ലിം).

#### 6. കോഴി

അബൂമൂസ(റ)യിൽനിന്നും നിവേദനം: "നബിﷺ കോഴിമാംസം ഭക്ഷിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്" (ബുഖാരി, മുസ്‌ലിം).

#### 7. വെട്ടുകിളി

ഇബ്നുഅബീഔഫി(റ)ൽനിന്നും നിവേദനം:"ഞങ്ങൾനബിﷺയുടെ കൂടെ ആറ്അല്ലെങ്കിൽ ഏഴുയുദ്ധങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. അപ്പോഴെല്ലാം ഞങ്ങൾ വെട്ടുകിളിയെ ഭക്ഷിക്കാറുണ്ടായിരുന്നു" (ബുഖാരി, മുസ്‌ലിം).

മുകളിൽ കൊടുത്ത തെളിവുകൾ നമ്മെ പഠിപ്പിക്കുന്ന ഒരു പൊതു തത്ത്വമുണ്ട്. നല്ലതെല്ലാം അല്ലാഹു നമുക്ക് അനുവദിച്ചുതന്നിരിക്കുന്നു. ക്വുർആനിൽ അല്ലാഹു തന്നെ ഇതു പറയുന്നുണ്ട്: "നല്ലവസ്തുക്കളെല്ലാം നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു" (5:4).

### ഏതെല്ലാമാണ് നിഷിദ്ധമായ ഭക്ഷണം?

മനുഷ്യശരീരത്തിന് ഉപദ്രവകരവും മ്ലേച്ഛവുമായ എല്ലാ വസ്തുക്കളും ഭക്ഷണപദാർഥങ്ങളിൽ ഹറാമാണ്. അത് ഭക്ഷിക്കൽ അനുവദനീയമല്ല.

#### 1. പത്തു നിഷിദ്ധ ഭക്ഷണങ്ങൾ

നിഷിദ്ധമായ ഭക്ഷണങ്ങളെക്കുറിച്ചു അല്ലാഹു വിവരിക്കുന്നത് കാണുക: "ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടത്, ശ്വാസംമുട്ടി ചത്തത്, അടിച്ചുകൊന്നത്, വീണുചത്തത്, കുത്തേറ്റുചത്തത്, വന്യമൃഗം കടിച്ചുതിന്നത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ (ജീവനോടെ) നിങ്ങൾ അറുത്തത് ഇതിൽനിന്നൊഴിവാകുന്നു. പ്രതിഷ്ഠകൾക്കു മുമ്പിൽ ബലിയർപ്പിക്കപ്പെട്ടതും (നിങ്ങൾക്ക്) നിഷിദ്ധമാകുന്നു" (ക്വുർആൻ 5:3).

അനുവദനീയമായ ജീവികളിൽ പെട്ടവയാണെങ്കിലും ശ്വാസംമുട്ടി ചത്തത്, അടിച്ചുകൊന്നത്, വീണു ചത്തത്, കുത്തേറ്റുചത്തത്, വന്യമൃഗം കടിച്ചുതിന്നത് തടങ്ങിയവയാണെങ്കിൽ അവ നമുക്ക് നിഷിദ്ധമാണെന്ന് ക്വുർആൻ പഠിപ്പിക്കുന്നു. എന്നാൽ അവ ഇസ്‌ലാം പഠിപ്പിക്കുന്ന രൂപത്തിൽ അറുക്കപ്പെട്ടവയാണെങ്കിൽ ഭക്ഷിക്കുന്നത് ഹലാലാകുന്നു.

**2. ജീവനുള്ള മൃഗത്തിൽനിന്ന് മുറിച്ചെടുക്കപ്പെട്ടത്**

അബൂവാകിദ് അല്ലയ്ഥിയിൽനിന്നുള്ള റിപ്പോർട്ടിൽ നബിﷺ ഇങ്ങനെ പറഞ്ഞതായി കാണാം: "ജീവനുള്ള മൃഗത്തിൽ നിന്ന് മുറിച്ചെടുക്കപ്പെട്ടത് ഫലത്തിൽ ശവംതന്നെയാണ്."

**3. വന്യമൃഗങ്ങൾ**

സിംഹം, ചെന്നായ, പുലി, ചീറ്റ, നായ പോലുള്ള, ദംഷ്ട്രങ്ങൾകൊണ്ട് വേട്ടയാടുന്ന, കരയിലെ ജന്തുക്കൾ നമുക്ക് നിഷിദ്ധമാണ്. നബിﷺ പറഞ്ഞു: "വന്യമൃഗങ്ങളിൽനിന്ന് ദംഷ്ട്രങ്ങളുള്ളവയെ നബിﷺ നിരോധിച്ചിരിക്കുന്നു" (ബുഖാരി).

**4. പക്ഷികളിൽ വന്യമായവ**

കഴുകൻ, പരുന്ത്, പോലുള്ള; നഖങ്ങൾകൊണ്ടു വേട്ടയാടുന്ന പക്ഷികൾ.

ഇബ്നുഅബ്ബാസി(റ)ൽ നിന്ന് നിവേദനം: "വന്യമൃഗങ്ങളിൽനിന്ന് ദംഷ്ട്രങ്ങളുള്ളവയെയും പക്ഷികളിൽ നിന്ന് വളഞ്ഞനഖങ്ങളുള്ളവയെയും നബിﷺ വിരോധിച്ചിരിക്കുന്നു" (മുസ്‌ലിം).

അതുപോലെ മ്ലേച്ഛവസ്തുക്കൾ ആഹാരമായി സ്വീകരിക്കുന്നവയെയും നബിﷺ വിരോധിച്ചതു കാണാം. കാക്ക ഒരു ഉദാഹരണം.

**5. വധിക്കുവാൻ കൽപനയുള്ള എല്ലാമൃഗങ്ങളും ഹറാമാകുന്നു**

പാമ്പ്, തേൾ, എലി, കഴുകൻ പോലെ മനുഷ്യന് അപകടം വരുത്തുന്നതും പ്രയാസങ്ങൾ സൃഷ്ടിക്കുന്നതുമായ ജീവികളെ കൊല്ലാൻ നബിﷺ കൽപിച്ചതു കാണാം. അവയെ ഭക്ഷിക്കുന്നതും നിഷിദ്ധമാണ്.

നബിﷺ പറഞ്ഞു: "അഞ്ചു ജീവികൾ കുഴപ്പകാരികളാകുന്നു. ഹറമിലും (പവിത്രമാക്കട്ടെ സ്ഥലം) അവയെ കൊല്ലാൻ അനുവാദമുണ്ട്. തേൾ, കഴുകൻ, കാക്ക, എലി, ഉപദ്രവകാരിയായ നായ എന്നിവയാകുന്നു അവ. അവ മലിനവും മ്ലേച്ഛവുമായതിനാലാണത്" (ബുഖാരി).

**6. നാടൻകഴുതകൾ**

ജാബിറി(റ)ൽനിന്ന് നിവേദനം: "നബിﷺ ഖൈബർ യുദ്ധദിവസം (നാടൻ) കഴുതകളുടെ മാംസം വിരോധിച്ചു" (ബുഖാരി).

**7. നജസ് തിന്നുന്ന ജീവികൾ**

ഇബ്നുഉമറി(റ)ൽനിന്നു നിവേദനം: "ജല്ലാലയെ (കാഷ്ഠവും മലിനവസ്തുക്കളും ഭക്ഷിക്കുന്ന ജീവികൾ) തിന്നുന്നത് നബിﷺ വിരോധിച്ചു" (അബൂദാവൂദ്).

**8. വിഷം, മദ്യം**

ലഹരിയും തളർച്ചയുമുണ്ടാക്കുന്ന, ശരീരത്തിന് ഹാനികരമായവ നിഷിദ്ധമാണ്. അല്ലാഹു പറഞ്ഞു: "അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ ചെലവുചെയ്യുക. (പിശുക്കും ഉദാസീനതയുംമൂലം) നിങ്ങളുടെ കൈകളെ നിങ്ങൾതന്നെ നാശത്തിൽ തള്ളിക്കളയരുത്. നിങ്ങൾ നല്ലത് പ്രവർത്തിക്കുക. നന്മ ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകതന്നെ ചെയ്യും" (ക്വുർആൻ 2:195).

നിങ്ങളുടെ കൈകളെ നിങ്ങൾതന്നെ നാശത്തിൽ തള്ളിക്കളയരുത് എന്നതിന് പണ്ഡിതന്മാർ നൽകിയ വിശദീകരണം; നമ്മുടെ ശരീരത്തെ നശിപ്പിക്കുന്ന ഭക്ഷണ പദാർഥങ്ങൾ ഉപേക്ഷിക്കണം എന്നാണ്. മറ്റൊരു ആയത്തിൽ അല്ലാഹു 'നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്' (4:23) എന്നു പഠിപ്പിക്കുന്നുണ്ട്.


**വിവാദങ്ങളുണ്ടാക്കുന്നവരോട്...**

വിവിധ മതങ്ങളിൽ വിശ്വസിക്കുന്നവർ പരസ്പരം സ്നേഹിച്ചും അറിഞ്ഞും ജീവിക്കുന്നു എന്നതാണ് നമ്മുടെ നാടിന്റെ പ്രത്യേകത. ഓരോരുത്തർക്കും തങ്ങളുടെ വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും മുറുകെ പിടിച്ചു മുന്നോട്ടുപോകാൻ ഭരണഘടന അനുവാദം നൽകുന്നുണ്ട്. ഇഷ്ടമുള്ളത് ഭക്ഷിക്കാനും ഭക്ഷിക്കാതിരിക്കാനും അവകാശമുണ്ട്.

മുസ്‌ലിംകൾക്ക് മാത്രമായി ഇവിടെ ഒരു ഭക്ഷണവും ഇല്ല. എന്നാൽ ഏതു കാര്യത്തിലും അല്ലാഹുവിന്റെ തൃപ്തി മുസ്‌ലിമിന് പ്രധാനമാണ്. അത് ഭക്ഷണത്തിലും ഉണ്ട്. അല്ലാഹു നിഷിദ്ധമാക്കിയതിനാലാണ് മുസ്‌ലിം വർജിക്കുന്നത്. അത് അന്യമത വിഭാഗങ്ങളോടുള്ള വിദ്വേഷത്തിന്റെ ഭാഗമേഅല്ല. മുസ്‌ലിമായ ഒരാൾ ഉണ്ടാക്കി എന്നതുകൊണ്ട് എല്ലാ ഭക്ഷണപദാർഥങ്ങളും ഹലാൽ ആകില്ല. അമുസ്‌ലിം ഉണ്ടാക്കി എന്നതുകൊണ്ട് ഹറാമും ആകില്ല. ഹലാൽ ഫുഡ് എന്ന പുതിയചർച്ചക്ക് മൂർച്ചകൂട്ടുന്നവർ തങ്ങളുടെ മതമൂല്യങ്ങളെ മുറുകെപിടിക്കുന്നവരല്ല. മറിച്ച് വർഗീയ ധ്രുവീകരണം ലക്ഷ്യമാക്കി അജണ്ടകൾ മെനയുന്നവരാണ്.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com





മുഹമ്മദ് നബിﷺ 6

# നബിﷺയുടെ ഏകാന്തവാസം

മുഹമ്മദ്ﷺ പ്രവാചകത്വത്തിന് മുമ്പും ശേഷവും ആർക്കും മാതൃയാകും വിധമാണ് ജീവിച്ചിരുന്നത് എന്നു നാം മനസ്സിലാക്കി. ജാഹിലിയ്യ കാലത്തെ അറബികളുടെ മൂല്യച്യുതിയുടെ ആഴം ചെറുതായിരുന്നില്ല. അവരുടെ വഴിവിട്ട ജീവിതം പ്രവാചകനെ വല്ലാതെ വിഷമിപ്പിച്ചിരുന്നു. സമൂഹത്തിന്റെ അന്ധവിശ്വാസങ്ങളോടും അരാജകത്വങ്ങളോടും നീരസവും വിമുഖതയും നബിﷺയിൽ നിലനിന്നു. സമൂഹത്തിൽനിന്നും അകന്നുമാറി ഏകാന്തനായി ജീവിക്കുന്നത് അദ്ദേഹത്തിന് പ്രിയങ്കരമായിത്തോന്നി. ഈ ചിന്ത ദിനംപ്രതി വർധിച്ചു. നുബുവ്വത്ത് (പ്രവാചകത്വം) ലഭിക്കാൻ പോകുന്നതിന്റെ പല അടയാളങ്ങളും നബിﷺയിൽ ഉണ്ടാകാൻ തുടങ്ങി. നബിﷺക്ക് താൻ നബിയാകാൻ പോകുന്നു എന്നതിനെപ്പറ്റി അറിവില്ലായിരുന്നെങ്കിലും പലതരത്തിലുള്ള പ്രത്യേകതകളും അവിടുത്തെ ജീവിതത്തിൽ സംഭവിക്കാൻ തുടങ്ങി. നബിﷺ മക്കയിലൂടെ നടന്നുപോകുമ്പോൾ ഒരു കല്ല് അവിടുത്തോട് സലാം പറയാൻ തുടങ്ങിയത് അതിൽപെട്ട ഒരു പ്രത്യേകതയായിരുന്നു. അതിനെപ്പറ്റി നബിﷺ പറയുന്നത് കാണുക:

ജാബിറുബ്നു സമുറؓയിൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'ഞാൻ (പ്രവാചകനായി) നിയോഗിക്കപ്പെടുന്നതിന് മുമ്പ് എന്നോട് സലാം പറയാറുണ്ടായിരുന്ന മക്കയിലെ ഒരു കല്ലിനെപ്പറ്റി തീർച്ചയായും എനിക്ക് അറിയാം. തീർച്ചയായും ഇപ്പോഴും ഞാൻ അതിനെ തിരിച്ചറിയുന്നു."

പ്രവാചകനായി നിയോഗിക്കപ്പെടുന്നതിനു മുമ്പ് നബിﷺ ഇടയ്ക്കിടക്ക് ചില സ്വപ്നങ്ങൾ കാണാറുണ്ടായിരുന്നു. ഈ സ്വപ്നങ്ങൾ പ്രഭാതം പൊട്ടിവിടരുന്നതുപോലെ സത്യമായി പുലരുകയും ചെയ്യും! ആഇശؓ അതിനെപ്പറ്റി നമുക്ക് പറഞ്ഞുതരുന്നുണ്ട്.

നബിﷺയുടെ പത്നി ആഇശؓ പറഞ്ഞു: "അല്ലാഹുവിന്റെ റസൂലിﷺന് ആദ്യമായി വഹ്‌യിന് തുടക്കം കുറിച്ചത് സത്യസന്ധമായ സ്വപ്നത്തിലൂടെയായിരുന്നു. നബിﷺ (ഒരു) സ്വപ്നവും കാണാറില്ലായിരുന്നു; പ്രഭാതം പൊട്ടിവിടരുന്നതുപോലെ (ആ) സ്വപ്നം പുലരാതെയല്ലാതെ. പിന്നീട് അവിടുത്തേക്ക് ഏകാന്തവാസം ഇഷ്ടമാക്കപ്പെട്ടു. അങ്ങനെ നബിﷺ ഹിറാഅ് ഗുഹയിൽ ആരാധനയിലായി കുറെ രാത്രികൾ കുടുംബത്തിലേക്ക് മടങ്ങുന്നതിന് മുമ്പ് കഴിച്ചുകൂട്ടും. അതിനുള്ള പാഥേയം അവിടുന്ന് കരുതിയിരുന്നു. പിന്നീട് ഖദീജؓയുടെ അടുക്കലേക്ക് മടങ്ങും. അങ്ങനെ അവിടുത്തേക്ക് സത്യം വെളിപ്പെടുന്നതുവരെ അതുപോലെയുള്ള പാഥേയം ഒരുക്കുമായിരുന്നു. (അങ്ങനെ) അദ്ദേഹം ഹിറാഅ് ഗുഹയിൽ ആയിരിക്കെ മലക്ക് വന്നു. എന്നിട്ട് (മലക്ക്) പറഞ്ഞു: 'വായിക്കുക.' അപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'ഞാൻ വായിക്കുന്നവനല്ല.' നബിﷺ പറഞ്ഞു: 'എനിക്ക് വിഷമം ഉണ്ടാകുന്നതുവരെ (മലക്ക്) എന്നെ പിടിക്കുകയും പൊതിയുകയും ചെയ്തു. പിന്നെ എന്നെ വിട്ടു.' എന്നിട്ട് പറഞ്ഞു: 'വായിക്കുക.' ഞാൻ പറഞ്ഞു: 'ഞാൻ വായിക്കുന്നവനല്ല.' എനിക്ക് വിഷമം ഉണ്ടാകുന്നത് വരെ രണ്ടാമതും (മലക്ക്) എന്നെ പിടിക്കുകയും പൊതിയുകയും ചെയ്തു. പിന്നെ എന്നെ വിട്ടു. എന്നിട്ട് പറഞ്ഞു: 'വായിക്കുക.' ഞാൻ പറഞ്ഞു: 'ഞാൻ വായിക്കുന്നവനല്ല.' എനിക്ക് വിഷമം ഉണ്ടാകുന്നതുവരെ മൂന്നാമതും (മലക്ക്) എന്നെ പിടിക്കുകയും പൊതിയുകയും ചെയ്തു. പിന്നെ എന്നെ വിട്ടു. എന്നിട്ട് (മലക്ക്) പറഞ്ഞു: 'സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ നീ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക. നിന്റെ രക്ഷിതാവ് ഏറ്റവും വലിയ ഔദാര്യവാനാകുന്നു. പേനകൊണ്ട് പഠിപ്പിച്ചവൻ. മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു" (സൂറ അലക് 1-5).

നബിﷺ അതുമായി പേടിച്ച് മടങ്ങി. അങ്ങനെ ഖദീജؓയുടെ അടുക്കൽ പ്രവേശിച്ചു. എന്നിട്ട് അവിടുന്ന് അവരോട് പറഞ്ഞു: 'എന്നെ പുതപ്പിക്കൂ, എന്നെ പുതപ്പിക്കൂ.' അങ്ങനെ അവിടുത്തെ ഭയം നീങ്ങുന്നതുവരെ അവർ അദ്ദേഹത്തെ പുതപ്പിച്ചു. അദ്ദേഹം ഖദീജؓയോട് പറഞ്ഞു: 'ഖദീജാ, എനിക്ക് എന്തുപറ്റി? ഞാൻ എന്റെ കാര്യത്തിൽ പേടിക്കുന്നു!' എന്നിട്ട് അവരോട് ആ വിവരം അറിയിച്ചു. ഖദീജؓ പറഞ്ഞു: 'അങ്ങനെയല്ല, അങ്ങ് സന്തോഷിക്കുക. അല്ലാഹുവാണ (സത്യം) അല്ലാഹു അങ്ങയെ ഒരിക്കലും നിന്ദിക്കുകയില്ല. അല്ലാഹുവാണ (സത്യം), അങ്ങ് കുടുംബ ബന്ധം ചേർക്കുന്നു. സത്യം പറയുന്നു. (കഷ്ടപ്പെടുന്നവന്റെ) ഭാരം ചുമക്കുന്നു. ഇല്ലാത്തവന് വേണ്ടി സമ്പാദിക്കുന്നു. അതിഥിയെ മാനിക്കുന്നു. അവകാശം നഷ്ടപ്പെട്ടവരെ സഹായിക്കുന്നു.' എന്നിട്ട് ഖദീജؓ അദ്ദേഹത്തെ തന്റെ പിതൃവ്യനായ വറകതുബ്നു നൗഫലിന്റെ അടുത്തേക്ക് കൊണ്ടുപോയി. അദ്ദേഹം ജാഹിലിയ്യ കാലത്ത് ക്രിസ്ത്യാനിയായിരുന്നു. അദ്ദേഹം അറബിയിൽ എഴുതും. ഇഞ്ചീലിൽനിന്ന് അല്ലാഹു ഉദ്ദേശിച്ചത് അറബിയിൽ എഴുതാറുണ്ടായിരുന്നു. അദ്ദേഹം വലിയ പ്രായമുള്ള, അന്ധത ബാധിച്ച ആളായിരുന്നു. ഖദീജؓ പറഞ്ഞു: 'ഓ, പിതൃവ്യ പുത്രാ, താങ്കളുടെ സഹോദര പുത്രനിൽനിന്ന് (അദ്ദേഹം പറയുന്നത്) കേട്ടാലും.' വറകത് പറഞ്ഞു: 'ഓ, സഹോദര പുത്രാ, എന്താണ് താങ്കൾ കണ്ടത്?' അപ്പോൾ നബിﷺ കണ്ടതെല്ലാം അദ്ദേഹത്തോട് പറഞ്ഞു. അപ്പോൾ വറകത് പറഞ്ഞു: 'ഇത് മൂസായുടെമേൽ ഇറക്കപ്പെട്ട മലക്കാകുന്നു. നിന്റെ സമൂഹം നിന്നെ പുറത്താക്കുന്ന സമയത്ത്...' റസൂൽﷺ ചോദിച്ചു: 'അവർ എന്നെ പുറത്താക്കുമെന്നോ?' വറകത് പറഞ്ഞു: 'അതെ, നിനക്ക് കൊണ്ടു വന്നതുമായി വന്നിട്ടുള്ള ഏതൊരാളും ഉപദ്രവിക്കപ്പെടാതെ വന്നിട്ടില്ല. നിന്നെ (അവർ ഉപദ്രവിക്കുന്ന) ദിവസത്തിൽ ഞാൻ ജീവിച്ചിരിക്കുന്നവനാണെങ്കിൽ നിന്നെ ഞാൻ ബലിഷ്ഠമായി സഹായിക്കുക തന്നെ ചെയ്യും.' പിന്നീട് താമസിയാതെ വറകത് മരണപ്പെട്ടു. അങ്ങനെ നബിﷺ ദുഃഖിതനാകുന്നതുവരെ വഹ്‌യ് (അൽപകാലം) നിന്നു" (ബുഖാരി).

ദീർഘമായ ഈ ഹദീഥിന്റെ തുടക്കത്തിൽ നബിﷺയുടെ വഹ്‌യിന്റെ ആരംഭം സത്യസന്ധമായ സ്വപ്നമായിരുന്നു എന്നത് മനസ്സിലാക്കാം. അ

ഥവാ, പ്രവാചകൻﷺ ഉറക്കത്തിൽ കാണുന്ന ഓരോ സ്വപ്നവും പകൽ വിടരുന്നതുപോലെ സത്യമായി പുലർന്നു വന്നിരുന്നു. ഇത് പ്രവാചകത്വത്തിന്റെ തുടക്കത്തിനുള്ള ഒരു അടയാളമായിരുന്നു. ഈ കാര്യം നബിﷺക്ക് തിരിച്ചറിയാൻ പറ്റിയിരുന്നില്ല. മറഞ്ഞകാര്യങ്ങൾ അവിടുത്തേക്ക് സ്വന്തമായി അറിയില്ലല്ലോ. ശേഷം അവിടുത്തേക്ക് ഏകാന്തവാസം ഇഷ്ടമാകുകയും ഹിറാഅ് ഗുഹയിൽ ഏകാന്തനായി ആരാധനയിൽ കഴിച്ചുകൂട്ടുകയും ചെയ്തു. ഏകാന്തവാസത്തിനായി ഹിറാഅ് ഗുഹ തെരഞ്ഞെടുക്കാൻ കാരണം അവിടെനിന്നു നോക്കിയാൽ കഅ്ബ നന്നായി തെളിഞ്ഞ് കാണാമായിരുന്നു എന്നതാണ് എന്ന് ചരിത്രകാരന്മാർ പറയുന്നു. ഹിറാഅ് ഗുഹയിൽ ഏകാന്തനായി, ധ്യാനനിരതനായി നബിﷺ കഴിച്ചുകൂട്ടും. അങ്ങനെ ധാരാളം രാത്രികൾ വീട്ടിലേക്ക് മടങ്ങാതെ അവിടെത്തന്നെ കഴിയാറായിരുന്നു പതിവ്. ഭക്ഷണവും വെള്ളവുമെല്ലാം പത്നി ഖദീജؓ തയ്യാറാക്കിക്കൊടുക്കും. അതുമായി അവിടുന്ന് ഹിറാഅ് ഗുഹയിലേക്ക് പോകും. പാഥേയം തീർന്നാൽ വീട്ടിലേക്ക് മടങ്ങിവരും. ഇത് ആവർത്തിച്ചുകൊണ്ടിരുന്നു.

അങ്ങനെ ഒരു ദിവസം നബിﷺ ഹിറാഅ് ഗുഹയിൽ ഏകാന്തനായി ഇരിക്കുമ്പോൾ അവിടെ ജിബ്‌രീൽ എന്ന മലക്ക് പ്രത്യക്ഷപ്പെട്ടു. എഴുത്തും വായനയും അറിയാത്ത പ്രവാചകﷺനോട് ജിബ്‌രീൽؑ ആദ്യമായി കൽപിച്ചത് വായിക്കാൻ വേണ്ടിയായിരുന്നു. 'ഞാൻ വായിക്കുന്നവനല്ല, അഥവാ എനിക്ക് വായന അറിയില്ല' എന്നായിരുന്നു മറുപടി. നബിﷺയെ ജിബ്‌രീൽ ശക്തമായി മൂന്നുതവണ ആലിംഗനം ചെയ്യുകയും വിടുകയും ചെയ്തു. ആ ശക്തമായ പിടുത്തത്തിൽ നബിﷺക്ക് വല്ലാത്ത ക്ലേശം അനുഭവപ്പെട്ടു. തുടർന്ന് ക്വുർആനിലെ സൂറതുൽ അലക്വിലെ ആദ്യ സൂക്തങ്ങൾ ഓതിക്കൊടുക്കുകയും ചെയ്തു. അത് ഒരു റമദാനിൽ ആയിരുന്നു; നബിﷺയുടെ നാൽപതാമത്തെ വയസ്സിന്റെ തുടക്കത്തിൽ. ഇതിന്റെ അടിസ്ഥാനത്തിലാണ് നബിﷺയുടെ ജനനം റമദാനിലായിരുന്നു എന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുള്ളത്.

വഹ്‌യിന് ഒരു ഭാരം ഉണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ആഇശؓയുടെ മടിയിൽ നബിﷺ തലവെച്ച് കിടക്കുമ്പോൾ വഹ്‌യ് ലഭിക്കുന്ന സന്ദർഭങ്ങളിൽ ആഇശؓ അനുഭവിച്ചിരുന്ന പ്രയാസം ഹദീഥുകളിൽ കാണാം. അതുപോലെ ഈ ക്വുർആൻ ഒരു പർവതത്തിലാണ് ഇറക്കിയിരുന്നതെങ്കിൽ അത് വിനയപ്പെടുകയും അല്ലാഹുവിനെക്കുറിച്ചുള്ള പേടിയാൽ പൊട്ടിപ്പിളരുകയും ചെയ്യുമായിരുന്നു എന്ന് ക്വുർആനും (സൂറഃ അൽഹശ്ർ 22) വ്യക്തമാക്കിയിട്ടുണ്ട്. ഈ ഭാരം സ്വീകരിക്കുവാൻ പര്യാപ്തമാകും വിധത്തിൽ അവിടുത്തെ സജ്ജമാക്കിയതാകാം ജിബ്‌രീലിؑന്റെ ശക്തമായ പിടുത്തവും വിടലും എല്ലാം. അല്ലാഹുവാണ് ഏറ്റവും അറിവുള്ളവൻ.

മലക്ക് ഓതിക്കൊടുത്തത് പോലെ അവിടുന്നും ഉരുവിട്ടു. ആ വചനങ്ങൾ അവിടുത്തെ ഹൃദയത്തിലേക്ക് പ്രവേശിച്ചു. പെട്ടെന്ന് തന്റെ അടുത്തു വന്ന മലക്കിനെ കാണാതാകുകയും ചെയ്തു. നബിﷺ അങ്ങേയറ്റം പേടിച്ചു. ഹിറാഅ് ഗുഹയിൽനിന്ന് ഇറങ്ങി. പ്രിയ സഖി ഖദീജഃؓയുടെ അടുത്തേക്ക് ധൃതിപ്പെട്ട് മടങ്ങി. അവിടുന്ന് പേടിച്ച് വിറക്കുന്നുണ്ടായിരുന്നു. എന്നെ പുതപ്പിക്കൂ എന്ന് ഭാര്യയോട് പറഞ്ഞപ്പോൾ അവർ തന്റെ സ്നേഹനിധിയെ നന്നായി പുതപ്പിച്ചു. ബുദ്ധിമതിയായ ഖദീജؓ അവിടുത്തോട് മറ്റൊന്നും ചോദിക്കുകയോ അന്വേഷിക്കുകയോ ചെയ്തില്ല. കാരണം, പേടിച്ച് വന്നതാണല്ലോ. ആദ്യം അവിടുന്ന് ആവശ്യപ്പെട്ടത് നിവൃത്തിച്ചുകൊടുത്തു. പിന്നീട് പേടി അൽപാൽപമായി നീങ്ങി. അപ്പോൾ ഖദീജؓ കാര്യം തിരക്കി. നബിﷺ നടന്നതെല്ലാം വിവരിച്ചുകൊടുത്തു. നബിﷺയുടെ സംഭവ വിവരണം കേട്ടപ്പോൾ ഖദീജؓ അദ്ദേഹത്തെ ആശ്വസിപ്പിച്ചു.

ശേഷം, ഖദീജؓയുടെ ബന്ധുവായ, മുൻവേദഗ്രന്ഥങ്ങളിൽ അവഗാഹമുള്ള വറക്വതുബ്നു നൗഫലിന്റെ അടുത്തേക്ക് നബിﷺയെ കൊണ്ടുപോയി. കാര്യങ്ങളെല്ലാം നബിﷺ വിവരിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇത് മൂസായുടെ അടുക്കൽ ഇറങ്ങിയ അതേ ആളാണ്. അങ്ങയെ അല്ലാഹു അതേ പദവിയിലേക്ക് ഉയർത്തിയിരിക്കുകയാണ്. താങ്കൾക്ക് ലഭിച്ചിട്ടുള്ള ഈ കാര്യങ്ങൾ ആർക്കെല്ലാം വന്നിട്ടുണ്ടോ, അവരെല്ലാം ദ്രോഹിക്കപ്പെട്ടിട്ടുണ്ട്. നിന്റെ സമൂഹം നിന്നെ നാട്ടിൽനിന്ന് പുറത്താക്കുന്ന സമയത്ത് ഞാനൊരു ആരോഗ്യമുള്ള യുവാവായിരുന്നെങ്കിൽ എന്ന് ഞാൻ കൊതിക്കുന്നു.' ഇത് കേട്ടപ്പോൾ അവിടുന്ന് അമ്പരന്നു. അൽഅമീൻ എന്ന് എന്നെ വിളിക്കുന്ന എന്റെ നാട്ടുകാർ പുറത്താക്കുമെന്നോ? വറക്വത് പറഞ്ഞു: 'അതെ. ഇങ്ങനെ വന്നവരെല്ലാം ദ്രോഹിക്കപ്പെടുകയോ ശത്രുക്കളാക്കപ്പെടുകയോ ചെയ്യാതിരുന്നിട്ടില്ല. അന്ന് ഞാൻ ജീവിച്ചിരിപ്പുണ്ടെങ്കിൽ നിന്നെ ഞാൻ ശക്തമായി സഹായിക്കുന്നതാണ്.' അധികകാലം കഴിയും മുമ്പ് വറക്വത് മരണപ്പെട്ടു.

ഈ വഹ്‌യിന് ശേഷം പിന്നീട് കുറച്ചുനാളത്തേക്ക് വഹ്‌യ് നിലച്ചു. അത് നബിﷺക്ക് ദുഃഖമുണ്ടാക്കി. എങ്കിലും പിന്നീട് വഹ്‌യിന് തുടർച്ച ഉണ്ടാകുകയും ചെയ്തു.

പലരും പുണ്യഭൂമി (മക്ക) സന്ദർശിക്കുമ്പോൾ പാടുപെട്ട് ഹിറാഅ് ഗുഹ സന്ദർശിക്കുന്നതായി കാണാം. പലരും ആ സ്ഥലത്തിന് പ്രത്യേക പുണ്യം കണക്കാക്കുന്നവരുമാണ്. അത് സന്ദർശിക്കുന്നതിലോ അതിൽവച്ച് ആരാധനകൾ നിർവഹിക്കുന്നതിലോ പ്രത്യേകമായ യാതൊരു പുണ്യവുമില്ല. നബിﷺ ഹിജ്‌റക്കുമുമ്പ് പത്ത് വർഷത്തിലേറെ മക്കയിൽ ഉണ്ടായിട്ടും ഹിറാഅ് ഗുഹയിലേക്ക് ഒരു പുണ്യയാത്രപോയിട്ടില്ല. മക്കാവിജയ ദിവസമോ അതിനുശേഷമോ അപ്രകാരം അവിടുന്ന് ചെയ്യുകയോ അതിന് നിർദേശം നൽകുകയോ ചെയ്തിട്ടില്ല. അതുകൊണ്ട് തന്നെ ഹിറാഅ് ഗുഹ സന്ദർശിക്കുന്നതിലോ അതിൽ ഇബാദത്ത് നിർവഹിക്കുന്നതിലോ പ്രത്യേകമായ യാതൊരു പുണ്യവുമില്ല എന്നതും ഒരു ചരിത്ര സ്ഥലം എന്ന നിലയ്ക്ക് ആരെങ്കിലും സന്ദർശിക്കുന്നുവെങ്കിൽ അതിൽ വിരോധവുമില്ല എന്നതും മനസ്സിലാക്കുക.

അപരിചിതനായ ഒരാളു(ജിബ്‌രീലു)മായുള്ള ആ സംഗമം പ്രവാചകനിൽ അങ്ങേയറ്റത്തെ ഭീതിയുണ്ടാക്കി എന്നത്, നബിﷺ പ്രവാചകത്വം പ്രതീക്ഷിച്ചിരുന്നില്ല എന്ന കാര്യം വ്യക്തമാക്കുന്നുണ്ട്. സമൂഹത്തിൽനിന്ന് മാറി ഹിറാഅ് ഗുഹയിൽ ഏകാന്തവാസം സ്വീകരിച്ചത് സമൂഹത്തെ നേരിന്റെ വഴിയിൽ നടത്താൻ ഒരു വെളിച്ചം അന്വേഷിച്ചതായിരുന്നു എന്നും അതിനായുള്ള ഒരു ആത്മീയ തയ്യാറെടുപ്പ് നടത്തുകയായിരുന്നു അവിടുന്ന് ചെയ്തിരുന്നത് എന്നും, തേടിയ വള്ളി കാലിൽചുറ്റി എന്ന് പറയുന്നതുപോലെ നബിﷺ ആഗ്രഹിച്ചത് നടന്നു എന്നുമെല്ലാം ചിലർ പറയാറുണ്ട്. എന്നാൽ നബി തിരുമേനിﷺ ഒരിക്കലും ഒരു പ്രവാചകത്വത്തെയോ തനിക്ക് വേദഗ്രന്ഥം ഇറക്കപ്പെടുന്നതിനെ പറ്റിയോ പ്രതീക്ഷിച്ചിരുന്നില്ല എന്നതാണ് ക്വുർആൻ നമുക്ക് മുമ്പിൽ വ്യക്തമാക്കുന്നത്.

"നിനക്ക് വേദഗ്രന്ഥം നൽകപ്പെടണമെന്ന് നീ ആഗ്രഹിച്ചിരുന്നില്ല. പക്ഷേ, നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള കാരുണ്യത്താൽ (അതു ലഭിച്ചു)" (സൂറഃ അൽക്വസ്വസ്വ് 86).

"അപ്രകാരം തന്നെ നിനക്ക് നാം നമ്മുടെ കൽപനയാൽ ഒരു ചൈതന്യവത്തായ സന്ദേശം ബോധനം ചെയ്തിരിക്കുന്നു. വേദഗ്രന്ഥമോ സത്യവിശ്വാസമോ എന്തെന്ന്നിനക്കറിയുമായിരുന്നില്ല. പക്ഷേ, നാം അതിനെ ഒരു പ്രകാശമാക്കിയിരിക്കുന്നു. അതുമുഖേന നമ്മുടെ ദാസൻമാരിൽനിന്ന് നാം ഉദ്ദേശിക്കുന്നവർക്ക് നാം വഴികാണിക്കുന്നു. തീർച്ചയായും നീ നേരായ പാതയിലേക്കാകുന്നു മാർഗദർശനം നൽകുന്നത്. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും ഏതൊരുവന്നുള്ളതാണോ ആ അല്ലാഹുവിന്റെ പാതയിലേക്ക്. ശ്രദ്ധിക്കുക; അല്ലാഹുവിലേക്കാകുന്നു കാര്യങ്ങൾ ചെന്നെത്തുന്നത്" (സൂറഃ അശ്ശൂറാ 52,53).

പ്രവാചകന്മാർക്ക് പ്രവാചകത്വം നൽകപ്പെടുന്നത് അവർ ആഗ്രഹിച്ചതുകൊണ്ടോ അതിനുവേണ്ടി അധ്വാനിച്ചതിനാലോ അല്ല. ഇനി, ആരെങ്കിലും ആഗ്രഹിക്കുകയോ അതിനുവേണ്ടി അധ്വാനിക്കുകയോ ചെയ്താലും നുബുവ്വത്ത് എന്ന ആ ഉന്നത പദവി ലഭിക്കപ്പെടാനും പോകുന്നില്ല. അല്ലാഹുവിന്റെ അനുഗ്രഹമാകുന്ന ആ പദവി അവൻ ഉദ്ദേശിക്കുന്നവർക്ക് നൽകുകയാണ് ചെയ്യാറ്. നുബുവ്വത്ത്, രിസാലത്ത് തുടങ്ങിയ രണ്ട് സ്ഥാനവും 'വഹബിയ്യ്' ആണ്; 'കസബിയ്യ്' അല്ല. അഥവാ, അല്ലാഹു അവനുദ്ദേശിക്കുന്നവർക്ക് നൽകുന്നതാണ്, സ്വപ്രയത്നത്താൽ നൽകപ്പെടുന്നതല്ല. അതിനാൽ മുഹമ്മദ് നബിﷺ ഒരിക്കൽ പോലും പ്രവാചകത്വം കൊതിക്കുകയോ അതിനുവേണ്ടി സ്വയം തയ്യാറാവുകയോ ചെയ്തിരുന്നില്ല എന്നും, എല്ലാ നബിമാർക്കും അല്ലാഹു അനുഗ്രഹമായി നൽകിയതുപോലെ മുഹമ്മദ് നബിﷺയെ അതിനായി തെരഞ്ഞെടുക്കുകയാണ് ചെയ്തത് എന്നും നാം മനസ്സിലാക്കേണ്ടതുണ്ട്. അതുകൊണ്ട് തന്നെ ഒരു പ്രവാചകനും താൻ നബിയാകാൻ പോകുന്ന ആളാണെന്ന് നേരത്തെ അറിയാൻ സാധിക്കുമായിരുന്നില്ല.

നബിﷺ നേരത്തെ പ്രവാചകത്വം ആഗ്രഹിച്ചിരുന്നുവെങ്കിൽ ജിബ്‌രീൽ(അ) തന്റെ മുന്നിൽ വന്നപ്പോൾ പേടിക്കേണ്ടിയിരുന്നില്ലല്ലോ. ഞാൻ പ്രതീക്ഷിച്ചത് നടക്കാൻ പോകുന്നു എന്ന് സന്തോഷിക്കുകയല്ലേ വേണ്ടിയിരുന്നത്? തന്റെ മോഹം പൂവണിയാൻ പോകുന്നു എന്നായിരുന്നില്ലേ വിചാരിക്കേണ്ടിയിരുന്നത്? സന്തോഷിക്കുകയല്ലേ ചെയ്യേണ്ടിയിരുന്നത്? എന്നാൽ വളരെയധികം ഭയപ്പെടുകയാണുണ്ടായത് എന്ന് ബുഖാരിയിൽ വന്ന ഹദീഥിൽനിന്നും നാം കണ്ടു. മുഹമ്മദ് നബിﷺക്ക് നിനച്ചിരിക്കാതെ തന്നെ ലഭിച്ച മഹത്തായ സൗഭാഗ്യമായിരുന്നു പ്രവാചകത്വം എന്നതിനാണ് പ്രമാണങ്ങൾ പിൻബലം നൽകുന്നത്. **(തുടരും)**







ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



# മാതൃകയാവുക

കാരുണ്യത്തിന്റെ കടലാണ് പടച്ചോൻ
കാര്യങ്ങൾ മർത്യാ നന്നായി ഗ്രഹിച്ചോ
കുറ്റങ്ങൾ ചെയ്യാത്തോനായി ജീവിച്ചോ
കുറ്റം ചെയ്താലുടൻ നീ മാപ്പു ചോദിച്ചോ

തിന്മയുടെ കൂരിരുൾ പരന്ന ലോകമാം
നന്മ തൻ വെളിച്ചമേകൂ എന്ന് തേടിടാം
ഉള്ളിലായ് വേണമുൺമ എന്നുമോർത്തിടാം
കള്ളവും ചതി മനസ്സിൽനിന്നുമകറ്റാം

ഇച്ഛയെ നീ പിന്തുടർന്നാൽ പാപിയായിടും
മ്ലേഛനായി മാറി നാട്ടിലാകെയോടിടും
തുച്ഛമാണീ ആയുസ്സെന്ന കാര്യമോർത്തിടൂ
മെച്ചമുള്ള കർമമിവിടെ ബാക്കിയാക്കിടൂ

അഹന്തവിട്ട് വിനയമുള്ള മർത്യനായിടാം
ഇഹപരത്തിൻ നന്മ നേടി വിജയിയായിടാം
സഹനശീലം ജീവിതത്തിൻ ഭാഗമാക്കിടാം
സഹജരുടെ വേദനയിൽ പങ്കുചേർന്നിടാം

സത്യദീനിനുത്തമമാം മാർഗെ നീങ്ങിടാം
സത്യസന്ധരായി വാണു മരണം പുൽകിടാം
മുത്ത് റസൂലിന്റെ മാർഗം നാം തുടർന്നിടാം
നിത്യജീവിതത്തിലത് നാം പകർത്തിടാം.

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 JANUARY 23

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 9207525244

## പുതിയ പുസ്തകങ്ങൾ

| | | |
|---|---|---|
| 1. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി | ₹ 180 |
| 2. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ | ₹ 40 |
| 3. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി | ₹ 150 |
| 4. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി | ₹ 100 |
| 5. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി | ₹ 60 |
| 6. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ | ₹ 65 |
| 7. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി | ₹ 75 |
| 8. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് | ₹ 50 |
| 9. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി | ₹ 100 |
| 10. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി | ₹ 200 |
| 11. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി | ₹ 250 |
| 12. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി | ₹ 170 |

